33rd Year of Service 2025

NOT OUR MERIT BUT HIS GRACE · KERALA EXPRESS

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

September 29, 2025 Vol. XXXIII No. 40

3 കപ്പ് ഏറ്റുവാങ്ങാതെ ഇന്ത്യൻ ടീം

4 രാജ്ഭവനിലെ ചടങ്ങിൽ ഗവർണർക്കൊപ്പം മുഖ്യമന്ത്രി

9 നൈനയുടെ അഞ്ചാമത് കോൺഫറൻസ് വിജയമായി

12 മിഗ് 21 യുദ്ധവിമാനങ്ങൾ വിടവാങ്ങി

17 നിമ്മി റോസ് ദാസിന് 'ഫിലാഡൽഫിയ അവാർഡ്'




# കരൂർ ദുരന്തത്തിൽ സ്വതന്ത്ര അന്വേഷണം വേണമെന്ന് ടിവികെ; മരണം 41 ആയി

കരൂർ: തമിഴ്നാട്ടിലെ കരൂരിൽ നടനും രാഷ്ട്രീയനേതാവുമായ വിജയ്യുടെ നേതൃത്വത്തിൽ നടന്ന റാലിയിലുണ്ടായ തിക്കിലും തിരക്കിലും മരിച്ചവരുടെ സംഖ്യ 41 ആയി. അറുപതിലധികം പേർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. ഇതിൽ രണ്ടുപേരുടെ നില ഗുരുതരമാണെന്ന് അധികൃതർ അറിയിച്ചു. കണ്ണീർക്കടലായ കരൂർ ഇപ്പോഴും ദുരന്തത്തിന്റെ നടുക്കത്തിലാണ്.

മരണസംഖ്യ ഉയർന്നതോടെ സിബിഐ അല്ലെങ്കിൽ സ്വതന്ത്ര അന്വേഷണം ആവശ്യപ്പെട്ട് വിജയ് നയിക്കുന്ന തമിഴക വെട്രി കഴകം (ടിവികെ) മദ്രാസ് ഹൈക്കോടതി മധുര ബെഞ്ചിനെ സമീപിച്ചു. സംഭവത്തിനു തൊട്ടുമുമ്പ് കല്ലേറുണ്ടായെന്നും ഇടയ്ക്ക് വൈദ്യുതി നിലച്ചെന്നും ടിവികെ ആരോപിച്ചിട്ടുണ്ട്. അതേസമയം, സെപ്റ്റംബർ 27-ന് ശനിയാഴ്ചയുണ്ടായ ദുരന്തം അന്വേഷിച്ച് ഉത്തരവാദികളെ കണ്ടെത്തുന്നതുവരെ വിജയ്യുടെ റാലികൾ നിരോധിക്കണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ ഹർജി നൽകിയിട്ടുണ്ട്.



തമിഴ്നാട്ടിലെ കരൂരിൽ ടിവികെ സംഘടിപ്പിച്ച റാലിക്കിടെയുണ്ടായ ദുരന്തത്തിൽ മരിച്ചയാളുടെ മൃതദേഹത്തിനരികെ വിലപിക്കുന്ന ബന്ധുക്കൾ.

കരൂരിൽ പരുക്കേറ്റ സെന്തിൽ കണ്ണൻ എന്നയാളാണ് ഹർജി നല്കിയത്. പൊതുസുരക്ഷ അപകടത്തിലാകുമ്പോൾ ജീവിക്കാനുള്ള അവകാശത്തിന്, സംഘം ചേരാനുള്ള അവകാശത്തേക്കാൾ മുൻഗണന നല്കണമെന്നും സെന്തിൽ കണ്ണൻ ആവശ്യപ്പെടുന്നു.

അതേസമയം, 41 പേരുടെ മരണത്തിനിടയാക്കിയ സംഭവത്തിൽ അഗാധമായ ദുഃഖം പ്രകടിപ്പിച്ച വിജയ്, മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് 20 ലക്ഷം രൂപയും പരുക്കേറ്റവർക്ക് രണ്ടു ലക്ഷം രൂപയും നഷ്ടപരിഹാരം പ്രഖ്യാപിച്ചു. അനാസ്ഥ ഉൾപ്പെടെയുള്ള വകുപ്പുകൾ പ്രകാരം കരൂർ പോലീസ് ടിവികെ ഭാരവാഹികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഫോറൻസിക് വിദഗ്ധരും അന്വേഷണം തുടങ്ങി.

(ശേഷം 34-ാം പേജിൽ)

# പാക് അധീന കശ്മീരിൽ വൻ പ്രക്ഷോഭം

ഇസ്ലാമാബാദ്: പാക്കിസ്ഥാനിലെ ഷെഹ്ബാസ് ഷരീഫ് സർക്കാരിനെതിരെ പാക് അധിനിവേശ കശ്മീരിൽ വൻ പ്രക്ഷോഭം. സമീപ കാലത്തെ ചരിത്രത്തിൽ ഏറ്റവും വലിയ പ്രതിഷേധങ്ങളിലൊന്നിനാണ് അവാമി ആക്ഷൻ കമ്മിറ്റി (എഎസി) നേതൃത്വം നൽകുന്നത്. പ്രതിഷേധങ്ങൾ തടയാൻ സർക്കാർ വൻതോതിൽ സുരക്ഷാ സേനയെ വിന്യസിച്ചു. ഇന്റർനെറ്റ് വിച്ഛേദിച്ചു.


പതിറ്റാണ്ടുകളായുള്ള രാഷ്ട്രീയ ഒറ്റപ്പെടുത്തലുകളും സാമ്പത്തിക അവഗണനയും ചൂണ്ടിക്കാട്ടിയാണ് അവാമി ആക്ഷൻ കമ്മിറ്റി ആയിരക്കണക്കിന് ആളുകളെ അണിനിരത്തി പ്രക്ഷോഭം നടത്തുന്നത്. പാകിസ്ഥാനിൽ താമസിക്കുന്ന കശ്മീരി അഭയാർത്ഥികൾക്കായി പാക്ക് അധിനിവേശ കശ്മീരിലെ നിയമസഭയിൽ നീക്കിവെച്ചിട്ടുള്ള 12 സീറ്റുകൾ നിർത്തലാക്കണമെന്ന് പ്രക്ഷോഭകാരികൾ ആവശ്യപ്പെടുന്നു. ഇത് പ്രാദേശിക ഭരണത്തെ ദുർബലപ്പെടുത്തുന്നുവെന്നാണ് അവരുടെ വാദം. സബ്സിഡി നിരക്കിലുള്ള ധാന്യം, ന്യായമായ വൈദ്യുതിനിരക്ക്, സർക്കാർ വാഗ്ദാനം ചെയ്ത പരിഷ്കാരങ്ങൾ നടപ്പിലാക്കുക എന്നിവയാണ് മറ്റ് പ്രധാന ആവശ്യങ്ങൾ. ചർച്ചകൾ പരാജയപ്പെട്ടതോടെയാണ് പ്രക്ഷോഭം ശക്തിപ്പെട്ടത്.

(ശേഷം 34-ാം പേജിൽ)










# YOUTH PASTORAL VACANCY

## Bethel Pentecostal Assembly, Bay Area, California

Indian Pentecostal Church seeking a full-time Youth Pastor with a calling and passion to shepherd, teach, mentor and guide the children and youth of a growing Church in the Bay area based on Biblical principles that are culturally relevant. If you are an ordained, married, pentecostal Pastor under 45 yrs of age with a formal theological education who grew up in the US, have previous experience of working with the younger generation and lead by the Holy Spirit to take on this responsibility and legally eligible to work in the US, please contact us in writing at bethelpentecostalca@gmail.com with three references before Sept 12, 2025.

# ശബരിമലയിലെ സ്വർണപീഠം കണ്ടെത്തി; ഗൂഢാലോചനയെന്ന് ദേവസ്വം ബോർഡ്

തിരുവനന്തപുരം: ശബരിമലയിലെ കാണാതായ ദ്വാരപാലക ശിൽപ പീഠം കണ്ടെത്തുമ്പോൾ ഉയരുന്നത് ദുരൂഹത. പീഠം കാണാതായെന്ന് ആരോപണമുന്നയിച്ചയാളുടെ ബന്ധുവിന്റെ വീട്ടിൽനിന്നാണ് ദേവസ്വം വിജിലൻസ് പീഠം കണ്ടെത്തിയത്. പീഠം തിരുവനന്തപുരത്തെ സ്ട്രോങ് റൂമിലേക്ക് വിജിലൻസ് മാറ്റി.

ആരോപണങ്ങൾക്ക് പിന്നാലെ ഹൈക്കോടതി പീഠങ്ങൾ കണ്ടെത്തണമെന്ന നിർദേശം നൽകിയിരുന്നു. ഇതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് വിജിലൻസിനെ നിയോഗിരുവിലെ വീട്ടിലുമാണ് അന്വേഷണസംഘം പരിശോധന നടത്തിയത്.


2019-ൽ ഉണ്ണികൃഷ്ണൻ പോറ്റിയുടെ സ്പോൺസർഷിപ്പിൽ ചെന്നൈയിലെ സ്മാർട്ട് ക്രിയേഷൻസിലാണ് ചെമ്പുപാളികൾക്ക് സ്വർണംപൂശിയിരുന്നത്. അന്ന് ദ്വാരപാലക ശിൽപങ്ങൾക്ക് പീഠംകൂടി നിർമിച്ചു നൽകാനും തീരുമാനിച്ചു. ചെന്നൈയിലെ സ്ഥാപനം പീഠം നിർമിക്കുകയും ചെയ്തു. മൂന്നു പവൻ സ്വർണമാണു ഉപയോഗിച്ചത്. മറ്റുലോഹങ്ങളും കൂടിചേരുന്നതായിരുന്നു ഈ പീഠം. (ശേഷം 34-ാം പേജിൽ)



ശബരിമലയിൽ ദ്വാരപാലക ശിൽപം സ്പോൺസർ ചെയ്ത ഉണ്ണികൃഷ്ണൻ പോറ്റിയാണു ശിൽപത്തിന്റെ സ്വർണപീഠം കാണാതായെന്നു പരാതി നൽകിയത്. ശബരിമല ദ്വാരപാലക ശിൽപങ്ങൾക്ക് സ്വർണപീഠം കൂടി നിർമിച്ച് നൽകിയിരുന്നതായും ഇവ കാണാതായെന്നുമാണ് ഉണ്ണികൃഷ്ണൻ പോറ്റി ആരോപിച്ചത്. എന്നാൽ ഈ പീഠം വെഞ്ഞാറമൂട്ടിൽ സ്പോൺസറുടെ സഹോദരിയുടെ വീട്ടിൽനിന്നും കണ്ടെത്തി. രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് പരിശോധന നടച്ചു. വിജിലൻസ് സംഘം ദേവസ്വം ബോർഡിന്റെ എല്ലാ സ്ട്രോങ് റൂമുകളും പരിശോധിച്ചിരുന്നു. എന്നാൽ ആരോപണമുന്നയിച്ച സ്പോൺസർ ഉണ്ണികൃഷ്ണൻ പോറ്റിയുടെ ബന്ധുവീട്ടിൽനിന്നുതന്നെ ഈ പീഠങ്ങൾ കണ്ടെത്തുകയായിരുന്നു. ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ റിപ്പോർട്ട് നൽകും. ഹൈക്കോടതി നിലപാട് നിർണായകമാകും. ഉണ്ണികൃഷ്ണൻ പോറ്റിയെ വിജിലൻസ് ചോദ്യംചെയ്തിരുന്നു. വീട്ടിലും പരിശോധന നടത്തി. തിരുവനന്തപുരത്തെ വീട്ടിലും ബംഗളൂ

# ലഡാക് പ്രക്ഷോഭം: വാങ് ചുക് അറസ്റ്റിലായി

ന്യൂഡൽഹി: ലഡാക്കിന് സംസ്ഥാന പദവി ആവശ്യപ്പെട്ടുള്ള പ്രക്ഷോഭത്തിന്റെ നേതാവ് സോനം വാങ് ചുക് അറസ്റ്റിൽ. പ്രകോപനപരമായ പ്രസംഗത്തിലൂടെ ആളുകളെ അക്രമത്തിലേക്ക് പ്രേരിപ്പിച്ചെന്ന കുറ്റത്തിന് ദേശീയ സുരക്ഷാനിയമപ്രകാരമാണ് അറസ്റ്റ്.



ലഡാക്കിനു സംസ്ഥാന പദവി ആവശ്യപ്പെടുന്നതിന്റെ പേരിൽ ഏതു സമയത്തും അറസ്റ്റിലാകാൻ സന്തോഷമേയുള്ളുവെന്ന് വാങ്ചുക് പ്രതികരിച്ചിരുന്നു.

ദീർഘകാലം ജാമ്യമില്ലാതെ തടവിലിടാൻ വ്യവസ്ഥയുള്ളതാണ് ദേശീയ സുരക്ഷാനിയമം. അറസ്റ്റിലായ വാങ് ചുകിനെ ലഡാക്കിനു പുറത്തുള്ള അജ്ഞാതകേന്ദ്രത്തിലേക്കു മാറ്റി. അറസ്റ്റിന്റെ പശ്ചാത്തലത്തിൽ തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കപ്പെടാതിരിക്കാൻ ലഡാക്കിൽ ഇന്റർനെറ്റ് നിരോധനം ഏർപ്പെടുത്തി.

വിദേശ സംഭാവന നിയന്ത്രണച്ചട്ടം ലംഘിച്ചതിന്റെ പേരിൽ വാങ് ചുകിന്റെ സംഘടനയായ സ്റ്റുഡന്റ്സ് എഡ്യൂക്കേഷണൽ ആൻഡ് കൾച്ചറൽ മൂവ്മെന്റ് ഓഫ് ലഡാക്കിന്റെ രജിസ്ട്രേഷൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം റദ്ദാക്കിയിരുന്നു.

2018-ലെ രമൺ മഗ്സസെ പുരസ്കാര ജേതാവ് കൂടിയാണ് സാമൂഹിക പ്രവർത്തകനായ വാങ് ചുക്. നാലു പേരുടെ മരണത്തിനിടയാക്കിയ ലഡാക്ക് പ്രക്ഷോഭത്തിന്റെ മുഖ്യസൂത്രധാരൻ വാങ് ചുകാണെന്ന് കേന്ദ്രസർക്കാർ ആരോപിക്കുന്നു. തന്റെ സംഘടന വിദേശസംഭാവന സ്വീകരിക്കുന്നില്ലെന്നും എന്നാൽ, ഐക്യരാഷ്ട്ര സംഘടന, സ്വിസ്, ഇറ്റാലിയൻ സംഘടനകൾ എന്നിവയുമായി നികുതിയടച്ചുള്ള ഇടപാടുകളുണ്ടെന്നും വാങ് ചുക് പറഞ്ഞു.

ലഡാക്കിനു സംസ്ഥാന പദവി ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രക്ഷോഭത്തിനും കലാപത്തിനും പിന്നിൽ വിദേശകരങ്ങളും പ്രാദേശിക നിക്ഷിപ്ത താല്പര്യങ്ങളുമുണ്ടെന്നാണ് കേന്ദ്രനിലപാട്. ബുദ്ധമതക്കാർക്കു ഭൂരിപക്ഷമുള്ള ലേയും മുസ്‌ലിം ഭൂരിപക്ഷമുള്ള കാർഗിലും ഉൾപ്പെടുന്നതാണ് ലഡാക്ക് കേന്ദ്രഭരണപ്രദേശം.

# യു.എസ്. പൗരനെ താലിബാൻ ഭരണകൂടം വിട്ടയച്ചു

കാബൂൾ: ഒരു വർഷത്തോളമായി അഫ്ഗാനിസ്ഥാനിലെ ജയിലിൽ കഴിഞ്ഞിരുന്ന യുഎസ് പൗരനെ താലിബാൻ ഭരണകൂടം വിട്ടയച്ചു. യുഎസ് പ്രതിനിധി സംഘത്തിന്റെ സന്ദർശനത്തിനു പിന്നാലെയാണിതെന്ന് യുഎസ് സർക്കാർ അറിയിച്ചു. 2024 ഡിസംബർ മുതൽ അഫ്ഗാനിസ്ഥാനിൽ തടങ്കലിൽ കഴിയുകയായിരുന്നു അമീർ അമീരി. ഖത്തറിന്റെ മധ്യസ്ഥാ ശ്രമത്തിന്റെ ഭാഗമായാണ് മോചനം സാധ്യമായതെന്ന് ഔദ്യോഗിക വൃത്തങ്ങൾ പറഞ്ഞു.

ബഗ്രാം വ്യോമതാവളത്തിന്റെ നിയന്ത്രണം യുഎസിന് തിരികെ നല്കണമെന്ന് പ്രസിഡണ്ട് ഡോണൾഡ് ട്രംപ് താലിബാനോട് ആവശ്യപ്പെട്ടിരുന്നു. ഇതോടെ താലിബാൻ യുഎസിന് കടുത്ത മുന്നറിയിപ്പ് നല്കിയിരുന്നു. ഇതിനു പിന്നാലെയാണ് യുഎസ് പ്രതിനിധി ബോഹ്‌ലർ അഫ്ഗാനിസ്ഥാൻ സന്ദർശിച്ചത്. ഖത്തറിന്റെ മധ്യസ്ഥയിൽ ഈ വർഷം താലിബാൻ മോചിപ്പിക്കുന്ന അഞ്ചാമത്തെ യുഎസ് പൗരനാണ് അമീരി. സെപ്റ്റംബറിൽ ഒരു ബ്രിട്ടീഷ് ദമ്പതികളെയും താലിബാൻ വിട്ടയച്ചിരുന്നു.

### കപ്പ് ഏറ്റുവാങ്ങാതെ ഇന്ത്യൻ ടീം

# ഏഷ്യാ കപ്പിൽ ഇന്ത്യയുടെ ഒൻപതാം കിരീടവിജയം

ദുബായ്: ഏഷ്യാ കപ്പ് ട്വന്റി20 ക്രിക്കറ്റ് ഫൈനലിൽ പാകിസ്ഥാനെതിരെ ഇന്ത്യയ്ക്ക് അഞ്ച് വിക്കറ്റ് വിജയം. മുൻനിര ബാറ്റർമാർ പരാജയപ്പെട്ടപ്പോൾ മധ്യനിരയിൽ ഇന്ത്യൻ ഇന്നിങ്സിനു കരുത്തു പകർന്ന തിലക് വർമയുടെ അർധസെഞ്ചറിയാണ് (53 പന്തിൽ 69 റൺസ് നോട്ടൗട്ട്) ഇന്ത്യയ്ക്കു ജയമൊരുക്കിയത്. തിലകാണ് പ്ലെയർ ഓഫ് ദ് മാച്ച്. സ്കോർ: പാകിസ്ഥാൻ-19.1 ഓവറിൽ 146; ഇന്ത്യ-19.4 ഓവറിൽ അഞ്ചിന് 150.

ഇത്തവണത്തെ ഏഷ്യാ കപ്പിൽ പാകിസ്ഥാനെതിരെ ഇന്ത്യയുടെ മൂന്നാം വിജയമാണിത്. ഗ്രൂപ്പ് റൗണ്ടിലും സൂപ്പർ ഫോർ റൗണ്ടിലും പാകിസ്ഥാനെതിരെ ഇന്ത്യ അനായാസ വിജയം നേടിയിരുന്നു. ഏഷ്യാ കപ്പിൽ നിലവിലെ ചാംപ്യന്മാരായ ഇന്ത്യയുടെ ഒൻപതാം കിരീടവിജയമാണിത്.

നേരത്തേ, ടോസ് നഷ്ടപ്പെട്ടു ബാറ്റിങ്ങിന് ഇറങ്ങിയ പാകിസ്ഥാന് ഓപ്പണർ സാഹിബ്സാദാ ഫർഹാനും (38 പന്തിൽ 57) ഫഖർ സമാനും (35 പന്തിൽ 46) ചേർന്നു നല്ല തുടക്കമാണു നൽകിയത്. 10-ാം ഓവർ വരെ വിക്കറ്റ് നഷ്ടമില്ലാതെ ആഞ്ഞടിച്ചെങ്കിലും പിന്നീടു പാക്ക് ബാറ്റർമാർക്കു താളം നഷ്ടപ്പെട്ടു. സ്പിന്നർമാരായ കുൽദീപ് യാദവും വരുൺ ചക്രവർത്തിയും അക്ഷർപട്ടേലും ചേർന്നാണ് പാകിസ്ഥാൻ സ്കോറിങ്ങിനു വേഗപ്പൂട്ടിട്ടത്. വരുണിന്റെ പന്തിൽ സാഹിബ്സാദാ ഫർഹാനെ തിലക് വർമ ക്യാച്ചെടുത്തു പുറത്താക്കിയതായിരുന്നു ബ്രേക്ക്ത്രൂ. ഒന്നിന് 113 എന്ന നിലയിൽനിന്ന് 33 റൺസ് നേടുന്നതിനിടെ പാകിസ്ഥാനു ശേഷിച്ച ഒൻപത് വിക്കറ്റുകളും നഷ്ടമായി. കുൽദീപ് യാദവ് നാല് ഓവറിൽ 30 റൺസ് വഴങ്ങി നാല് വിക്കറ്റെടുത്തു. അക്ഷർ പട്ടേൽ (26-ന് രണ്ട് വിക്കറ്റ്), വരുൺ ചക്രവർത്തി (30-ന് രണ്ട്), ബുമ്ര (25-ന് രണ്ട്) എന്നിവർ ശേഷിച്ച പാക്ക് വിക്കറ്റുകൾ നേടി. പരുക്കേറ്റ ഹാർദിക് പാണ്ഡ്യയ്ക്കു പകരം റിങ്കു സിങ്ങിനെ ഉൾപ്പെടുത്തിയാണ് ഇന്ത്യ ഇറങ്ങിയത്.



ഏഷ്യാ കപ്പ് ഫൈനലിൽ പാകിസ്ഥാനെ തോൽപ്പിച്ച ടീം ഇന്ത്യയുടെ ആഹ്ലാദപ്രകടനം.

അതിനിടെ, ഒൻപതാം ഏഷ്യാകപ്പ് കിരീടത്തിൽ മുത്തമിട്ട ടീം ഇന്ത്യ ഏഷ്യാ കപ്പ് ഏറ്റുവാങ്ങിയില്ല. ഏഷ്യൻ ക്രിക്കറ്റ് കൗൺസിൽ (എസിസി) പ്രസിഡണ്ട് മൊഹ്സിൻ നഖ്‌വിയിൽനിന്നു കിരീടം വാങ്ങില്ലെന്ന് ഇന്ത്യൻ ടീം വ്യക്തമാക്കി. പാക് ആഭ്യന്തരമന്ത്രിയായ നഖ്‌വി പാകിസ്ഥാൻ ക്രിക്കറ്റ് ബോർഡ് (പിസിബി) പ്രസിഡണ്ട് കൂടിയാണ്.

കിരീടജേതാക്കളായ ടീം ഇന്ത്യയെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. കളിക്കളത്തിലും ഇന്ത്യയുടെ ഓപ്പറേഷൻ സിന്ദൂർ എന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. 'മൈതാനത്ത് ഓപ്പറേഷൻ സിന്ദൂർ. ഫലം ഒന്നു തന്നെ – ഇന്ത്യ വിജയിച്ചു! നമ്മുടെ ക്രിക്കറ്റ് താരങ്ങൾക്ക് അഭിനന്ദനങ്ങൾ' പ്രധാനമന്ത്രി കുറിച്ചു.

# ഉലകം ചുറ്റിയ വനിതാ നാവികർ മൻ കി ബാത്തിൽ

ന്യൂഡൽഹി: പായ് വഞ്ചിയിൽ ലോകം ചുറ്റിയ കോഴിക്കോട് സ്വദേശിനി കെ. ദിൽന, പുതുച്ചേരിയിലെ എ. രൂപ എന്നിവർ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കി ബാത്ത്'-ൽ അതിഥികളായെത്തി. നാവിക സേനാംഗങ്ങളായ ഇരുവരും 8 മാസംകൊണ്ട് 50,000 കിലോമീറ്ററാണ് പായ്ക്കപ്പലിൽ താണ്ടിയത്.




ജീവിതം മാറ്റിമറിക്കുന്ന ഒരവസരം എല്ലാവർക്കും ലഭിക്കുമെന്നും അത്തരത്തിലൊന്നായിരുന്നു സാഗർ പരിക്രമ യാത്രയെന്നും ലഫ്റ്റനന്റ് കമാൻഡറായ ദിൽന പറഞ്ഞു. ധൈര്യവും ദൃഢനിശ്ചയവും എന്താണെന്ന് ഇരുവരും തെളിയിച്ചെന്നു മോദി പറഞ്ഞു.

ശതാബ്ദി ആഘോഷിക്കുന്ന ആർ.എസ്.എസിനെ മൻ കി ബാത്തിൽ മോദി പുകഴ്ത്തി. ഗാന്ധിജയന്തി ദിനത്തിൽ എല്ലാവരും ഒരു ഖാദി ഉല്പന്നമെങ്കിലും വാങ്ങണമെന്നും മോദി ആവശ്യപ്പെട്ടു.

# രാജ്ഭവനിലെ ചടങ്ങിൽ ഗവർണർക്കൊപ്പം മുഖ്യമന്ത്രി

തിരുവനന്തപുരം: രാജ്ഭവന്റെ ഇൻ ഹൗസ് മാഗസിനായ 'രാജഹംസി'ന്റെ ആദ്യ പതിപ്പിലെ ലേഖനത്തോടുള്ള വിയോജിപ്പ് ചടങ്ങിൽ പരസ്യമാക്കി മുഖ്യമന്ത്രി പിണറായി വിജയൻ. സർക്കാർ-ഗവർണർ പോരിനിടെ മാസികയായ രാജഹംസിന്റെ പ്രകാശനം രാജ്ഭവനിൽ നിർവഹിച്ചു പ്രസംഗിക്കുന്നതിനായാണ് മുഖ്യമന്ത്രി ലേഖനത്തോടുള്ള വിയോജിപ്പ് പരസ്യമാക്കിയത്.




രാജ്ഭവന്റെ ഇൻ ഹൗസ് മാഗസിനായ 'രാജഹംസ്' ശശി തരൂർ എംപിക്കു നൽകി മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്യുന്നു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ സമീപം.

ഭരണഘടനയിലെ ആർട്ടിക്കിൾ 200 വ്യാഖ്യാനിച്ചുകൊണ്ടുള്ള ഗവർണറുടെ ലീഗൽ അഡ്വൈസർ അഡ്വ. ശ്രീകുമാറിന്റെ ലേഖനത്തോടാണ് മുഖ്യമന്ത്രി വിമർശനം ഉന്നയിച്ചത്. ലേഖനത്തിൽ ഗവർണറുടെ അധികാരങ്ങൾ, നിയമസഭയുടെ അധികാരങ്ങൾ എന്നിവയെക്കുറിച്ചാണു പ്രതിപാദിച്ചിട്ടുള്ളത്. സർക്കാരിനെ പിന്തുണയ്ക്കുന്നതോ അല്ലാത്തതോ ആയ ലേഖനങ്ങൾ മാസികയിൽ വരാമെന്നും അത്തരം അഭിപ്രായങ്ങൾ ലേഖകന്റേതു മാത്രമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

വിരുദ്ധ അഭിപ്രായങ്ങൾ സർക്കാരിനെ അലോസരപ്പെടുത്തില്ല. ആദ്യപതിപ്പിലെ ലേഖനത്തിൽ ഗവർണറുടെ അധികാരങ്ങളും സർക്കാരിന്റെ അധികാരങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ ലേഖകൻ രേഖപ്പെടുത്തിയിരിക്കുന്നത് സർക്കാരിന്റെ അഭിപ്രായമല്ല. അത് ലേഖകന്റെ വ്യക്തിപരമായ അഭിപ്രായമായിരിക്കാം. അത് രാജ്ഭവന്റെ പേരിൽ വരുന്നു എന്നു കരുതി അത് സർക്കാരിന്റെ അഭിപ്രായമാകില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഗവർണറും മുഖ്യമന്ത്രിയും ശശി തരൂർ എംപിയും ചേർന്നു നിലവിളക്കു കൊളുത്തിയാണ് പ്രകാശനച്ചടങ്ങ് ഉദ്ഘാടനം ചെയ്തത്. മാസിക ശശി തരൂർ എം.പിക്കു നൽകിക്കൊണ്ടാണ് മുഖ്യമന്ത്രി പ്രകാശനം ചെയ്തത്.

ഇന്ത്യയിലെ രാജ്ഭവനുകളുടെ പേര് ലോക്ഭവൻ എന്നു മാറ്റണമെന്നു മാസിക ഏറ്റുവാങ്ങിക്കൊണ്ടു പ്രസംഗിച്ച ശശി തരൂർ എംപി പറഞ്ഞു. രാജ്ഭവൻ ജനങ്ങളുടെ ഭവനമാകണമെന്നും അദ്ദേഹം പറഞ്ഞു. രാജ്ഭവനുകൾ ലോക്ഭവൻ ആകണമെന്ന ശശി തരൂരിന്റെ ആവശ്യം താൻ നേരത്തേ ഉന്നയിച്ചതാണെന്നും രാഷ്ട്രപതിഭവനിൽ 2022 ഗവർണേഴ്സ് കോൺഫറൻസിലാണ് ഇക്കാര്യം ഉന്നയിച്ചതെന്നും ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ പറഞ്ഞു.

ബ്രിട്ടീഷ് കൊളോണിയലിസ്റ്റ് ചിന്തകളെ തച്ചുടച്ച് രാജ്ഭവനുകളെ ലോക്ഭവനുകൾ ആക്കുക എന്നുള്ളതിലേക്കുള്ള ആദ്യ ചുവടുവെപ്പാണ് രാജഹംസ് മാസിക എന്നും ഗവർണർ അഭിപ്രായപ്പെട്ടു. അതേസമയം, മുഖ്യമന്ത്രിയുടെ വിമർശനത്തിനു ഗവർണർ പ്രസംഗത്തിൽ മറുപടി പറഞ്ഞില്ല. നാക് റാങ്കിംഗിൽ മികവ് പുലർത്തിയ കേരള, കുസാറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർമാരെ ചടങ്ങിൽ ഗവർണർ ആദരിച്ചു.

# പോലീസ് സേനയിൽ ആൾ ക്ഷാമമെന്ന് ഡിജിപി

തിരുവനന്തപുരം: സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ ഉദ്യോഗസ്ഥരുടെ ക്ഷാമം രൂക്ഷമാണെന്ന് സംസ്ഥാന പോലീസ് മേധാവി. ആഭ്യന്തര സെക്രട്ടറിയെ അറിയിച്ചിട്ട് ഒരു വർഷമായിട്ടും നടപടിയില്ല. സേനയിൽ നിലവിലെ അംഗസംഖ്യയുടെ 20 ശതമാനം കൂടി വർദ്ധിപ്പിക്കണമെന്ന് ഡിജിപി കണക്കുകൾ സഹിതം നിർദേശിച്ചു. 484 പോലീസ് സ്റ്റേഷനുകളിലായി സിപിഒ മുതൽ എസ്എച്ച്ഒ വരെ 21,482 പേരാണ് ആകെയുള്ളത്. 15,075 പേരെക്കൂടി നിയമിക്കണമെന്ന് 2024 ഓഗസ്റ്റിൽ ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നല്കിയ റിപ്പോർട്ടിൽ പറഞ്ഞിരുന്നു.

ആവശ്യമുള്ള അംഗങ്ങളുടെ എണ്ണത്തിന്റെ 58.76 ശതമാനം മാത്രമേ നിലവിൽ സ്റ്റേഷനുകളിലുള്ളൂ. ഇതുമൂലം ജോലിഭാരം കൂടുതലാണ്. വകുപ്പിന്റെ പ്രവർത്തനത്തെ ഇതു ബാധിക്കുന്നു. സ്റ്റേഷൻ പ്രദേശത്തെ ജനസംഖ്യ, കുറ്റകൃത്യങ്ങളുടെ വർദ്ധന എന്നീ ഘടകങ്ങൾ അടിസ്ഥാനമാക്കിയാണ് റിപ്പോർട്ട് തയ്യാറാക്കിയത്.

മൂന്നു വർഷത്തിനിടെ ആരംഭിച്ച പോലീസ് സ്റ്റേഷനുകളിലും അധിക തസ്തിക ഏർപ്പെടുത്തിയിട്ടില്ല. അംഗബലം ഇല്ലാത്തതിനാൽ സ്റ്റേഷനുകളിലെ ഹെൽപ് ഡെസ്കുകളുടെ പ്രവർത്തനം ബീറ്റ് പോലീസിങ് എന്നിവ കാര്യക്ഷമമാകുന്നില്ലെന്നും റിപ്പോർട്ടിലുണ്ട്.

# വോട്ടറെ അറിയാൻ ഒൻപതക്ക നമ്പർ

തിരുവനന്തപുരം: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ വോട്ടർ പട്ടികയിൽ സംസ്ഥാനത്തെ ഓരോ വോട്ടർക്കും ഒൻപതക്ക തിരിച്ചറിയൽ നമ്പർ നല്കും. പട്ടികയിൽ ഇരട്ടിപ്പുണ്ടെന്ന പരാതി നിലനിൽക്കെ, അതൊഴിവാക്കാൻ സഹായകമാകുമെന്ന പ്രതീക്ഷയിൽക്കൂടിയാണ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ തീരുമാനം. പലതരം നമ്പർ ഒഴിവാക്കാനുമാകും.

കരട് വോട്ടർ പട്ടികയിലുള്ള 2,83,12,468 പേർക്കും പുതിയ തിരിച്ചറിയൽ നമ്പറുണ്ടാകും. ഇനി വോട്ടർ പട്ടികയിൽ പേരു ചേർക്കുന്നവർക്കും ഇതേ രീതിയിൽ സവിശേഷ തിരിച്ചറിയൽ നമ്പർ കിട്ടും. തദ്ദേശ തെരഞ്ഞെടുപ്പിലെ വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട എല്ലാ തുടർകാര്യങ്ങൾക്കും പുതിയ നമ്പർ ഉപയോഗിക്കാമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ പറഞ്ഞു.

ഒക്ടോബർ 14 വരെ ഓൺലൈനായി വോട്ടർ പട്ടികയിൽ പേരു ചേർക്കാം. അന്തിമ വോട്ടർ പട്ടിക ഒക്ടോബർ 25-ന് പ്രസിദ്ധീകരിക്കും.

# യു. എന്നിൽ പാക്കിസ്ഥാനെതിരെ ഇന്ത്യ

യു.എൻ: ഐക്യരാഷ്ട്ര സംഘടന (യുഎൻ) പൊതുസഭയിൽ പാക്കിസ്ഥാന്റെ ഭീകര പശ്ചാത്തലം തുറന്നു കാട്ടി ഇന്ത്യ. ഇന്ത്യയെ കടന്നുകയറ്റക്കാരായും സ്വയം സമാധാനദൂതനായും ചിത്രീകരിച്ച് പാക് പ്രധാനമന്ത്രി ഷെഹബാസ് ഷെറീഫ് നടത്തിയ പ്രസംഗത്തിനു തൊട്ടു പിന്നാലെയാണ് ഇന്ത്യയുടെ വനിതാ നയതന്ത്ര പ്രതിനിധി പെറ്റൽ ഗെലോട്ട് രൂക്ഷമായ ഭാഷയിൽ തിരിച്ചടിച്ചത്.

ഭീകരതയ്ക്കെതിരായ പോരാട്ടത്തിനൊപ്പമാണെന്നു നടിക്കുമ്പോഴും ആഗോള ഭീകരൻ ഒസാമ ബിൻ ലാദനെ പതിറ്റാണ്ടുകാലം സംരക്ഷിച്ച രാജ്യമാണ് പാക്കിസ്ഥാനെന്ന് പെറ്റൽ ഓർമ്മിപ്പിച്ചു.

ദശാബ്ദങ്ങളായി സ്വന്തം മണ്ണിൽ ഭീകര ക്യാമ്പുകൾ പ്രവർത്തിച്ചുവരുന്ന വിവരം അടുത്തിടെ പാക് മന്ത്രിമാർ തന്നെ സമ്മതിച്ചു. പാക്കിസ്ഥാന്റെ ഇരട്ടത്താപ്പിൽ അത്ഭുതമില്ല. ഇപ്പോഴത് പ്രധാനമന്ത്രിതലത്തിൽ എത്തിനിൽക്കുന്നു.

ആയിരം വാക്കുകളേക്കാൾ വാചാലമാണ് ഒരു ചിത്രമെന്ന് ഇന്ത്യയുടെ ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച് പെറ്റൽ ചൂണ്ടിക്കാട്ടി. ബഹവൽപൂരിലും മുരിദ്കെയിലും ഇന്ത്യ തകർത്ത കെട്ടിടങ്ങളിൽ കൊല്ലപ്പെട്ട നിരവധി ഭീകരരുടെ ചിത്രങ്ങൾ ലോകം കണ്ടു. മുതിർന്ന സൈനിക ഉദ്യോഗസ്ഥരും ഭരണാധികാരികളും പരസ്യമായി അവരെ മഹത്വവത്കരിക്കുകയായിരുന്നു.

കഴിഞ്ഞ മെയ് 9 വരെ പാക്കിസ്ഥാൻ ഇന്ത്യയിൽ കൂടുതൽ ഭീകരാക്രമണ ഭീഷണി മുഴക്കുകയായിരുന്നു. എന്നാൽ, മെയ് 10-ന് അവരുടെ സൈന്യം യുദ്ധം അവസാനിപ്പിക്കാൻ കേണപേക്ഷിച്ചു.

നിരവധി പാക് വ്യോമതാവളങ്ങൾ ഇന്ത്യൻ വ്യോമസേന തകർത്തതിനേത്തുടർന്നായിരുന്നു അത്. തകർന്ന റൺവേകളും അഗ്നിക്കിരയായ താവളങ്ങളുമാണ് പാക് പ്രധാനമന്ത്രി അവകാശപ്പെടുന്നതുപോലെ അവരുടെ വിജയമെങ്കിൽ പാക്കിസ്ഥാൻ അത് ആഘോഷിക്കട്ടെ-പെറ്റൽ പരിഹസിച്ചു.

പഹൽഗാമിൽ സാധാരണക്കാർക്കു നേരെ നടന്ന ഭീകരാക്രമണത്തെത്തുടർന്ന് സ്വയം പ്രതിരോധിക്കാനുള്ള അവകാശമാണ് ഓപ്പറേഷൻ സിന്ദൂറിലൂടെ ഇന്ത്യ നടപ്പാക്കിയത്.

ആത്മാർത്ഥമായി സമാധാനം ആഗ്രഹിക്കുന്നുവെങ്കിൽ അതിന് ഒരു വഴിയേയുള്ളൂ. എല്ലാ ഭീകരകേന്ദ്രങ്ങളും അടച്ചുപൂട്ടുക.

ഇന്ത്യ ആവശ്യപ്പെടുന്ന ഭീകരരെ വിട്ടുനല്കുക, വെറുപ്പിലും മതഭ്രാന്തിലും അസഹിഷ്ണുതയിലും കിടന്നുരുളുന്ന പാക്കിസ്ഥാൻ യുഎന്നിൽ വന്ന് വിശ്വാസം പഠിപ്പിക്കുന്നത് വിരോധാഭാസമാണ്. അവർ കണ്ണാടിയിൽ നോക്കണം. പ്രശ്നങ്ങൾക്കെല്ലാം ഉഭയകക്ഷി പരിഹാരമാണ് വേണ്ടതെന്നും അതിൽ മൂന്നാം കക്ഷിക്ക് സ്ഥാനമില്ലെന്നും ഇന്ത്യ അസന്നിഗ്ദ്ധമായി വ്യക്തമാക്കി.

ഭീകരതയെയും അവയെ പ്രോത്സാഹിപ്പിക്കുന്നവരെയും ഇന്ത്യ രണ്ടായി കാണില്ല. ആണവഭീഷണിക്കു വഴങ്ങില്ല. ഭീകരവാദത്തോട് തരിമ്പും വിട്ടുവീഴ്ചയുണ്ടാവില്ലെന്നും ഇന്ത്യ ശക്തമായ ഭാഷയിൽ താക്കീത് നല്കി.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 40
September 29, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്വചനം**

ഒരു മനുഷ്യന്റെ ജീവിതത്തിൽ അവൻ എന്താണോ ചിന്തിക്കുന്നത് അതാണവൻ.

**മാർക്കസ് ഓറേലിയോസ്**

ഒരു വലിയ വില നൽകാതെ ആരും ഒരിക്കലും ഒരു വിജയവും നേടിയിട്ടില്ല.

**റാസ്കിൻ**

MEDICARE PLANS

QUESTIONS ANSWERED

- ZERO PREMIUM PPO PLANS
- PRESCRIPTION DRUG BENEFIT
- DENTAL, VISION & HEARING
- WORLD WIDE COVERAGE
- FREE GYM MEMBERSHIP
- SUPPLEMENT BENEFITS

CONTACT

Raj Surendran, MBA

Senior Medicare Specialist

708-945-3985

www.questwealthgroup.com
rsurendran007@gmail.com





MIDWEST WINDOWS & DOORS






MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com

Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com





LIFE MEMBER Million Dollar Advocates Forum The Top Trial Lawyers In America™

ACCIDENT ATTORNEYS

AV PREEMINENT® Peer Rated for Highest Level of Professional Excellence 2025

LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY

Fee Discounts On Certain Cases For Malayalee Clients

Home Visits Available

CRIFASE LAW FIRM, LTD.

312-855-0511

Free Consultation/Your Call Is Always Welcome
Like A Family Friend





Steve Crifase
Steve@Crifaselaw.com





Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB ACCREDITED BUSINESS A+ Rating Better Business Bureau

കേരളാ എക്സ്പ്രസ്

KERALA EXPRESS

അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക

Weekly Newspaper National Edition From Chicago

## ലഡാക്കിലെ രാഷ്ട്രീയ അരാജകത്വം

കേന്ദ്രഭരണപ്രദേശമെന്ന പദവിയിൽ പ്രതീക്ഷയർപ്പിച്ചിരുന്നവരാണ് ഇപ്പോൾ സംസ്ഥാനപദവി ആവശ്യപ്പെട്ടു സമരത്തിനിറങ്ങിയിരിക്കുന്നത്. ലഡാക്കിലെ നിരാഹാര സമരങ്ങൾ തെരുവുയുദ്ധങ്ങളായി മാറിയതിന്റെ നാൾവഴി പരിശോധിക്കേണ്ടതാണ്. അതിവേഗ മാറ്റങ്ങളുടെ ഡിജിറ്റൽ തലമുറ, കെടുകാര്യസ്ഥതയുടെ ഇഴയുന്ന രാഷ്ട്രീയത്തെ ചോദ്യംചെയ്യുകയാണ്. അക്രമാസക്തമല്ലെങ്കിൽ ജെൻ-സി സമരങ്ങളെ രോഗമായല്ല, വൃദ്ധരാഷ്ട്രീയത്തിനുള്ള മരുന്നായി കണ്ടാൽ മതി.

പുതിയ സ്ഥാനലബ്ധിയെ ലഡാക്കിലെ ഒരുവിഭാഗമാളുകൾ ആനന്ദാതിരേകത്തോടെയാണു വരവേറ്റത്. പ്രദേശത്തിന്റെ രാഷ്ട്രീയാഭിലാഷങ്ങൾ നിറവേറ്റുന്നതിലേക്കുള്ള ചുവടുവെപ്പായാണ് അവർ അതിനെ കണ്ടത്. എന്നാൽ, വൈകാതെ നിരാശ രംഗപ്രവേശംചെയ്തു. തീരുമാനമെടുക്കൽപ്രക്രിയ കേന്ദ്രീകൃതമായതും നിയമസഭയുടെ അഭാവവുമൊക്കെ ഇതിന് ആക്കംകൂട്ടി. ലഡാക്കിന് സംസ്ഥാനപദവി വേണമെന്നും ഭരണഘടനയുടെ ആറാം ഷെഡ്യൂളിൽപ്പെടുത്തി മേഖലയ്ക്ക് ഗോത്രപദവി നൽകണമെന്നും ആവശ്യം ശക്തമായത് അങ്ങനെയാണ്. നിലവിലെ ലഡാക്ക് മണ്ഡലം വിഭജിച്ച് ലേ, കാർഗിൽ ലോക്സഭാമണ്ഡലങ്ങളുണ്ടാക്കണമെന്നതാണ് ജനങ്ങളുടെ മറ്റൊരു ആവശ്യം. തൊഴിലുകളിൽ പ്രാദേശികജനതയ്ക്ക് സംവരണം ഏർപ്പെടുത്തണമെന്ന വികാരവും ശക്തമാണ്. കുറെനാളായി പല പ്രകാരത്തിൽ ഉന്നയിക്കുന്ന ഈ ആവശ്യങ്ങളിന്മേൽ പുരോഗതി ദൃശ്യമാകാത്തതാണ് ലഡാക്കിൽ ഈയിടെയുണ്ടായ അക്രമസമരത്തിലേക്കു കാര്യങ്ങളെത്തിച്ചത്. ജമ്മുകശ്മീരിനെ വിഭജിച്ച് ലഡാക്കിനെ കേന്ദ്രഭരണപ്രദേശമാക്കിയ 2019 മുതൽതന്നെ സംസ്ഥാനമാക്കണമെന്ന ആവശ്യം ഉയർന്നിരുന്നു. തൊഴിലില്ലായ്മ ഉൾപ്പെടെ പല പ്രതിസന്ധികളും ഉടലെടുത്തതോടെയാണ് ആവശ്യം ശക്തമായത്. ലഡാക്കിനായി പ്രത്യേക പബ്ലിക് സർവീസ് കമ്മീഷൻ സ്ഥാപിക്കുക, നിലവിലുള്ള ഒന്നിനുപകരം രണ്ട് ലോക്സഭാ സീറ്റുകൾ അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങൾക്കൊന്നും വിഘടനവാദ പശ്ചാത്തലമോ ഭരണഘടനാവിരുദ്ധതയോ ആരോപിക്കാനുമാകില്ല. സംസ്ഥാനപദവിയും ഭരണഘടനയുടെ ആറാം ഷെഡ്യൂൾ പദവിയും ഒരുപോലെ നൽകില്ലെന്നാണ് കേന്ദ്രം പറയുന്നത്. ഒന്നും കൊടുത്തിട്ടുമില്ല. സാമൂഹികപ്രവർത്തകനും കാലാവസ്ഥാപോരാളിയുമായ സോനം വാങ്ചുക്കാണ് ലഡാക്കിന്റെ രാഷ്ട്രീയാവകാശങ്ങൾക്കായി സമീപകാലത്തു നടക്കുന്ന പോരാട്ടങ്ങളുടെ മുഖം. സമാധാനപരമായി നടന്നുവന്ന സമരമാണ് ഈയിടെ പെട്ടെന്ന് അക്രമാസക്തമായത്. വാങ്ചുക്കിന്റെ നേതൃത്വത്തിൽ ഏതാനുംപേർ കുറച്ചുദിവസമായി നിരാഹാരസമരം നടത്തിവന്നിരുന്നു. ഇതിൽ പങ്കെടുത്ത രണ്ടുപേരെ ആരോഗ്യനില മോശമായതിനെത്തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചതാണ് സമരത്തിന്റെ സ്വഭാവം പൊടുന്നനെ മാറിയതിനു കാരണം. ഇതോടെ വാങ്ചുക്ക് നിരാഹാരസമരം പിൻവലിച്ചു. അക്രമമാർഗത്തെ അനുകൂലിക്കുന്നില്ലെന്നും അദ്ദേഹം വ്യക്തമാക്കുന്നു. എന്നാൽ, അക്രമസമരത്തിനു പ്രേരണ നൽകിയത് വാങ്ചുക്കാണെന്നാണ് ലഡാക്ക് ഭരണകൂടത്തിന്റെ ആരോപണം. വാങ്ചുക്കിന്റെ സംഘടനയുടെ രജിസ്ട്രേഷൻ റദ്ദാക്കി.

ജനാധിപത്യഭരണത്തിനായുള്ള അഭിവാഞ്ഛ ലഡാക്ക് ജനതയിൽ കലശലായിരിക്കുന്നത് കാണാതിരിക്കാനാകില്ല. തൊഴിലില്ലായ്മയാണ് മറ്റൊരു വ്യസനം. ഭരണഘടനയുടെ ആറാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയില്ലെങ്കിൽ മേഖലയുടെ ഗോത്രസ്വത്വവും തദ്വാരാ ഭൂമിക്കും പ്രകൃതിക്കുംമേലുള്ള ജനതയുടെ പിടിയും കൈമോശംവരുമെന്നും ഭയമുണ്ട്. പ്രാദേശികജനതകളുടെ രാഷ്ട്രീയവും സ്വത്വപരവുമായ ആവലാതികളെ ദീർഘകാലം അവഗണിക്കുന്നത് ബുദ്ധിയല്ല. ലഡാക്കിലെ ജനകീയനേതാക്കളുമായി അർത്ഥവത്തായ ചർച്ചകളിലൂടെ പ്രശ്നപരിഹാരത്തിനു ശ്രമിക്കുക മാത്രമാണു പോംവഴി. അത്തരമൊരു സംഭാഷണപ്രക്രിയയ്ക്ക് കേന്ദ്രസർക്കാർ ഇതിനകം തുടക്കമിട്ടിട്ടുമുണ്ട്. അതിന് എത്രയുംവേഗം ഫലസിദ്ധിയുണ്ടാകട്ടെ. ജനകീയ സമരത്തെ ഉരുക്കുമുഷ്ടികൊണ്ടു നേരിടാനുള്ള പ്രലോഭനത്തെ ഭരണകൂടത്തിന് അതിജീവിക്കാനുമാകട്ടെ.

ജനങ്ങൾക്കിടയിൽ വർഷങ്ങളായി ഉരുത്തിരിയുന്ന അസംതൃപ്തി കണ്ടില്ലെന്നു നടിച്ചവർ ഒടുവിലതു സ്ഫോടനാത്മകമായപ്പോൾ തലേന്നത്തെ സംഭവങ്ങളെ പ്രതിക്കൂട്ടിലാക്കുന്നതു യഥാർത്ഥ കാരണങ്ങളിൽനിന്നുള്ള ഒളിച്ചോട്ടമാണ്. വേണമെങ്കിൽ സമരക്കാരുടെ വിദേശബന്ധങ്ങളെയും ജെൻ-സി വിപ്ലവത്തെയുമൊക്കെ പഴിക്കാം. ഡൽഹിക്കു തെറ്റുപറ്റിയിട്ടില്ലെന്നു സ്ഥാപിക്കാൻ അതുമതി. പക്ഷേ, പ്രശ്നം പരിഹരിക്കാൻ ലഡാക്കിലെ വിദ്യാർത്ഥികളും യുവാക്കളും ബുദ്ധസന്യാസികളും ചൂണ്ടിക്കാണിക്കുന്ന യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കണം. തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ഉണ്ടായിട്ടും സുപ്രീംകോടതി പറഞ്ഞിട്ടും സംസ്ഥാനപദവി നൽകാതെ കഷ്മീരിനെ മഞ്ഞത്തു നിർത്തിയതുപോലെയാകരുത് കാര്യങ്ങൾ.

# ഡോ. മൻമോഹൻ സിംഗിന്റെ പേരിൽ ഗവേഷണ കേന്ദ്രവും ലൈബ്രറിയും

ന്യൂഡൽഹി: മുൻ പ്രധാനമന്ത്രി അന്തരിച്ച ഡോ. മൻമോഹൻ സിംഗിന്റെ 93-ാം ജന്മവാർഷികത്തിൽ അദ്ദേഹത്തിന്റെ സ്മരണയ്ക്കായി കോൺഗ്രസ് ആസ്ഥാനമായ ന്യൂഡൽഹിയിലെ ഇന്ദിരാഭവനിൽ ഡോ. മൻമോഹൻ സിംഗ് ഗവേഷണകേന്ദ്രവും ലൈബ്രറിയും കോൺഗ്രസ് പാർലമെന്ററി പാർട്ടി അധ്യക്ഷ സോണിയ ഗാന്ധി ഉദ്ഘാടനംചെയ്തു. ഇന്ദിരാഭവനിൽ നടന്ന മൻമോഹൻ സിംഗ് കേന്ദ്രത്തിന്റെ ഉദ്ഘാടനച്ചടങ്ങിൽ സോണിയയ്ക്കും രാഹുലിനും പുറമെ കോൺഗ്രസ് പ്രസിഡണ്ട് മല്ലികാർജുൻ ഖാർഗെ അടക്കമുള്ള മുതിർന്ന നേതാക്കളും മൻമോഹന്റെ ഭാര്യ ഗുർശരൺ കൗറും കുടുംബാംഗങ്ങളും പങ്കെടുത്തു.



പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, സോണിയാ ഗാന്ധി, ജയ്റാം രമേശ്, ഡോ. മൻമോഹൻ സിംഗിന്റെ ഭാര്യ ഗുർശരൺ കൗർ, കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ എന്നിവർ ഇന്ദിരാഭവനിൽ ഡോ. മൻമോഹൻസിംഗ് റിസർച്ച് സെന്ററിൽ.

ഇന്ത്യയുടെയും കോൺഗ്രസിന്റെയും ചരിത്രം സംഗ്രഹിക്കുന്ന 1200 പുസ്തകങ്ങൾ മൻമോഹൻ സിംഗ് ലൈബ്രറിയിലുണ്ട്. ചരിത്രത്തിന്റെ ഭാഗമായ അപൂർവ പുസ്തകങ്ങളും ഇവയിലുണ്ടെന്ന് എഐസിസി ജനറൽ സെക്രട്ടറി ജയറാം രമേശ് പറഞ്ഞു. രാജീവ് ഗാന്ധി, സുഭാഷ് ചന്ദ്രബോസ്, മൗലാന അബ്ദുൾകലാം ആസാദ് എന്നിവർക്കും പ്രത്യേക വിഭാഗങ്ങളുണ്ട്. ഇന്ദിരാഗാന്ധി, പി.വി. നരസിംഹറാവു, മൻമോഹൻ എന്നിവരെക്കുറിച്ചുള്ള പുസ്തകങ്ങളും ലൈബ്രറിയിലുണ്ട്. മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയ് ഉൾപ്പെടെയുള്ള മറ്റു പാർട്ടികളുടെ നേതാക്കളെക്കുറിച്ചുള്ള പുസ്തകങ്ങളുമുണ്ട്. ചിദംബരം, ശശി തരൂർ, മണിശങ്കർ അയ്യർ, മനീഷ് തിവാരി സൽമാൻ ഖുർഷിദ് തുടങ്ങിയവരുടെ പുസ്തകങ്ങളും ലൈബ്രറിയുടെ ഭാഗമാണ്. ഭരണഘടന രൂപപ്പെടുത്തിയ ഭരണഘടനാ അസംബ്ലിയിലെ എല്ലാ അംഗങ്ങളുടെയും അപൂർവ ഫോട്ടോ ലൈബ്രറിയുടെ പ്രവേശനകവാടത്തിൽ ശ്രദ്ധ പിടിച്ചുപറ്റും.

1991-ൽ ധനമന്ത്രിയായിരിക്കെ ഉദാരവത്കരണത്തിനു തുടക്കംകുറിച്ച ചരിത്രബജറ്റ് അവതരിപ്പിച്ച മൻമോഹൻ സിംഗ്, അദ്ദേഹത്തിന്റെ ഓഫീസിൽ ഇരിക്കുന്ന വലിയൊരു ഫോട്ടോയാണ് മറുവശത്ത്. നെഹ്റുവും വി.കെ. കൃഷ്ണമേനോനും ഒരുമിച്ചു നടന്നുപോകുന്നതു മുതൽ കോൺഗ്രസിന്റെ സ്ഥാപക നേതാക്കളായ എ.ഒ. ഹ്യൂം, ദാദാഭായ് നവറോജി, വില്യം വെഡ്ഡർബേൺഎന്നിവരുടേതുൾപ്പെടെ നിരവധി ചിത്രങ്ങളുണ്ട്.

1885 മുതലുള്ള കോൺഗ്രസ് പാർട്ടിയുടെ മുഴുവൻ ചരിത്രവും ഉൾക്കൊള്ളുന്ന വിഭാഗം ശ്രദ്ധേയമാണ്. 'ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ വിജ്ഞാനകോശം' എന്ന പുസ്തകത്തിന്റെ നിരവധി വാല്യങ്ങളുണ്ട്. കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി യോഗങ്ങളുടെ വ്യാഖ്യാനങ്ങൾ, പ്രസംഗങ്ങൾ, മിനിറ്റ്സ് എന്നിവ ഇതിലുൾപ്പെടുന്നു. സ്വാതന്ത്ര്യസമര സേനാനികളുടെ ജീവചരിത്രങ്ങൾ, തെരഞ്ഞെടുത്ത കൃതികൾ, പ്രസംഗങ്ങൾ എന്നിവയുമുണ്ട്. നയതന്ത്രത്തെക്കുറിച്ചുള്ള പുസ്തകങ്ങളും ഇന്ത്യയുമായുള്ള അവരുടെ ഉഭയകക്ഷി ബന്ധത്തെക്കുറിച്ചുള്ള രാജ്യാധിഷ്ഠിത പുസ്തകങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് രാജ്യത്തിനു നല്കിയ സംഭാവനകളെ സ്മരിക്കുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അനുസ്മരിച്ചു. ഡോ. സിംഗിന്റെ ജീവിതവും പ്രവൃത്തികളും ലാളിത്യത്തിന്റെയും സത്യസന്ധതയുടെയും സമർപ്പണത്തിന്റെയും ദീപസ്തംഭമാണെന്ന് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി അനുസ്മരിച്ചു.

# ഡിജിറ്റൽ ഇടപാടിന് സുരക്ഷ കൂട്ടുന്നു


മുംബൈ: ഡിജിറ്റൽ ഇടപാടുകൾ സാധുവാക്കുന്നതിനായി ബയോമെട്രിക് സംവിധാനമുൾപ്പെടെ പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിന് റിസർവ് ബാങ്ക് അനുമതി. ഇതിനായി കൃത്യമായ മാർഗനിർദേശങ്ങളും പുറത്തിറക്കി. 2026 ഏപ്രിൽ ഒന്നുമുതലാണ് ഈ നിർദേശങ്ങൾ പ്രാബല്യത്തിലാകുക.

ഇടപാടുകൾ സാധുവാക്കുന്നതിന് ഒടിപി ഉൾപ്പെടെയുള്ള സുരക്ഷാ സംവിധാനം, സംശയകരമായ സാഹചര്യങ്ങളിൽ അധികസുരക്ഷ, അതിർത്തികടന്നുള്ള ഇടപാടുകളിലെ സൂക്ഷ്മപരിശോധന എന്നിവയുമായി ബന്ധപ്പെട്ട് വിശദമായ നിർദേശങ്ങളാണ് വിജ്ഞാപനത്തിലുള്ളത്.

ഇതനുസരിച്ച് ഇന്ത്യക്കകത്തുള്ള ഡിജിറ്റൽ ഇടപാടുകൾക്കെല്ലാം ടു-ഫാക്ടർ ഓതന്റിക്കേഷൻ കർശനമാക്കും. ഏതെല്ലാം രീതിയിലാകണമെന്ന് ബന്ധപ്പെട്ട ധനകാര്യസ്ഥാപനങ്ങൾക്കു തീരുമാനിക്കാം. നിലവിൽ എസ്എംഎസ് അടിസ്ഥാനമായുള്ള ഒടിപിയാണ് കൂടുതലായി ഉപയോഗിക്കുന്നത്. പാസ്വേഡ്, എസ്എംഎസ് ഒടിപി, പിൻനമ്പർ, വിരലടയാളം അല്ലെങ്കിൽ ആധാർ അധിഷ്ഠിതമായതോ ഇടപാടുകൾക്കുപയോഗിക്കുന്ന ഉപകരണങ്ങളുമായോ ബന്ധിപ്പിച്ചിട്ടുള്ള ബയോമെട്രിക് സംവിധാനം എന്നിവ ഇതിനായി ഉപയോഗിക്കാം. ഇതിലേതെങ്കിലുമൊരെണ്ണം മാറിക്കൊണ്ടിരിക്കുന്ന (ഡൈനാമിക്) രീതിയിലുള്ളതാകണം.

ഇടപാടിനുപയോഗിക്കുന്ന സംവിധാനം കൈവശമുണ്ടെന്ന് ഉറപ്പാക്കുന്നതിനാണിത്. മുൻഇടപാടുകളുടെ ചരിത്രംനോക്കി സംശയകരമായ രീതിയിലാണ് ഇടപാടുകളെങ്കിൽ, ടു ഫാക്ടർ സംവിധാനത്തിനുപുറമേ അധികസുരക്ഷാ സംവിധാനം ഏർപ്പെടുത്താം. ഡിജി ലോക്കർ പ്ലാറ്റ്ഫോമും ഇതിനായി പ്രയോജനപ്പെടുത്താനാകും.

വിദേശത്തേക്ക് ഓൺലൈൻ വഴി കാർഡുപയോഗിച്ചുള്ള ഇടപാടുകൾക്ക് 2026 ഒക്ടോബർ ഒന്നിനകം അധികസുരക്ഷാസംവിധാനം നടപ്പാക്കണമെന്നും നിർദേശങ്ങളിൽ പറയുന്നു.


PROSPEROUS
THERAPY
Dr. Elizabeth Nellamattathil
PhD, LPC-TX, LCPC-IL
Offering telehealth therapy for adults in Illinois and Texas.
Our services
• Individual Therapy
• Couples Therapy
• Anxiety & Stress Management
• Depression & Mood Concerns
• Self-Esteem & Confidence
• Life Transitions
• Family Concerns
• Identity Exploration
• Interpersonal Functioning
• And more…
Contact Us
972-433-7211
info@prosperoustherapy.com
ProsperousTherapy.com

# ക്ഷേമപദ്ധതികൾ വഴി തട്ടിപ്പ്: 1.4 കോടി ആധാർ നമ്പറുകൾ നിർജീവമാക്കി

പരവൂർ: മരിച്ച വ്യക്തികളുടെ ആധാർ നമ്പറുകൾ ഉപയോഗിച്ച് ക്ഷേമപദ്ധതികൾ വഴി പണം തട്ടിപ്പ് നടത്തുന്നത് വ്യപകമെന്ന് കണ്ടെത്തി. ഇതിനു തടയിടാൻ മരണപ്പെട്ട വ്യക്തികളുമായി ബന്ധിപ്പിച്ചിട്ടുള്ള ആധാർ നമ്പറുകൾ യുണീക്ക് ഐഡന്റിഫിക്കേഷൻ അഥോറിറ്റി ഓഫ് ഇന്ത്യ (യുഐഡിഎഐ) നിർജീവമാക്കാൻ കർശന നടപടികൾ ആരംഭിച്ചു. ഇത്തരത്തിൽ ഇതിനകം 1.4 കോടിയിലധികം ആധാർ നമ്പറുകൾ നിർജീവമാക്കിക്കഴിഞ്ഞു.

ഇന്ത്യയിലെ ക്ഷേമപദ്ധതികളുടെ സംവിധാനം കൂടുതൽ ശക്തവും സുതാര്യവുമാക്കുന്നതിന്റെ ഭാഗമായാണ് യുഐഡിഎഐയുടെ ഈ നടപടി. സബ്സിഡികൾ, പെൻഷനുകൾ, മറ്റ് ക്ഷേമപദ്ധതികളിലെ ആനുകൂല്യങ്ങൾ എന്നിവ ജീവിച്ചിരിക്കുന്ന യോഗ്യരായ ഗുണഭോക്താക്കൾക്കു മാത്രമേ വിതരണം ചെയ്യുന്നുള്ളൂവെന്ന് ഉറപ്പാക്കുക എന്ന കേന്ദ്ര സർക്കാരിന്റെ നിർദേശാനുസരണമാണ് ഈ നടപടി.

ഇന്ത്യയിൽ ആധാറുമായി ബന്ധിപ്പിച്ചിരിക്കുന്ന 3,300-ൽ അധികം ക്ഷേമപദ്ധതികൾ നിലവിലുണ്ട്. ഇതിൽ പലതിലും വർഷങ്ങളായി മരിച്ചവരുടെ പേരിൽ വ്യാജ ഗുണഭോക്താക്കൾ ഫണ്ട് സ്വീകരിക്കുന്നതായി പരിശോധനകളിൽ കണ്ടെത്തിയിരുന്നു. ഇത്തരത്തിൽ കോടിക്കണക്കിന് രൂപയാണ് കേന്ദ്ര സർക്കാരിന് നഷ്ടമായിട്ടുള്ളത്. ഇന്ത്യയിൽ മരണ രജിസ്ട്രേഷൻ നടപടികൾ പലയിടത്തും വ്യക്തതയില്ലാതെയാണ് നടക്കുന്നത്. പല സംസ്ഥാനങ്ങളിലും രജിസ്ട്രേഷൻ അപൂർണവുമാണ്.

ചില സംസ്ഥാനങ്ങളിൽ മരണം രജിസ്റ്റർ ചെയ്യുമ്പോൾ ആധാർ നമ്പർ ഒഴിവാക്കുന്നതായും തെറ്റായ നമ്പറുകൾ നൽകുന്നതായും വ്യാപകമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരം കേസുകളിൽ ആധാർ നമ്പറുകൾ കണ്ടെത്തി അവ നിർജീവമാക്കുന്നത് സങ്കീർണമാണെന്ന് യുഐഡിഎഐ ഉദ്യോഗസ്ഥർ വ്യക്തമാക്കി. ഇന്ത്യയിൽ നിലവിലുള്ള വ്യവസ്ഥ പ്രകാരം മരണ രജിസ്ട്രേഷൻ നടത്തുന്നതിന് ആധാർ നമ്പർ നൽകണമെന്നത് നിർബന്ധമില്ല. ഇത് വലിയ വെല്ലുവിളിയാണെന്നും ഉദ്യോഗസ്ഥർ പറഞ്ഞു. മരിച്ചവരുടെ രണ്ട് കോടി ആധാർ നമ്പറുകൾ ഡിസംബറോടെ നിർജീവമാക്കുക എന്നതാണ് യുഐഡിഎഐ ലക്ഷ്യമിടുന്നത്. ഈ പ്രക്രിയയെ സഹായിക്കുന്നതിന് എം ആധാർ പോർട്ടൽ വഴി മരണങ്ങൾ സ്വമേധയാ റിപ്പോർട്ട് ചെയ്യാൻ യുഐഡിഎഐ അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിനായി കൃത്യമായി ഒരു ഡേറ്റാബേസ് നിലനിർത്തുന്നതിന് നടപടികൾ സ്വീകരിക്കാനും കേന്ദ്രസർക്കാർ നിർദേശം നൽകിയിട്ടുണ്ട്.

ഇത് ഇന്ത്യയിലെ ദശലക്ഷക്കണക്കായ ക്ഷേമപദ്ധതികളിലെ യഥാർത്ഥ ഗുണഭോക്താക്കൾക്ക് സംരക്ഷണം ഉറപ്പാക്കും. മാത്രമല്ല ഡിജിറ്റൽ തിരിച്ചറിയലുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഈ നടപടികൾ ഉപകരിക്കുമെന്നാണ് അധികൃതരുടെ പ്രതീക്ഷ.

# എംഎസ്സി എൽസ കപ്പലപകടം: 1227 കോടി നഷ്ടപരിഹാരം നൽകണം

കൊച്ചി: കേരള അതിർത്തിയിൽ മുങ്ങിയ എംഎസ്സി എൽസ-3 കപ്പൽ കമ്പനി 1227 കോടി രൂപ നഷ്ടപരിഹാരമായി കെട്ടിവെക്കണമെന്നു ഹൈക്കോടതി ഉത്തരവ്.

പരിസ്ഥിതിനാശത്തിന് 9531 കോടിയുടെ നഷ്ടപരിഹാരം ആവശ്യപ്പെട്ട് കേരള സർക്കാർ സമർപ്പിച്ച അഡ്മിറാലിറ്റി സ്യൂട്ടിലാണ് കോടതി നിർദേശം. തുക കെട്ടിവെച്ചാൽ നേരത്തേ അറസ്റ്റ് ചെയ്ത എംഎസ്സി അകിറ്റെറ്റ-2 കപ്പൽ വിട്ടയയ്ക്കാമെന്നും കോടതി വ്യക്തമാക്കി.

കപ്പലിൽനിന്ന് എണ്ണ ചോരുകയും കണ്ടെയ്നറുകളിലെ രാസവസ്തുക്കളടക്കം സമുദ്രത്തിൽ കലരുകയും ചെയ്തതു മൂലം പരിസ്ഥിതി, സാമ്പത്തിക മേഖലകളിൽ വൻ നാശനഷ്ടമുണ്ടായെന്നു ചൂണ്ടിക്കാട്ടിയാണ് സർക്കാർ ഹർജി നൽകിയത്. 136 കോടി രൂപ പരമാവധി നഷ്ടപരിഹാരം നൽകാമെന്നായിരുന്നു കപ്പൽ കമ്പനി അറിയിച്ചത്.

പരിസ്ഥിതിക്കുണ്ടായ കേടുപാടുകൾ പരിഹരിക്കൽ, മത്സ്യത്തൊഴിലാളികൾക്കുണ്ടായ സാമ്പത്തികനഷ്ടം നികത്തൽ തുടങ്ങി വിവിധ വിഭാഗങ്ങളിലായാണ് 9531 കോടിയുടെ നഷ്ടപരിഹാരം സർക്കാർ ആവശ്യപ്പെട്ടത്.

കപ്പലിൽനിന്നും അതിലുണ്ടായിരുന്ന കണ്ടെയ്നറുകളിൽനിന്നും കടലിൽ രാസവസ്തുക്കളും പ്ലാസ്റ്റിക്കുകളും കലർന്നതിനുള്ള നഷ്ടപരിഹാരവും ഇതിലുൾപ്പെടുത്തിയിരുന്നു.

എന്നാൽ, എംഎസ്സി-3 കപ്പൽ മുങ്ങിയതുമൂലം ഗുരുതരമായ പാരിസ്ഥിതികപ്രശ്നം ഉണ്ടായിട്ടില്ലെന്നും കേരള തീരത്തുനിന്ന് 14.5 നോട്ടിക്കൽ മൈലിനു പുറത്തായതിനാൽ കേന്ദ്രസർക്കാരിനല്ലാതെ സംസ്ഥാനത്തിനു നഷ്ടപരിഹാരം ആവശ്യപ്പെട്ട് അഡ്മിറാലിറ്റി സ്യൂട്ട് ഫയൽ ചെയ്യാൻ അധികാരമില്ലെന്നുമായിരുന്നു സ്വിറ്റ്സർലൻഡ് ആസ്ഥാനമായ എംഎസ്സി മെഡിറ്ററേനിയൻ ഷിപ്പിംഗ് കമ്പനിയുടെ വാദം.

മുങ്ങിയ കപ്പലും ഇപ്പോൾ വിഴിഞ്ഞം തുറമുഖത്ത് അറസ്റ്റ് ചെയ്തിട്ടിരിക്കുന്ന എംഎസ്സി അക്കിറ്റെറ്റ-2 എന്ന കപ്പലിന്റെയും ഉടമകൾ വ്യത്യസ്തരാണെന്നും വാദമുന്നയിച്ചു. ഈ വാദങ്ങൾ പരിഗണിച്ചും ഇരുവിഭാഗവും സമർപ്പിച്ച രേഖകൾ പരിഗണിച്ചുമാണ് 1227 കോടി നഷ്ടപരിഹാരമായി കെട്ടിവെക്കാൻ കോടതി ഉത്തരവിട്ടത്.

നഷ്ടപരിഹാരമായി സർക്കാർ ആവശ്യപ്പെട്ട 9,531 കോടി രൂപയ്ക്ക് സെക്യൂരിറ്റി നൽകുന്നതുവരെ കപ്പൽ അറസ്റ്റ് ചെയ്യണമെന്നായിരുന്നു മുൻ ഉത്തരവ്.


ഇത്രയും രൂപയുടെ സെക്യൂരിറ്റി നൽകാൻ കഴിയാത്തതിനാൽ അറസ്റ്റ്ചെയ്ത കപ്പൽ ഇപ്പോഴും വിഴിഞ്ഞത്തു കിടക്കുകയാണ്.

# കുട്ടികളുടെ തിരോധാനം: ഓൺലൈൻ പോർട്ടൽ സ്ഥാപിക്കാൻ നിർദേശം

ന്യൂഡൽഹി: കാണാതാകുന്ന കുട്ടികളെ കണ്ടെത്തുന്നതിനും അത്തരം കേസുകൾ അന്വേഷിക്കുന്നതിനുമായി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ പ്രത്യേക ഓൺലൈൻ പോർട്ടൽ സൃഷ്ടിക്കാൻ സുപ്രീം കോടതി നിർദേശം. കാണാതായ കുട്ടികളെ കണ്ടെത്തുന്നതിന് ഇതുമായി ബന്ധപ്പെട്ട പോലീസ് അധികാരികൾക്കിടയിലെ ഏകോപനമില്ലായ്മ ആശങ്കയുണ്ടാക്കുന്നതാണെന്നും ജസ്റ്റിസുമാരായ ബി.വി. നാഗരത്ന, ആർ. മഹാദേവൻ എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി. ഈ വിഷയത്തിൽ പ്രതികരണം തേടാൻ അഡീഷണൽ സോളിസിറ്റർ ജനറൽ ഐശ്വര്യ ഭട്ടായിയോടു കോടതി നിർദേശിച്ചു. കുട്ടികളെ കാണാതാകുന്നതുമായി ബന്ധപ്പെട്ട കേസുകളുടെ വിവരങ്ങൾ കൈമാറാൻ സംസ്ഥാനങ്ങൾക്കു നിർദേശം നൽകാൻ കേന്ദ്രസർക്കാരിനോടു സുപ്രീംകോടതി നേരത്തെ ആവശ്യപ്പെട്ടിരുന്നു. 'ഗുരിയ സ്വയം സേവി സൻസ്ഥാൻ' എന്ന സർക്കാരിതര സംഘടന സമർപ്പിച്ച ഹർജിയിലാണു സുപ്രീംകോടതിയുടെ നടപടി.

# സിപിഐ ജനറൽ സെക്രട്ടറിയായി ഡി. രാജ തുടരും

ചണ്ഡിഗഡ്: സിപിഐ ജനറൽ സെക്രട്ടറിയായി ഡി. രാജ തുടരും. 75 വയസ് പിന്നിട്ട രാജയ്ക്ക് പ്രായപരിധിയിൽ ഇളവുനൽകാൻ സിപിഐ ദേശീയ എക്സിക്യൂട്ടീവ് തീരുമാനിക്കുകയായിരുന്നു. അതേസമയം, രാജയ്ക്ക് ഇളവു നൽകുന്നതിനെ കേരളത്തിൽനിന്നുള്ള പ്രതിനിധികൾ ശക്തമായി എതിർത്തുവെന്നാണു റിപ്പോർട്ട്.



പ്രായപരിധി കർശനമായി നടപ്പാക്കണമെന്ന് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ ഒന്നടങ്കം ആവശ്യപ്പെട്ടിരുന്നു. അതേസമയം, രാജയ്ക്കുപകരം നിർദേശിക്കപ്പെട്ട അമർജിത് കൗറിന്റെ പേര് ഭൂരിപക്ഷം ഘടകങ്ങൾക്കും സ്വീകാര്യമായിരുന്നില്ല. തന്നെ പരിഗണിക്കേണ്ടതില്ലെന്നു ബിനോയ് വിശ്വം പറഞ്ഞതും രാജയ്ക്കു ഗുണകരമായി. യുപി, ബിഹാർ, ബംഗാൾ, ജാർഖണ്ഡ് ഘടകങ്ങൾ രാജയ്ക്കായി വാദിച്ചു.

ജനറൽ സെക്രട്ടറിപദത്തിൽ തുടരാനുള്ള താത്പര്യം എഴുപത്തിയാറുകാരനായ രാജ അറിയിച്ചിരുന്നു. തമിഴ്നാട്ടിലെ വെല്ലൂർ സ്വദേശിയും പ്രമുഖ ദളിത് നേതാവുമായ ഡി. രാജയ്ക്ക് ജനറൽ സെക്രട്ടറിപദത്തിൽ മൂന്നാമൂഴമാണ്. 2019 മുതൽ രാജ സിപിഐ ജനറൽ സെക്രട്ടറിയായി പ്രവർത്തിക്കുന്നു. രണ്ടുതവണ രാജ്യസഭാംഗമായിരുന്ന ഡി. രാജ 1994 മുതൽ ദേശീയ എക്സിക്യൂട്ടീവ് അംഗമാണ്. മലയാളിയായ ആനി രാജയാണു ഭാര്യ. മകൾ അപരാജിത രാജ.

ദേശീയ സെക്രട്ടേറിയറ്റിലേക്ക് കേരളത്തിൽനിന്ന് പി. സന്തോഷ്കുമാർ, കെ. പ്രകാശ്ബാബു എന്നിവരെയും ദേശീയ കൗൺസിലിലേക്ക് കേരളത്തിൽനിന്ന് ടി.ജെ. ആഞ്ചലോസ്, ഗോവിന്ദൻ പള്ളിക്കാപ്പിൽ എന്നിവരെയും തെരഞ്ഞെടുത്തു. കേരളത്തിൽനിന്ന് 12 പേർ ദേശീയ കൗൺസിലിലുണ്ട്. ഇ. ചന്ദ്രശേഖരനെ മാത്രമാണ് ഒഴിവാക്കിയത്. വി.എസ്. സുനിൽ കുമാറിനെ ഇത്തവണയും ദേശീയ കൗൺസിലിലേക്ക് തെരഞ്ഞെടുത്തില്ല. 125 അംഗ ദേശീയ കൗൺസിലിനും 31 അംഗ ദേശീയ എക്സ്ക്യൂട്ടീവിനും 11 അംഗ ദേശീയ സെക്രട്ടറിയറ്റിനും സിപിഐ പാർട്ടി കോൺഗ്രസ് രൂപം നല്കി.






# നൈനയുടെ അഞ്ചാമത് കോൺഫറൻസ് വിജയമായി

ആഷാ മാത്യു

ന്യൂയോർക്ക്: നാഷണൽ അസോസിയേഷൻ ഓഫ് ഇന്ത്യൻ നേഴ്സസ് ഓഫ് അമേരിക്ക (NAINA) യുടെ അഞ്ചാമത് ക്ലിനിക്കൽ എക്സലൻസ് ആൻഡ് ലീഡർഷിപ്പ് കോൺഫറൻസ് സെപ്റ്റംബർ 19, 20 തീയതികളിൽ പെൻസിൽവാനിയയിലെ കിംഗ് ഓഫ് പ്രഷ്യയിലുള്ള ഷെറാട്ടൺ വാലി ഫോർജ് ഹോട്ടലിൽവെച്ച് പ്രൗഢഗംഭീര സദസ്സിൽ നടന്നു. NAINA-യുടെ സജീവ പ്രാദേശിക ചാപ്റ്ററുകളിൽ ഒന്നായ പെൻസിൽവാനിയ ഇന്ത്യൻ അമേരിക്കൻ നേഴ്സസ് അസോസിയേഷ(PIANO)നായിരുന്നു കോൺഫറൻസിന്റെ മുഖ്യ സംഘാടകർ.

ഇടപഴകുക, പഠിപ്പിക്കുക, ശാക്തീകരിക്കുക: പ്രാക്ടീസ്, ലീഡർഷിപ്പ്, ഇന്നൊവേഷൻ എന്നിവയിലൂടെ നേഴ്സിംഗ് മികവ് മെച്ചപ്പെടുത്തുക' എന്ന പ്രമേയത്തിൽ രണ്ടു ദിവസങ്ങളിലായി നടന്ന കോൺഫറൻസിൽ വിദഗ്ദ്ധരുടെ പാനൽ ചർച്ചകൾ, പ്രഭാഷണങ്ങൾ, വിവിധ സെഷനുകൾ എന്നിവ കോൺഫറൻസിനെ വിജയകരമാക്കി. ഇന്ത്യൻ വംശജരായ നേഴ്സുമാരെ ശാക്തീകരിക്കുന്നതിനും അവരുടെ സംഭാവനകൾ എടുത്തുകാണിക്കുന്നതിനും നേഴ്സിംഗ് തൊഴിലിനെ ബാധിക്കുന്ന പ്രധാന വിഷയങ്ങൾ ചൂണ്ടിക്കാണിക്കുന്നതിനുമെല്ലാമുള്ള വേദിയായി നൈനയുടെ അഞ്ചാമത് കോൺഫറൻസ്. ആരോഗ്യപരിപാലന രംഗത്തെ വിദഗ്ധർ നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ പുതുതായി സംഘടനയിൽ അംഗത്വമെടുത്തവർക്ക് ഏറെ ഉപകാരപ്രദമായി. നേഴ്സിങ് രംഗത്തെ മികച്ച പ്രവർത്തനങ്ങൾ, നേഴ്സുമാരുടെ നേതൃത്വഗുണം വർദ്ധിപ്പിക്കേണ്ടതിന്റെ പ്രാധാന്യം, നേഴ്സിങ് മേഖലയിലെ നൂതനമായ മാറ്റങ്ങൾ തുടങ്ങിയവയൊക്കെ കോൺഫറൻസിലെ ചർച്ചാവിഷയമായി.

ഇന്നത്തെ സങ്കീർണ്ണമായ ആരോഗ്യ സംരക്ഷണ പരിതസ്ഥിതികളിൽ ഇന്ത്യൻ വംശജരായ നേഴ്സുമാരെ ഉയർത്തിക്കൊണ്ടുവരുന്നതിനും പിന്തുണയ്ക്കുന്നതിനും സഹായിക്കുന്ന തരത്തിലുള്ളതായിരുന്നു കോൺഫറൻസിലെ എല്ലാ സെഷനുകളും. കാലിഫോർണിയ മുതൽ ന്യൂയോർക്ക് വരെയുള്ള മുപ്പതോളം സംസ്ഥാനങ്ങളിൽനിന്നുള്ള നേഴ്സുമാരുടെ പങ്കാളിത്തം കോൺഫറൻസിന്റേയും നൈനയുടേയും കരുത്ത് വെളിപ്പെടുത്തുന്നതായി. സംഘടനയുടെ ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കേണ്ടതിനെക്കുറിച്ചും കൂട്ടായ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിൽ നടപ്പിലാക്കാൻ കഴിയുന്ന നല്ല പദ്ധതികളെക്കുറിച്ചും സമ്മേളനത്തിൽ അഭിപ്രായങ്ങളുയർന്നു. നേഴ്സുമാർക്കു പുറമേ രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽനിന്നും നിരവധി പേർ നൈനയുടെ ക്ഷണം സ്വീകരിച്ച് കോൺഫറൻസിൽ പങ്കെടുത്തു.

NAINA-യുടെ പ്രസിഡണ്ട് ഉമാമഹേശ്വരി വേണുഗോപാലിന്റെ നേതൃത്വത്തിലാണ് കോൺഫറൻസ് ഭംഗിയായി നടന്നത്. NAINA എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് ലിഫി ചെറിയാൻ, നാഷണൽ കൺവീനറും വൈസ് പ്രസിഡണ്ടുമായ താര ഷാജൻ, പിയാനോ പ്രസിഡണ്ടും ചാപ്റ്റർ കൺവീനറുമായ ബിന്ദു എബ്രഹാം, NAINA APN ചെയർമാനും കൺവീനറുമായ ഡോ. ബിനു ഷാജിമോൻ, NAINA ഫണ്ട്റൈസിംഗ് ചെയർപേഴ്സൺ സാറാമ്മ ഐപ്പ് എന്നിവർ നേതൃനിരയിലെ ശക്തമായ സാന്നിധ്യമായി.

അമേരിക്കൻ നേഴ്സസ് അസോസിയേഷന്റെ നേഴ്സിംഗ് പ്രോഗ്രാം ഡയറക്ടർ ഡോ. കാറ്റി ബോസ്റ്റൺ-ലിയറി, ജെഫേഴ്സൺ ഹെൽത്തിലെ ചീഫ് നേഴ്സിംഗ് ഓഫീസർ ഡോ. ക്ലെയർ മൂണി, ടെമ്പിൾ യൂണിവേഴ്സിറ്റിയിലെ ചീഫ് നേഴ്സിംഗ് ഓഫീസർ ഡോ. ചൗഡ്രോൺ കാർട്ടർ ഷോർട്ട് എന്നിവർ കോൺഫറൻസിൽ മുഖ്യ പ്രഭാഷകരായി. ക്ലിനിക്കൽ മികവ്, നേഴ്സിംഗ് നേതൃത്വം, ആരോഗ്യ സംരക്ഷണമേഖലയിലെ വികസനത്തിന്റെ ഭാവി എന്നിവയെക്കുറിച്ച് ഇവരോരുത്തരും ഫലപ്രദമായ സെഷനുകൾ നടത്തി. ജാരെഡ് സോളമൻ, മിസ്റ്റർ സേത്ത് ബ്ലൂസ്റ്റൈൻ (ഇലക്ഷൻ കമ്മീഷണർ), ടെമ്പിൾ യൂണിവേഴ്സിറ്റിയിലെ കോളജ് ഓഫ് പബ്ലിക് ഹെൽത്തിലെ നേഴ്സിംഗ് ഡിപ്പാർട്ട്മെന്റ് ചെയർപേഴ്സൺ ഡോ. അമിത അവധാനി തുടങ്ങിയവരുടെ സാന്നിദ്ധ്യവും കോൺഫറൻസിന് നിറം പകർന്നു.

NAINA-യുടെ ചരിത്രത്തിൽ ആദ്യമായി, ഒരു ഡിജിറ്റൽ സുവനീറിന്റെ പ്രകാശനവും ഗ്രാന്റ് റൈറ്റിംഗ് വർക്ക്ഷോപ്പ്, ക്ലിനിക്കൽ സ്കിൽസ് സെഷൻ എന്നിവയുൾപ്പെടെ പ്രീ-കോൺഫറൻസ് സെഷനുകളുടെ ആമുഖവും സമ്മേളനത്തിൽ നടന്നു. പിയാനോ എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് ബ്രിഡ്ജറ്റ് വിൻസെന്റ്, പിയാനോ വൈസ് പ്രസിഡണ്ട് സൂസൻ സാബു എന്നിവരുടെ നേതൃത്വത്തിൽ നടന്ന ഗാല നൈറ്റ് കോൺഫറൻസിലെ ഹൈലൈറ്റുകളിലൊന്നായിരുന്നു. സമാപന സമ്മേളനത്തിൽ DAISY ഹെൽത്ത് ഇക്വിറ്റി അവാർഡുകൾ' സമ്മാനിച്ചു. ഡോ. ഗ്രേസ് സാമുവലിന് ഡെയ്സി വ്യക്തിഗത ആരോഗ്യ ഇക്വിറ്റി അവാർഡ് ലഭിച്ചു. ആരോഗ്യ സംരക്ഷണത്തിൽ തുല്യത കൈവരിക്കുന്നതിനുള്ള മികച്ച ശ്രമങ്ങൾക്ക് ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ ഓഫ് നോർത്ത് കരോലിനയെ (INA-NC) 'ഡെയ്സി ചാപ്റ്റർ ഹെൽത്ത് ഇക്വിറ്റി അവാർഡ് നൽകി ആദരിച്ചു. കോൺഫറൻസ് വിജയകരമാക്കാൻ സഹായിച്ച സ്പോൺസർമാരോടും ആദ്യാവസാനം പിന്തുണച്ചവരോടും NAINA ഭാരവാഹികൾ നന്ദി അറിയിച്ചു.

സേവനത്തിന്റെയും സാമൂഹിക ഉത്തരവാദിത്തത്തിന്റെയും മൂല്യം ഉയർത്തിപ്പിടിച്ച്, ചെസ്റ്റർ കൗണ്ടിയിലെ ഹാബിറ്റാറ്റ് ഫോർ ഹ്യൂമാനിറ്റിയെ പിന്തുണച്ച് ഒരു ചാരിറ്റബിൾ സംരംഭവും കോൺഫറൻസിൽ NAINA സംഘടിപ്പിച്ചു.

പ്രദേശവാസികൾക്ക് പ്രയോജനപ്പെടുത്തുന്നതിനായി പ്രതിനിധികൾ വീട്ടുപകരണങ്ങളും അതോടൊപ്പം സാമ്പത്തിക സംഭാവനകളും ഉദാരമായി നൽകി. നേഴ്സിംഗ് തൊഴിലിനെ നിർവചിക്കുന്ന അനുകമ്പയുടെ ഹൃദ്യമായ ഉദാഹരണമായിരുന്നു ഈ സംരംഭം. ഇടപഴകുക, പഠിപ്പിക്കുക, ശാക്തീകരിക്കുക എന്ന ദൗത്യത്തിൽ ഉറച്ചുനിന്നുകൊണ്ട്, ആഗോളതലത്തിൽ ഇന്ത്യൻ നേഴ്സുമാരെ ഉയർത്തിക്കൊണ്ടുവരുന്നതിനും അവരുടെ ശബ്ദമാകുന്നതിനും സംഘടന ശ്രദ്ധ കേന്ദ്രീകരിക്കുമെന്ന് ഭാരവാഹികൾ വ്യക്തമാക്കി.


















# അവകാശികൾ ഇല്ലാത്ത അക്കൗണ്ടുകളിലെ പണം തിരികെ നൽകാൻ നിർദ്ദേശം

പരവൂർ: അവകാശികൾ ഇല്ലാത്ത നിക്ഷേപങ്ങൾ ബന്ധപ്പെട്ടവർക്ക് തിരികെ നൽകുന്നതിന് ഊർജിത ശ്രമം നടത്താൻ ഇന്ത്യയിലെ ബാങ്കുകൾക്ക് റിസർവ് ബാങ്ക് നിർദേശം. ഇതിനായി ജില്ലാ തലങ്ങളിൽ ഒക്ടോബർ മുതൽ ഡിസംബർവരെ ഒരാഴ്ച നീണ്ടുനിൽക്കുന്ന ക്യാമ്പുകൾ നടത്തണമെന്നും നിർദേശത്തിൽ പറയുന്നു. ഗ്രാമങ്ങളിലും അർധ നഗര പ്രദേശങ്ങളിലും ക്യാമ്പുകൾക്ക് കൂടുതൽ ഊന്നൽ നൽകണമെന്നുമാണ് നിർദേശം. ഇത്തരത്തിലുള്ള ആദ്യ ക്യാമ്പ് അടുത്ത മാസം ഗുജറാത്തിൽ സംഘടിപ്പിക്കും.

പത്ത് വർഷത്തിൽ കൂടുതൽ ഇടപാടുകൾ നടത്താത്ത സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ, കറണ്ട് അക്കൗണ്ടുകളിലെ ബാലൻസ് തുക, കാലാവധി പൂർത്തിയായി പത്ത് വർഷത്തിനുള്ളിൽ ക്ലെയിം ചെയ്യാത്ത ടേം ഡെപ്പോസിറ്റുകൾ തുടങ്ങിയവയാണ് അവകാശികൾ ഇല്ലാത്ത നിക്ഷേപമായി പരിഗണിക്കുന്നത്.

ഇങ്ങനെയുള്ള തുക റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അവരുടെ ഡെപ്പോസിറ്റർ എഡ്യുക്കേഷൻ ആൻഡ് അവയർനെസ് ഫണ്ടിലേക്ക് മാറ്റുകയാണ് പതിവ്. എന്നാൽ നിക്ഷേപകരോ അവരുടെ നോമിനികളോ നിയമപരമായ അവകാശികളോ മതിയായ രേഖകൾ ഹാജരാക്കിയാൽ തുക തിരികെ നൽകാൻ വ്യവസ്ഥയുണ്ട്. റിസർവ് ബാങ്ക് അടുത്തിടെ നടത്തിയ കണക്കെടുപ്പിൽ അവകാശികൾ ഇല്ലാത്ത നിക്ഷേപത്തുക ക്രമാതീതമായി വർധിക്കുന്നതായാണ് കണ്ടെത്തിയിട്ടുള്ളത്. കഴിഞ്ഞ വർഷം ഇന്ത്യയിൽ അവകാശികളില്ലാത്ത ബാങ്ക് നിക്ഷേപത്തുക 67003 കോടി രൂപയായിരുന്നു. ഇത് ഈ വർഷം 67,270 കോടിയിൽ എത്തി നിൽക്കുകയാണ്.

അവകാശികൾ ഇല്ലാത്ത നിക്ഷേപങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനും സംശയങ്ങൾ ദൂരീകരിക്കുന്നതിനും റിസർവ് ബാങ്ക് ഓൺലൈൻ പോർട്ടൽ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. അൺ ക്ലെയിംഡ് ഡെപ്പോസിറ്റ്സ് ഗേറ്റ് വേ ടു ആക്സസ് ഇൻഫർമേഷൻ (യുഡിജിഎഎം) എന്നാണ് പോർട്ടലിന്റെ പേര്. ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകളിലെ അവകാശികൾ ഇല്ലാത്ത നിക്ഷേപങ്ങൾ സംബന്ധിച്ച വിവരങ്ങൾ വ്യക്തികൾക്ക് ഈ കേന്ദ്രീകൃത ഓൺലൈൻ പ്ലാറ്റ്ഫോമിൽ കയറി പരിശോധിക്കാം. ഇത് ബന്ധപ്പെട്ടവർ പ്രയോജനപ്പെടുത്തണമെന്നും റിസർവ് ബാങ്ക് നിർദേശിച്ചിട്ടുണ്ട്. എല്ലാ ബാങ്ക് ബ്രാഞ്ചുകളും അവരുടെ പരിധിയിലെ നിർജീവമായ അക്കൗണ്ടുകളിലും അവകാശികൾ ഇല്ലാത്ത അക്കൗണ്ടുകളിലും കെവൈസി അപ്ഡേഷൻ പരിശോധനകൾ നടത്തുകയും വേണം. നിർജീവവും അവകാശികൾ ഇല്ലാത്തതുമായ അക്കൗണ്ട് ഉടമകളുടെ വിലാസത്തിൽ ഇതു സംബന്ധിച്ച് കത്തുകൾ അയക്കണം. ഇ-മെയിൽ, മൊബൈൽ എസ്എംഎസ് എന്നിവ വഴിയും അക്കൗണ്ടുകളുടെ നിജസ്ഥിതി ഉടമകളെ അറിയിക്കണമെന്നും റിസർവ് ബാങ്ക് നിർദേശം നൽകിയിട്ടുണ്ട്.

# അഗ്നി പ്രൈം മിസൈൽ വിക്ഷേപിച്ചു

ന്യൂഡൽഹി: ട്രെയിൻ മാതൃകയിൽ പ്രത്യേകം ഡിസൈൻ ചെയ്ത വാഹനത്തിൽനിന്ന് അഗ്നി-പ്രൈം മിസൈൽ വിജയകരമായി വിക്ഷേപിച്ച് ഇന്ത്യ. 2000 കിലോമീറ്റർ ദൂരപരിധിയുള്ള അത്യാധുനിക ബാലിസ്റ്റിക് മിസൈൽ റെയിൽ അധിഷ്ഠിത മൊബൈൽ ലോഞ്ചറിൽനിന്നാണു വിക്ഷേപിച്ചത്.



റെയിൽ അധിഷ്ഠിത മൊബൈൽ ലോഞ്ചറിൽനിന്ന് അഗ്നി-പ്രൈം മിസൈൽ വിക്ഷേപിച്ചപ്പോൾ.

ആദ്യമായാണ് റെയിൽവേ പാളത്തിലൂടെ നീങ്ങുന്ന ഒരു വാഹനത്തിൽനിന്ന് ഇന്ത്യ മിസൈൽ പരീക്ഷണം നടത്തുന്നത്. ഇതോടെ റെയിൽ അധിഷ്ഠിതമായി ഭൂഖണ്ഡാനന്തര ബാലിസ്റ്റിക് മിസൈൽ വിക്ഷേപിക്കാൻ കഴിയുന്ന രാജ്യങ്ങളുടെ പട്ടികയിലേക്ക് ഇന്ത്യയുടെ പേരും എഴുതിച്ചേർക്കപ്പെട്ടു.

കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിനു കീഴിലുള്ള പ്രതിരോധ ഗവേഷണ വികസന സംഘടനയാണ് (ഡിആർഡിഒ) വിക്ഷേപണത്തിനു നേതൃത്വം നൽകിയത്. എവിടെവെച്ചാണു മിസൈൽ വിക്ഷേപണം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുന്നില്ലെങ്കിലും മിസൈൽ വിക്ഷേപണത്തിന്റെ വീഡിയോ ദൃശ്യം പ്രതിരോധമന്ത്രി രാജ്നാഥ് സിംഗ് തന്റെ എക്സ് അക്കൗണ്ടിൽ പങ്കുവെച്ചിട്ടുണ്ട്.

ഇടത്തരം റേഞ്ചുള്ള മിസൈലിന്റെ വിജയകരമായ പരീക്ഷണത്തിൽ ഡിആർഡിഒയെയും സ്ട്രാറ്റജിക് ഫോഴ്സസ് കമാൻഡിനെയും സായുധസേനയെയും പ്രതിരോധമന്ത്രി അഭിനന്ദിച്ചു.

ലോകത്തിലെ നാലാമത്തെ വലിയ റെയിൽ ശൃംഖലയായ ഇന്ത്യക്ക് 70,000 കിലോമീറ്ററുകളിൽ വ്യാപിച്ചു കിടക്കുന്ന റെയിൽവേ ട്രാക്കുണ്ട്. പരീക്ഷണത്തിന്റെ വിജയത്തിലൂടെ ഈ ട്രാക്കുകളിൽ എവിടെവെച്ചു വേണമെങ്കിലും പ്രത്യേകം സജ്ജമാക്കിയ വിക്ഷേപണ ലോഞ്ചറിൽനിന്ന് മിസൈൽ വിക്ഷേപിക്കാം. ഇതോടൊപ്പംതന്നെ ശത്രുരാജ്യങ്ങളുടെ ഉപഗ്രഹങ്ങളിൽനിന്ന് മിസൈലുകൾ ട്രെയിൻ തുരങ്കങ്ങളിൽ ഒളിപ്പിച്ചുവെച്ച് അവസാനനിമിഷം പുറത്തെടുത്ത് മിന്നലാക്രമണം നടത്താനും കഴിയും.

# കേരളത്തിൽ അഞ്ച് സർവകലാശാലകളിലായി ‘വ്യാജ ബിരുദക്കാർ’

കോട്ടയം: വ്യാജ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ ദുരുപയോഗം തടയുന്നതിനു നിർദേശങ്ങൾ സമർപ്പിക്കണമെന്നു നിർദേശിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പ് കേരളത്തിലെ മുഴുവൻ സർവകലാശാലകൾക്കും കത്തെഴുതി. വ്യാജ ബിരുദ-ബിരുദാനന്തര സർട്ടിഫിക്കറ്റുകൾ പെരുകുന്നതുമായി ബന്ധപ്പെട്ട് ഈയിടെ വാർത്തകൾ വന്നിരുന്നു.

അതിനിടെ കേരള, എംജി എന്നിവയ്ക്കു പുറമേ മറ്റു സർവകലാശാലകളുടെ പേരിലും വ്യാജ ബിരുദസർട്ടിഫിക്കറ്റുകൾ കണ്ടെത്തി. വിവിധ സ്ഥാപനങ്ങളിൽ ഉദ്യോഗാർത്ഥികൾ സമർപ്പിച്ച സർട്ടിഫിക്കറ്റുകൾ, ബന്ധപ്പെട്ട സർവകലാശാലകളിൽ സാധുതാ പരിശോധനയ്ക്കായി ലഭിച്ചപ്പോഴാണു വ്യാജനെ തിരിച്ചറിഞ്ഞത്.

കഴിഞ്ഞ അഞ്ച് വർഷത്തിനിടെ അഞ്ച് സർവകലാശാലകളിലുമായി 113 ‘വ്യാജ ബിരുദക്കാർ’ പിടിയിലായി. ഇവരെ ജോലിയിൽനിന്നു പിരിച്ചുവിട്ടു. കേസുകൾ നിലവിലുണ്ടെങ്കിലും സർട്ടിഫിക്കറ്റുകളുടെ ഉറവിടം കണ്ടെത്താൻ പോലീസിനായിട്ടില്ല. കാർഷിക സർവകലാശാലയിലും കണ്ണൂർ സർവകലാശാലയിലും പരിശോധനയ്ക്കു ലഭിച്ചവയിൽ വ്യാജ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരുന്നില്ലെന്നും അധികൃതർ അറിയിച്ചു.

വ്യാജ യോഗ്യതാ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി സർവകലാശാലകളിൽ വിവിധ കോഴ്സുകൾക്കു പ്രവേശനം നേടുന്നവരുടെ എണ്ണം കൂടി വരുകയാണെന്നു കാട്ടി ഓൾ കേരള യൂണിവേഴ്സിറ്റി എംപ്ലോയീസ് ഓർഗനൈസേഷൻ മന്ത്രി ആർ. ബിന്ദുവിനു നിവേദനം നൽകിയിരുന്നു.

## ഷാരൺ തോമസ് മാങ്കോട്ടിൽ അന്തരിച്ചു



Dallas: Sharon Thomas Mankottil (32) passed away in Dallas.

Parents: Mathew Mankottil Thomas and Tessy (Chollampel)

Siblings: Sonia Mathew, Seena Mathew

**Visitation information for Sharon Thomas**

Tuesday, September 30, 2025 from 9-11am

Rhoton Funeral Home, 1511 South I-35E, Carrollton TX 75006

**Burial of Sharon Thomas**

Tuesday, September 30. 2025 at 11:30am

Furneaux Cemetery, 3650 Cemetery Hill Rd, Carrollton, TX 75007







# മെഡിക്കൽ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നു

ന്യൂഡൽഹി: ഇന്ത്യയിൽ മെഡിക്കൽരംഗത്തെ ശേഷി വർധിപ്പിക്കാൻ കേന്ദ്രസർക്കാർ തീരുമാനം. ഇതിന്റെ ഭാഗമായി 10,000 മെഡിക്കൽ സീറ്റുകൾ കൂടി അനുവദിക്കും. കേന്ദ്രസർക്കാരിന്റെ സെൻട്രലി സ്പോൺസേർഡ് സ്കീമിന്റെ (സിഎസ്എസ്) മൂന്നാം ഘട്ടത്തിന് പ്രധാനമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന മന്ത്രിസഭായോഗം അനുമതി നൽകിയതോടെ ഇന്ത്യയിലുടനീളം 5,000 പിജി മെഡിക്കൽ സീറ്റുകളും 5,023 എംബിബിഎസ് സീറ്റുകളും സൃഷ്ടിക്കപ്പെടും.

ഈ അദ്ധ്യയനവർഷം മുതൽ 2028-29 വർഷം വരെയുള്ള മൂന്നു വർഷത്തേക്കായി 15,034.50 കോടി രൂപയാണ് പദ്ധതിക്കു ചെലവാകുന്നത്. ഇതിൽ 10,303.20 കോടി രൂപ കേന്ദ്രവിഹിതവും 4,731.30 കോടി രൂപ സംസ്ഥാനങ്ങൾ വഹിക്കേണ്ട വിഹിതവുമാണ്. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ 75,000 പുതിയ മെഡിക്കൽ സീറ്റുകൾ കൂട്ടിച്ചേർക്കുമെന്നുള്ള ഈ വർഷത്തെ ബജറ്റ് പ്രഖ്യാപനപ്രകാരമാണു കേന്ദ്രം 10,000 സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുള്ളത്.

ഇന്ത്യയിൽ നിലവിൽ 808 മെഡിക്കൽ കോളജുകളിലായി 1,23,700 എംബിബിഎസ് സീറ്റുകളാണുള്ളത്.

# എൻ.എം. വിജയന്റെ കടബാധ്യത കോൺഗ്രസ് അടച്ചു തീർത്തു

ബത്തേരി: വയനാട് ഡിസിസി ട്രഷറർ ആയിരിക്കെ ജീവനൊടുക്കിയ മണിച്ചിറ വീട്ടിൽ എൻ.എം. വിജയന്റെ അർബൻ ബാങ്കിലുള്ള കടം കെപിസിസി അടച്ചുതീർത്തു. 58,23,047 രൂപയാണ് അടച്ചത്.

10 ലക്ഷത്തോളം രൂപ പലിശ ഇളവും ഷെയർ ആയുള്ള 1,25,000 രൂപയും കഴിച്ചുള്ള തുകയാണ് 58,23,047 രൂപ. ഈ തുക കെപിസിസി പ്രസിഡണ്ട് എൻ.എം. വിജയന്റെ അക്കൗണ്ടിലേക്ക് ഇട്ടതായി ബാങ്ക് ചെയർമാൻ ഡി.പി. രാജശേഖരൻ പറഞ്ഞു. കെപിസിസി പ്രസിഡണ്ട് സണ്ണി ജോസഫ് തന്നെ വിളിച്ച് എൻ.എം. വിജയന്റെ ബാങ്കിലുള്ള കടബാധ്യത എത്രയാണെന്നും അതിൽ എത്ര ബാങ്കിന് കുറക്കാൻ കഴിയുമെന്നും അന്വേഷിച്ചിരുന്നതായും ബാങ്ക് ചെയർമാൻ പറഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ ബാങ്ക് ഭരണസമിതിയുമായും ഉദ്യോഗസ്ഥരുമായും ചർച്ച നടത്തിയാണ് 58,23,047 രൂപ അടയ്ക്കണമെന്ന് അറിയിച്ചത്.

കുടുംബവുമായുള്ള കരാർ പ്രകാരമാണ് കോൺഗ്രസ് ബാങ്കിൽ പണം അടച്ചത്. നേരത്തെ 20 ലക്ഷം രൂപയുടെ ബാധ്യത കോൺഗ്രസ് തീർത്തിരുന്നു. സ്വകാര്യ ധനകാര്യ സ്ഥാപനത്തിൽ നൽകാനുണ്ടായിരുന്ന 10 ലക്ഷം രൂപയും നൽകി. എന്നാൽ അർബൻ ബാങ്കിലെ ബാധ്യത തീർക്കുമെന്നും വീടും സ്ഥലവും എടുത്തു നൽകാമെന്നുമുള്ള കരാർ പാലിക്കപ്പെട്ടില്ല.

പിന്നാലെ കോൺഗ്രസിനെതിരെ ആരോപണം ഉന്നയിച്ച് എൻ.എം. വിജയന്റെ മരുമകൾ പത്മജ ആത്മഹത്യക്ക് ശ്രമിച്ചത് വിഷയം വഷളാക്കി. സെപ്റ്റംബർ 30-നുള്ളിൽതന്നെ അർബൻ ബാങ്കിലെ ബാധ്യത തീർക്കണമെന്നും അല്ലാത്തപക്ഷം ഒക്ടോബർ രണ്ടിന് ഡിസിസിക്ക് മുൻപിൽ സത്യാഗ്രഹം ഇരിക്കുമെന്നും പത്മജ അറിയിച്ചിരുന്നു. ഇതിനു പിന്നാലെയാണ് പാർട്ടി ബാങ്കിൽ പണം അടച്ചത്. കടബാധ്യതയെത്തുടർന്ന് 2024 ഡിസംബർ 27-നാണ് വിഷംകഴിച്ച് എൻ.എം. വിജയനും ഇളയമകൻ ജിജേഷും കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലിരിക്കേ മരിച്ചത്. എൻ.എം. വിജയന്റെ ആത്മഹത്യാകുറിപ്പിലെ കോൺഗ്രസ് നേതാക്കൾക്കെതിരായ പരാമർശം വിവാദമായിരുന്നു. ബാധ്യത പാർട്ടി ഏറ്റെടുക്കണമെന്നു കുടുംബം ആവശ്യപ്പെട്ടു. ചർച്ചകൾക്കൊടുവിൽ കടബാധ്യത തീർക്കാമെന്നു കോൺഗ്രസ്, കുടുംബവുമായി ധാരണയിലെത്തുകയായിരുന്നു.

# സ്വർണക്കടത്ത് കേസിൽ സർക്കാരിനു തിരിച്ചടി

കൊച്ചി: സ്വർണക്കടത്തു കേസിൽ കേന്ദ്ര അന്വേഷണ ഏജൻസിക്കെതിരായ ജുഡീഷ്യൽ കമ്മീഷന്റെ അന്വേഷണം സ്റ്റേ ചെയ്ത സിംഗിൾ ബെഞ്ച് ഉത്തരവ് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ശരിവെച്ചു. ജസ്റ്റിസ് സുശ്രുത് അരവിന്ദ് ധർമാധികാരി, ജസ്റ്റിസ് വി.എം. ശ്യാംകുമാർ എന്നിവരുടെ ബെഞ്ചാണ് കേരള സർക്കാരിന്റെ അപ്പീൽ തള്ളിയത്.

2020-ൽ പുറത്തുവന്ന സ്വർണക്കടത്തിൽ രാഷ്ട്രീയ നേതാക്കൾക്കു പങ്കുണ്ടെന്നു വരുത്തിത്തീർക്കാൻ കേന്ദ്ര അന്വേഷണ ഏജൻസികൾ പ്രതികളിൽ സമ്മർദം ചെലുത്തിയോ എന്നുൾപ്പെടെ അന്വേഷിക്കാനാണ് ജസ്റ്റിസ് വി.കെ. മോഹനൻ കമ്മീഷനെ സർക്കാർ നിയോഗിച്ചത്. ഇതിനെതിരെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) നൽകിയ ഹർജിയിൽ കമ്മീഷന്റെ പ്രവർത്തനം തടഞ്ഞ് സിംഗിൾ ബെഞ്ച് ഇടക്കാല ഉത്തരവു നൽകിയിരുന്നു. തുടർന്ന് 2021-ൽ സർക്കാർ നൽകിയ അപ്പീലിലാണ് ഇപ്പോഴത്തെ വിധി. കേന്ദ്ര ഏജൻസികളുടെ അന്വേഷണത്തെ ജുഡീഷ്യൽ അന്വേഷണം ബാധിക്കുമെന്ന സിംഗിൾ ബെഞ്ചിന്റെ വിലയിരുത്തൽ ഡിവിഷൻ ബെഞ്ചും അംഗീകരിച്ചു. ഇഡി ഒരു വകുപ്പ് മാത്രമാണെന്നും ജുഡീഷ്യൽ കമ്മീഷൻ നിയമനം ചോദ്യം ചെയ്ത് ഹർജി നൽകാനാവില്ലെന്നുമുള്ള വാദം തള്ളി.

# തേജസ് വിമാനങ്ങൾക്ക് കരാർ ഒപ്പിട്ടു

ന്യൂഡൽഹി: തേജസ് മാർക്ക് 1എ വിമാനങ്ങൾ 97 എണ്ണം കൂടി വാങ്ങാനുള്ള 62,370 കോടി രൂപയുടെ കരാറിൽ പ്രതിരോധ മന്ത്രാലയവും ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡും (എച്ച്എഎൽ) ഒപ്പുവെച്ചു. 68 യുദ്ധവിമാനങ്ങളും 29 ഇരട്ട സീറ്റ് പരിശീലന വിമാനങ്ങളും ആണു വാങ്ങുന്നത്. 2027-28 മുതൽ വിമാനങ്ങൾ ലഭ്യമാക്കുമെന്നാണു കരാർ. ആറ് വർഷത്തിനുള്ളിൽ പൂർണമായും കൈമാറും. വിമാനത്തിന്റെ 64 ശതമാനം ഭാഗങ്ങളും ഇന്ത്യയിൽ നിർമിച്ചതാണ്. ഉത്തം ആക്ടീവ് ഇലക്ട്രോണിക്കലി സ്കാൻഡ് അരൈ റഡാർ, സ്വയംരക്ഷാ കവച് എന്നിവയെല്ലാം പുതിയ തേജസ് വിമാനങ്ങൾക്കു കരുത്തേകും.

2021 ഫെബ്രുവരിയിൽ 83 തേജസ് യുദ്ധവിമാനങ്ങൾ ലഭ്യമാക്കാൻ 46,989 കോടി രൂപയുടെ കരാർ വ്യോമസേന എച്ച്എഎല്ലുമായി ഒപ്പിട്ടിരുന്നു. ഇതിൽ ഒരു വിമാനം പോലും ഇതുവരെ നൽകിയിട്ടില്ല. ജനറൽ ഇലക്ട്രിക്കൽസിൽനിന്ന് എഞ്ചിൻ ലഭിക്കാൻ വൈകിയതാണു തടസ്സമായത്. ഈ വർഷം ലഭിക്കുമെന്നാണു കരുതുന്നത്. ഇതിനിടെയാണു കേന്ദ്രം പുതിയ കരാറിൽ ഒപ്പിടുന്നത്.

മിഗ് 21 യുദ്ധവിമാനങ്ങൾ സർവീസിൽനിന്നു പിൻവലിച്ചു. ഇതോടെ സേനയുടെ വിമാന സ്ക്വാഡ്രൺ ശേഷി 29 ആയി കുറയും. (ഓരോ സ്ക്വാഡ്രണും 16-18 വിമാനങ്ങൾ). വ്യോമസേനയുടെ ചരിത്രത്തിലെ ഏറ്റവും കുറഞ്ഞ നിലയാണിത്.

# ജുഡീഷ്യൽ സിറ്റി കളമശേരിയിൽ സ്ഥാപിക്കുന്നു

തിരുവനന്തപുരം: ഹൈക്കോടതി സമുച്ചയം ഉൾപ്പെടുന്ന ജുഡീഷ്യൽ സിറ്റി കളമശേരിയിൽ സ്ഥാപിക്കാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ ചേർന്ന മന്ത്രിസഭായോഗം തത്വത്തിൽ അനുമതി നൽകി. എച്ച്എംടി ലിമിറ്റഡിന്റെ കൈവശമുള്ള 27 ഏക്കർ ഇതിനായി ഏറ്റെടുക്കും. പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിക്കാനും കേന്ദ്ര സഹായത്തിനുള്ള സാധ്യത പരിശോധിക്കാനും ആഭ്യന്തര വകുപ്പിനെ ചുമതലപ്പെടുത്തി.

ജുഡീഷ്യൽ സിറ്റിയുടെ പ്രാഥമിക രൂപരേഖ പൊതുമരാമത്തുവകുപ്പു തയാറാക്കി. 27 ഏക്കറിൽ 12 ലക്ഷത്തിലധികം ചതുരശ്ര അടി കെട്ടിട സൗകര്യമടക്കം രാജ്യാന്തര തലത്തിലുള്ള ആധുനിക സംവിധാനങ്ങളാണു വിഭാവനം ചെയ്തിരിക്കുന്നത്. തുല്യത, സ്വാതന്ത്ര്യം, ജീവൻ എന്നിവയ്ക്കുള്ള മൗലികാവകാശങ്ങൾ ഉറപ്പുനൽകുന്ന ഭരണഘടനയിലെ വ്യവസ്ഥകൾ അടിസ്ഥാനമാക്കി മൂന്ന് ടവറുകൾ നിർമിക്കും. പ്രധാന ടവറിൽ ഏഴ് നിലകൾ; മറ്റു രണ്ടെണ്ണത്തിൽ ആറ് നിലകൾ വീതവും. ചീഫ് ജസ്റ്റിസിന്റേതടക്കം 61 കോടതി ഹാളുകൾ ഉണ്ടാകും. ഭൂമി ഏറ്റെടുക്കൽ, കെട്ടിടനിർമാണം എന്നിവയ്ക്ക് 1000 കോടിയിലധികം രൂപയാണു ചെലവു പ്രതീക്ഷിക്കുന്നത്. 2023-ൽ മുഖ്യമന്ത്രിയും ചീഫ് ജസ്റ്റിസും നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണു ജുഡീഷ്യൽ സിറ്റി സ്ഥാപിക്കാൻ തീരുമാനിച്ചത്. ഹൈക്കോടതിയിൽ സ്ഥലപരിമിതി നേരിടുന്ന സാഹചര്യത്തിലാണു പുതിയ സ്ഥലത്തേക്കു മാറുന്നതു സംബന്ധിച്ചു കോടതിയിൽനിന്നു നിർദേശം ഉയർന്നതെന്നു മന്ത്രി രാജീവ് പറഞ്ഞു.



കളമശേരിയിൽ നിർമിക്കാൻ ലക്ഷ്യമിടുന്ന ജുഡീഷ്യൽ സിറ്റിയുടെ മാതൃക.



# മിഗ് 21 യുദ്ധവിമാനങ്ങൾ വിടവാങ്ങി

ന്യൂഡൽഹി: മിഗ് 21 വീരകഥകൾ ഇനി ചരിത്രം. ചണ്ഡിഗഡിലെ വ്യോമസേന കേന്ദ്രത്തിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ മിഗ് 21 യുദ്ധവിമാനങ്ങൾ സൈന്യത്തിൽനിന്നു വിടവാങ്ങി. ആറ് പതിറ്റാണ്ടിലേറെ വ്യോമസേനയുടെ കരുത്തായിരുന്നു മിഗ് 21. പ്രതിരോധ മന്ത്രി രാജ്നാഥ് സിങ്, സംയുക്ത സേനാ മേധാവി ജനറൽ അനിൽ ചൗഹാൻ, കര-വ്യോമസേനാ മേധാവികൾ, വ്യോമസേനയുടെ ആറ് മുൻ മേധാവികൾ, വിവിധ വ്യോമസേനാ കമാൻഡുകളുടെ തലവൻമാർ എന്നിവരെല്ലാം രണ്ടര മണിക്കൂറോളം നീണ്ട ചടങ്ങുകൾക്കു സാക്ഷ്യം വഹിച്ചു.

ആറ് മിഗ് വിമാനങ്ങൾ അണിനിരന്ന ഫ്ളൈപാസ്റ്റിനു നേതൃത്വം നൽകിയതു വ്യോമസേനാ മേധാവി എയർ ചീഫ് മാർഷൽ എം.പി. സിങ്. 'പാന്തേഴ്സ്' എന്നറിയപ്പെട്ടിരുന്ന 23-ാം നമ്പർ സ്ക്വാഡ്രന്റെ ഭാഗമായ വിമാനത്തിൽ 'ബാദൽ-3' എന്ന കോൾസൈനിൽ എയർ ചീഫ് മാർഷൽ എ.പി. സിങ് അവസാനമായി മിഗ് പറത്തി.

ഒപ്പമുണ്ടായിരുന്ന അഞ്ച് പൈലറ്റുമാരിൽ ഒരു വനിതയുമുണ്ടായിരുന്നു. സ്ക്വാഡ്രൻ ലീഡർ പ്രിയ ശർമ. രാജ്യാന്തര ബഹിരാകാശ നിലയത്തിലെത്തിയ ആദ്യ ഇന്ത്യക്കാരൻ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ല ഉൾപ്പെടെയുള്ള മിഗ് വൈമാനികരും ചടങ്ങുകൾക്കു സാക്ഷ്യം വഹിക്കാൻ എത്തി.



ചണ്ഡിഗഡിലെ എയർഫോഴ്സ് കേന്ദ്രത്തിൽ മിഗ് 21 യുദ്ധവിമാനങ്ങളുടെ വിടവാങ്ങൽ ചടങ്ങിൽ കേന്ദ്രമന്ത്രി രാജ്നാഥ് സിങ് പ്രസംഗിക്കുന്നു.

ആകാശത്തു വിവിധ ഫോർമേഷനുകളിൽ മിഗ് പറന്നു. കോംപാക്ട് എയർ പട്രോൾ ഫോർമേഷനിൽ മിഗ് 21 വിമാനങ്ങൾ ജാഗ്വർ വിമാനങ്ങൾക്കൊപ്പം പറന്നപ്പോൾ മിഗ് 21 വിമാനങ്ങളും തേജസും അണിനിരന്ന ഫ്ളൈപാസ്റ്റ് സേനയുടെ മാറ്റത്തിന്റെ അടയാളമായി മിഗ് വിമാനങ്ങൾ വിരമിക്കുമ്പോൾ പകരക്കാരനാകുന്നതു തേജസ് ആണ്. ആകാശഗംഗ ടീമിന്റെ സ്കൈഡൈവിങ്, സൂര്യകിരൺ ടീമിന്റെ എയ്റോബാറ്റിക് അഭ്യാസപ്രകടനം തുടങ്ങിയവയും കാഴ്ചവിരുന്നായി. പറന്നിറങ്ങിയ മിഗ് വിമാനങ്ങളെ വാട്ടർ സല്യൂട്ട് നൽകിയാണു സ്വീകരിച്ചത്.

മിഗ് 21 ഇന്ത്യയുടെ അഭിമാനമാണെന്നു വിശേഷിപ്പിച്ച രാജ്നാഥ് സിങ്, അതൊരു വിമാനമോ യന്ത്രമോ മാത്രമല്ല, ഇന്ത്യ-റഷ്യ ബന്ധത്തിന്റെ തെളിവുകൂടിയാണെന്നു പറഞ്ഞു. ആറ് മിഗ് വിമാനങ്ങളുടെ സ്വിച്ച് ഓഫ് കർമം നിർവഹിച്ചതോടെ ഇവ ചരിത്രമായി.

വിമാനത്തിന്റെ വിശദാംശങ്ങൾ, അറ്റകുറ്റപ്പണികൾ എന്നിവയെല്ലാം രേഖപ്പെടുത്തിയ 'ഫോം 700' എന്ന ഔദ്യോഗിക രേഖ ഓഫീസർമാർ വ്യോമസേനാ മേധാവിക്കു കൈമാറി. ആദരസൂചകമായി സ്റ്റാംപും കേന്ദ്ര മന്ത്രി പുറത്തിറക്കി.

# സ്പീഡ് പോസ്റ്റിന് ഇനി ഒടിപി ഡെലിവറിയും

ന്യൂഡൽഹി: തപാൽ വകുപ്പ് വഴി സ്പീഡ് പോസ്റ്റ് ആയി അയയ്ക്കുന്ന ഉരുപ്പടികൾ വിലാസത്തിലെ വ്യക്തിക്കുതന്നെ ലഭിച്ചുവെന്ന് ഉറപ്പാക്കാനായി ഒടിപി (വൺ ടൈം പാസ്‌വേഡ്) വരുന്നു. ഒക്ടോബർ ഒന്നു തൊട്ടാണു മാറ്റം. ഒടിപിക്ക് പകരം ഒപ്പുവാങ്ങുന്ന നിലവിലെ രജിസ്റ്റേഡ് പോസ്റ്റ് രീതിയും ഉപയോഗിക്കാം. ഈ സേവനങ്ങൾക്ക് തപാൽ ചാർജിനു പുറമേ അഞ്ച് രൂപയും ജിഎസ്ടിയും നൽകണം. വ്യക്തി തന്നെ കൈപ്പറ്റണമെന്നുണ്ടെങ്കിൽ മാത്രം ഈ രീതികൾ തെരഞ്ഞെടുത്താൽ മതി. അല്ലെങ്കിൽ നിശ്ചിത വിലാസത്തിൽ വിതരണം ചെയ്യും.

ഒക്ടോബർ ഒന്ന് മുതൽ രജിസ്റ്റേഡ് പോസ്റ്റ് സംവിധാനം സ്പീഡ് പോസ്റ്റിൽ ലയിപ്പിക്കുന്നതിന്റെ ചുവടുപിടിച്ചാണിത്. കോടതി, ബാങ്ക്, സർക്കാർ ഓഫീസുകൾ തുടങ്ങി മുൻപ് രജിസ്റ്റേഡ് പോസ്റ്റ് വഴി അയച്ചിരുന്ന കത്തുകളും ഈ രീതിയിൽ അയയ്ക്കാം. മുൻപ് ഏതുതരം കത്തും പാഴ്സലും ഇന്ത്യയ്ക്കുള്ളിൽ രജിസ്റ്റേഡ് ആയി അയയ്ക്കുന്നതിന് 17 രൂപയാണ് ഈടാക്കിയിരുന്നത്. ഇത് അഞ്ച് രൂപയായി കുറച്ചെങ്കിലും സ്പീഡ് പോസ്റ്റുകൾക്കു മാത്രമേ ഇനി രജിസ്ട്രേഷൻ സൗകര്യം ലഭ്യമാകൂ.

സ്പീഡ് പോസ്റ്റ് ഒഴികെയുള്ളവയ്ക്ക് ലഭ്യമായിരുന്ന ഇൻഷുറൻസ് രീതിയും ഒഴിവാക്കി. നിലവിൽ സ്പീഡ് പോസ്റ്റ് വഴി അയയ്ക്കുന്ന പാഴ്സലുകൾക്കും രേഖകൾക്കും (ഡോക്യുമെന്റ്) ഒരേ നിരക്കാണ് ഈടാക്കുന്നത്. പുതിയ ചട്ടമനുസരിച്ച് വ്യത്യസ്തനിരക്കുകൾ ഏർപ്പെടുത്തി.

പാഴ്സലുകൾക്കും രേഖകൾക്കും ദൂരപരിധിയിലും തൂക്കത്തിലും വ്യത്യാസം വരുത്തിയാണ് ഇനി നിരക്കുകൾ. 500 ഗ്രാമിൽ താഴെയായിരിക്കണം രേഖകൾ. രേഖകൾ അയയ്ക്കുന്നതിന് പാഴ്സലുകൾക്കുള്ളതിനെക്കാൾ ഉയർന്ന നിരക്കായിരിക്കും ഈടാക്കുക. ഉദാഹരണത്തിന് 50 ഗ്രാം തൂക്കമുള്ള പാഴ്സൽ 200 കിലോമീറ്റർ ദൂരത്തേക്ക് അയയ്ക്കുന്നതിന് നിലവിൽ 35 രൂപയാണ്. ഇത് 47 രൂപയാകും. ഒക്ടോബർ ഒന്നിന് പുതിയ നിരക്കുകൾ പ്രാബല്യത്തിലാകും.

# കപ്പൽനിർമാണം: 69,725 കോടിയുടെ പദ്ധതിക്ക് അംഗീകാരം

ന്യൂഡൽഹി: നാവികമേഖലയുടെ കരുത്ത് വർധിപ്പിക്കുന്നതിനായി കപ്പൽനിർമാണം, സമുദ്ര ആവാസ വ്യവസ്ഥയുടെ സംരക്ഷണം ഉൾപ്പെടെ പദ്ധതികൾക്കു 69,725 കോടി രൂപ കേന്ദ്രമന്ത്രിസഭ അനുവദിച്ചു. ചരക്കുനീക്കത്തിനു വിദേശകപ്പലുകളെ ആശ്രയിക്കുന്നത് അവസാനിപ്പിക്കുക, സമുദ്ര ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുക എന്നിവയ്ക്കാണു പണം നീക്കിവെക്കുന്നത്.

കപ്പൽനിർമാണത്തിനായി 24,738 കോടി രൂപ ചെലവഴിക്കും. കപ്പൽനിർമാണശാലകൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിനും സാങ്കേതിക മേന്മ കൈവരിക്കുന്നതിനും മുൻഗണന നൽകും.

ചരക്കുനീക്കത്തിനായി വിദേശ ഷിപ്പിംഗ് കമ്പനികൾക്കു പ്രതിവർഷം ആറു ലക്ഷം കോടി രൂപയാണു ചെലവഴിക്കുന്നതെന്നും കപ്പൽ നിർമാണമേഖലയിൽ സ്വയംപര്യാപ്തത അനിവാര്യമാണെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞിരുന്നു.

# ലഹരി കടത്താൻ ജയിൽ ഉദ്യോഗസ്ഥർ

തിരുവനന്തപുരം: തടവുകാർക്കു ലഹരിമരുന്ന് എത്തിച്ചതിന് ഒരു വർഷത്തിനിടെ സസ്പെൻഷനിലായതു നാല് ജയിൽ ഉദ്യോഗസ്ഥർ. ജയിൽ വകുപ്പ് മൂടിവെക്കാൻ ശ്രമിച്ചെങ്കിലും പോലീസ് അന്വേഷണത്തിൽ വിവരം പുറത്തുവന്നതോടെ നടപടിയെടുക്കുകയായിരുന്നു. ഒരാളെ അറസ്റ്റ് ചെയ്തു.

വിയ്യൂർ സെൻട്രൽ ജയിലിലെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ (എപിഒ) മുരളി മോഹനെതിരെയാണ് ഒടുവിൽ നടപടിയെടുത്തത്. ലഹരിക്കേസ് പ്രതികളിൽനിന്ന് ഇയാളുടെ ഭാര്യയുടെ പേരിലുള്ള നമ്പറിലേക്ക് ഒട്ടേറെ കോളുകൾ വന്നതായി പോലീസ് കണ്ടെത്തിയിരുന്നു.

ഈ നമ്പറിൽനിന്നു ചില തടവുകാരുടെ ബന്ധുക്കൾക്കു പലതവണ കോളുകൾ പോയി. ജയിൽ അധികൃതർ വിവരമറിഞ്ഞിട്ടും നടപടിയെടുക്കാതെ കോട്ടയം ജില്ലാ ജയിലിലേക്കു സ്ഥലംമാറ്റി. എന്നാൽ, സ്പെഷൽ ബ്രാഞ്ച് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് മേധാവി ഇടപെട്ടതോടെ സസ്പെൻഡ് ചെയ്യേണ്ടിവന്നു.

എറണാകുളം ജില്ലാ ജയിലിൽ തടവുകാർക്കു ലഹരിമരുന്ന് എത്തിച്ചെന്ന പോലീസ് റിപ്പോർട്ടിനെത്തുടർന്ന് എപിഒ ഷിറാസ് ബഷീറിനെ ജൂലൈയിൽ സസ്പെൻഡ് ചെയ്തിരുന്നു. ലഹരി ഉൽപന്നത്തിന്റെ വില ജയിലിനു പുറത്തു തടവുകാർ ഏർപ്പാടാക്കുന്ന വ്യക്തികളിൽനിന്നു കൈപ്പറ്റിയെന്നാണു കണ്ടെത്തൽ. ആഭ്യന്തര വകുപ്പ് നേരിട്ടാണു നടപടിയെടുത്തത്.

വിയ്യൂർ സെൻട്രൽ ജയിലിലെ എപിഒ അജുമോൻ തടവുകാർക്കു ലഹരി എത്തിക്കുന്നുവെന്നു വിവരം കിട്ടിയപ്പോൾ കണ്ണൂരിലേക്കു മാറ്റുകയാണു ജയിൽ വകുപ്പ് ചെയ്തത്. എന്നാൽ പോലീസ് റിപ്പോർട്ടും പോലീസ് മേധാവിയുടെ ഇടപെടലുമുണ്ടായതോടെ സസ്പെൻഷനിലായി. യുപിഐ വഴിയാണ് പണം കൈപ്പറ്റിയത്.

വിയ്യൂർ അതീവസുരക്ഷാ ജയിലിലെ എപിഒ ഷംസുദ്ദീൻ ബീഡിക്കെട്ട് ഒളിപ്പിച്ചുകടത്തിയ കേസ് മാത്രമാണു ജയിൽ അധികൃതർക്കു പിടിക്കാനായത്. പോലീസ് അറസ്റ്റ് ചെയ്തതോടെ റിമാൻഡിലായി.

നാല് സംഭവങ്ങളിലും പോലീസ് അന്വേഷണം നടക്കുന്നു. ലഹരിയും ഫോണും കടത്തുന്നതിനു ജയിലുകളിൽ പിടിക്കപ്പെടുന്നതിൽ 10 ശതമാനം മാത്രമേ പോലീസിൽ റിപ്പോർട്ട് ചെയ്യുന്നുള്ളൂ.




FAMILY DENTAL

GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS

552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976

Children Welcome
Invisalign & Braces

9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)





DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD

Appointment, Visit: MyDentistToday.com MONDAY - SATURDAY

ACHIEVE REAL ESTATE GROUP, INC.

For All Your Real Estate Needs
Please Call ...

THOMAS KURUVILLA
KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# കെ.സി.എസ്. ചിക്കാഗോയിലെ മുതിർന്ന പൗരന്മാരുടെ തീർത്ഥാടന യാത്ര ലിബർട്ടി വില്ലിലേക്ക്

ചിക്കാഗോ: ലിബർട്ടി വില്ലിലുള്ള സെന്റ് മാക്സിമിലിയൻ കോൾബെയുടെ നാഷണൽ ദേവാലയത്തിലേക്ക് കെ.സി.എസ്. ചിക്കാഗോ സീനിയർ സിറ്റിസൺസ് അവിസ്മരണീയമായ

**ഷാജി പള്ളിവീട്ടിൽ**

ഒരു തീർത്ഥാടനം നടത്തി. ചിക്കാഗോ അതിരൂപതയിലെ ഒരു ആദരണീയ തീർത്ഥാടനകേന്ദ്രവും സെന്റ് ബൊണവെഞ്ചർ പ്രവിശ്യയിലെ കൺവെൻചൽ ഫ്രാൻസിസ്കൻ സന്യാസിമാരുടെ ശുശ്രൂഷയുമായ ഈ ദേവാലയം പങ്കെടുത്തവർക്ക് ആഴത്തിലുള്ള ആത്മീയവും പ്രതിഫലനപരവുമായ അനുഭവം പ്രദാനം ചെയ്തു.

23 മുതിർന്ന പൗരന്മാരുടെ ഒരു സംഘം ക്നാനായ കമ്യൂണിറ്റി സെന്ററിൽ നിന്ന് അഞ്ച് വാഹനങ്ങളിലായി ആരാധനാലയത്തിലേക്ക് യാത്ര ആരംഭിച്ചു. യാത്ര കൂട്ടായ്മ, പ്രാർത്ഥന എന്നിവയാൽ ശ്രദ്ധേയമായ ട്രിപ് ഭക്തിയുടെയും സഹവർത്തിത്വത്തിന്റെയും ഒരു ദിവസമാക്കി മാറ്റി.

ഈ തീർത്ഥാടനത്തിന്റെ വിജയം ഉറപ്പാക്കിയ ചിന്തനീയമായ നേതൃത്വവും ആസൂത്രണവും സീനിയർ സിറ്റിസൺ കോ-ഓർഡിനേറ്റർമാരായ മാത്യു പുളിക്കത്തൊട്ടിലിനും മാത്യു വാക്കലിനും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. കെ.സി.എസ്. മുതിർന്ന സമൂഹത്തിനുള്ളിൽ വിശ്വാസവും ഐക്യവും ശക്തിപ്പെടുത്തുന്ന അർത്ഥവത്തായ ഒരു പരിപാടി സൃഷ്ടിക്കാൻ അവരുടെ സമർപ്പണം സഹായിച്ചു.



# കേരള ക്ലബ് ചിക്കാഗോ ചീട്ടുകളി ഒക്ടോബർ 4-ന് ശനിയാഴ്ച

ചിക്കാഗോ: മലയാളികൾക്ക് ചീട്ടുകളിയുടെ പുതിയൊരനുഭവം കുറിക്കുവാനായി ചിക്കാഗോ കേരള ക്ലബ് മുന്നോട്ടു വന്നിരിക്കുകയാണ്. ഒക്ടോബർ 4-ന് ശനിയാഴ്ച ഡെസ്പ്ലെയിൻസിലുള്ള ക്നാനായ കത്തോലിക്കാ സൊസൈറ്റി (കെസിഎസ്) ഹാളിൽ മത്സരങ്ങൾ കൃത്യം 9 മണിക്ക് ആരംഭിക്കുന്നു. രാവിലെ 8 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കുന്നതായിരിക്കും. പുരുഷന്മാർക്കും വനിതകൾക്കും 28 (ലേലം), റമ്മി (പുരുഷന്മാർക്കും വനിതകൾക്കും) പുറമെ വനിതകൾക്കു മാത്രമായി 28 (ലേലം) മത്സരങ്ങളും നടത്തുന്നതായിരിക്കും.

കേരള ക്ലബ് ചീട്ടുകളി മത്സരത്തിലേക്ക് എല്ലാ ചീട്ടുകളി പ്രേമികളെയും വളരെ സ്നേഹത്തോടെ സംഘാടകസമിതി സ്വാഗതം ചെയ്യുന്നു. 28 (ലേലം) ഓപ്പൺ വിഭാഗത്തിൽ മൂന്നംഗ ടീമിന്റെ രജിസ്ട്രേഷൻ ഫീ 150 ഡോളറും റമ്മി വിഭാഗത്തിൽ ഇൻഡിവിജ്വൽ രജിസ്ട്രേഷൻ ഫീ 100 ഡോളറും വനിതാ വിഭാഗത്തിൽ മൂന്നംഗ ടീമിന്റെ രജിസ്ട്രേഷൻ ഫീ 75 ഡോളറും ആയിരിക്കും.

ജോണിക്കുട്ടി പിള്ളവീട്ടിൽ, മനോജ് അച്ചേട്ട്, ജിതേഷ് ചുങ്കത്ത്, ടോമി വള്ളിപ്പറമ്പിൽ, ബെന്നി വാച്ചാച്ചിറ എന്നിവർ കോ-ഓർഡിനേറ്റേഴ്സായ കമ്മിറ്റിയും കേരള ക്ലബ് പ്രസിഡണ്ട് സ്റ്റാൻലി കളരിക്കമുറിയുടെ നേതൃത്വത്തിലുള്ള ഭരണസമിതിയും ഈ സീസണിലെ ആദ്യത്തെ കാർഡ് ഗെയിംസ് അവിസ്മരണീയമാക്കുവാൻ പ്രയത്നിക്കുന്നു.

വിജയികൾക്കായി 7000 ഡോളറിൽ അധികം വരുന്ന ക്യാഷ് അവാർഡുകളും എവർ റോളിങ് ട്രോഫികളും കാത്തിരിക്കുന്നു. വനിതകൾക്ക് മാത്രമായി നടത്തപ്പെടുന്ന 28 (ലേലം) മത്സരവിജയികൾക്ക് 1000-ത്തിൽ അധികം ഡോളറാണ് സമ്മാനത്തുക നല്കുന്നത്.

ജോയ് നെടിയകാലായിൽ, സൈമൺ കോട്ടൂർ, സിറിയക് കൂവക്കാട്ടിൽ, ടോമി നെല്ലാമറ്റം, ജയ്ബു കുളങ്ങര, ഷാൻ കദളിമറ്റം, ജോസ്മോൻ ചെമ്മാച്ചേൽ, കുരുവിള ജെയിംസ്, ഡോ. സൂസൻ എടുക്കുത്തറ, ബിനു പൂത്തുറയിൽ, കലവറ ഗ്രോസറി ആൻഡ് ഫുഡ്, സഞ്ജു മാത്യു പുളിക്കത്തൊട്ടിയിൽ, കൈരളി ഫുഡ്സ്, റോയൽ ഗ്രോസറീസ് ആൻഡ് ഇവെന്റ്സ്, റോയൽ മഹാരാജ, എലൈറ്റ് ഗെയിമിംഗ്, ഡോ. മാത്യു ജോസഫ്, ജിമ്മി വാച്ചാച്ചിറ, ജിബിറ്റ് കിഴക്കേക്കുറ്റ്, ബിജു ജെയിംസ്, അച്ചീവ് റീൽറ്റർസ് (തോമസ് കുരുവിള, സാബു അച്ചേട്ട്, മോഹൻ സെബാസ്റ്റ്യൻ, ജോർജ് പണിക്കർ, ലൂക് ചിറയിൽ, ജോർജ് മാത്യു), റോയ് മുളകുന്നം, സ്റ്റാൻലി കളരിക്കാമുറിയിൽ എന്നിവരും കേരള ക്ലബിലെ അംഗങ്ങളും സ്പോൺസർ ചെയ്യുന്ന ഈ ചീട്ടുകളി മത്സരത്തിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക്: മനോജ് അച്ചേട്ട് 224 522 2470, ജോണിക്കുട്ടി പിള്ളവീട്ടിൽ 847 924 3493, ടോമി തോമസ് 847 942 5706 എന്നിവരുമായി ബന്ധപ്പെടുക.

# ഹൂസ്റ്റൺ സെ. ബേസിൽസ് യാക്കോബായ പള്ളിയിൽ പരി. യെൽദോ മോർ ബസ്സേലിയോസ് ബാവയുടെ പെരുന്നാൾ

**വർഗീസ് പാലമലയിൽ**

ഹൂസ്റ്റൺ: മഹാപരിശുദ്ധനായ യെൽദോ മോർ ബസ്സേലിയോസ് ബാവയുടെ നാമത്തിൽ സ്ഥാപിതമായ ഹൂസ്റ്റൺ സെന്റ് ബേസിൽസ് സുറിയാനി പള്ളിയുടെ പ്രധാന തിരുനാൾ 2025 ഒക്ടോബർ മാസം 4, 5 (ശനി, ഞായർ) തീയതികളിൽ പൂർവ്വാധികം ഭംഗിയായി കൊണ്ടാടുന്നു. പുതിയ ദേവാലയത്തിന്റെ കൂദാശയ്ക്ക് ശേഷം വരുന്ന ആദ്യ പെരുന്നാളാണിത്.

പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്നും മലങ്കരയിലെ സത്യവിശ്വാസം സംരക്ഷിക്കുന്നതിനു വേണ്ടി എഡി 1685-ൽ വാർദ്ധക്യത്തിന്റെ ക്ഷീണം കണക്കാക്കാതെ തന്റെ മക്കളെ തേടി എഴുന്നള്ളി അനേക നാളത്തെ യാത്രകൊണ്ട്, അതിഭയങ്കരമായിരുന്ന ഹൈറേഞ്ചിലെ ഘോരവനങ്ങളിലൂടെ കാട്ടുമൃഗങ്ങളിൽ നിന്ന് അത്ഭുതകരമായി രക്ഷപ്പെട്ട്, കാൽനടയായി ആ വന്ദ്യ വയോധികനായ പുണ്യപിതാവ് കോതമംഗലത്ത് എത്തിച്ചേർന്നു. 13-ാം ദിവസം (കന്നി 19) ഉച്ചതിരിഞ്ഞ് മൂന്നു മണിക്ക് ഈ ലോകത്ത് നിന്ന് യാത്രപറഞ്ഞ് കർത്തൃസന്നിധിയിലേക്ക് വാങ്ങിപ്പോയി. കോതമംഗലത്ത് മോർ തോമാശ്ലീഹായുടെ നാമത്തിലുള്ള പരിശുദ്ധ ദേവാലയത്തിൽ കബറടങ്ങി.

ഈ വർഷത്തെ പെരുന്നാളിന്റെ പ്രധാന കാർമ്മികൻ നോർത്തമേരിക്കൻ മലങ്കര അതിഭദ്രാസന മെത്രാപ്പോലീത്ത ആർച്ച്ബിഷപ് അഭിവന്ദ്യ യെൽദോ മോർ തീത്തോസ് തിരുമേനിയാണ്. 4-ാം തീയതി ശനിയാഴ്ച സന്ധ്യാ പ്രാർത്ഥനയും വചനശുശ്രൂഷയും തുടർന്ന് തമുക്ക് നേർച്ചയും ഉണ്ടായിരിക്കുന്നതാണ്. 5-ാം തീയതി ഞായറാഴ്ച രാവിലെ 8 മണിക്ക് പ്രഭാതപ്രാർത്ഥനയും തുടർന്ന് അഭിവന്ദ്യ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ വി. കുർബാനയും നടത്തപ്പെടുന്നു. കുർബാനയോടനുബന്ധിച്ച് പരിശുദ്ധ യെൽദോ മോർ ബസ്സേലിയോസ് ബാവായുടെ നാമത്തിൽ മദ്ധ്യസ്ഥ പ്രാർത്ഥനയും ഉണ്ടായിരിക്കുന്നതാണ്. വിശുദ്ധ കുർബാനാനന്തരം പ്രദക്ഷിണം, പാച്ചോർ നേർച്ച, സ്നേഹവിരുന്ന് എന്നിവയോടുകൂടി ഈ വർഷത്തെ പെരുന്നാൾ സമാപിക്കുന്നതാണ്.



യെൽദോ മോർ തീത്തോസ് മെത്രാപ്പോലീത്ത

ഈ പെരുന്നാളിൽ നേർച്ചകാഴ്ചകളോടെ വന്ന് സംബന്ധിക്കുവാൻ വികാരി റവ.ഫാ. ബിജോ മാത്യു കർത്തൃനാമത്തിൽ ഏവരേയും ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്: റവ.ഫാ. ബിജോ മാത്യു 404-702-8284, സെക്രട്ടറി സിമി ജോസഫ് 973-870-1720, ട്രഷറർ തോമസ് വർക്കി 979-329-1446 എന്നിവരുമായി ബന്ധപ്പെടാവുന്നതാണ്.






# ഹൂസ്റ്റൺ കെ.സി.എസിന്റെ ഓണാഘോഷ പരിപാടി അത്യുജ്ജ്വലമായി

**ജോംസ് മാത്യു കിഴക്കേകോട്ടിൽ**





ഹൂസ്റ്റൺ: ഹൂസ്റ്റൺ ക്നാനായ കത്തോലിക്കാ സൊസൈറ്റി (കെസിഎസ്) സെപ്റ്റംബർ 20-ന് ശനിയാഴ്ച ഓണം ആഘോഷിച്ചു. 600-ലധികം കുടുംബങ്ങളും 1500-ലധികം അംഗങ്ങളും പങ്കെടുത്ത ഈ ആഘോഷം ഐക്യത്തിന്റെയും പാരമ്പര്യത്തിന്റെയും വലിയ ഉദാഹരണമായി മാറി.

രാവിലെ 9 മണി മുതൽ വിവിധ ഫൊറോനകൾ തമ്മിലുള്ള വർണ്ണോജ്ജ്വലമായ അത്തപ്പൂക്കളം നടത്തപ്പെട്ടു. ജിപ്സൺ ഇടയഞ്ചലിൽ, എബിൻ നരയമ്പലം, അഖില കണ്ടോത്ത്, മറിയ വെട്ടികനാൽ എന്നിവർ വിവിധ ഫൊറോനകൾക്ക് നേതൃത്വം നല്കി.

നീമ വാഴപ്പള്ളിൽ (ഉഴവൂർ), ജോസഫ് കണ്ണശ്ശേരി (ചുമ്കോം-കൈപ്പുഴ), അരുൺ കണിയാലിൽ (കിടങ്ങൂർ-കടുത്തുരുത്തി), ജിം കണ്ടാരപ്പള്ളിൽ (കോട്ടയം-മലബാർ) എന്നിവരുടെ നേതൃത്വത്തിൽ നടന്ന ഫൊറോനാതലത്തിലുള്ള സാംസ്കാരിക മത്സരത്തിൽ കോട്ടയം മലബാർ ഫൊറോന ഒന്നാം സമ്മാനം കരസ്ഥമാക്കി. ഫൊറോനകൾ തമ്മിലുള്ള മത്സരത്തിൽ നൂറിലധികം കലാകാരന്മാർ പങ്കെടുത്തു.

കേരളത്തനിമ വിളിച്ചോതിയ വിവിധ കലാരൂപങ്ങളും താലപ്പൊലി, ചെണ്ട വാദ്യ മേളത്തോടു കൂടി മഹാബലിയെ ആനയിച്ചുകൊണ്ടുള്ള അത്തച്ചമയ ഘോഷയാത്ര ഓണാഘോഷത്തിന് പകിട്ടേകി.

തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ സെക്രട്ടറി ജോംസ് മാത്യു കിഴക്കേകോട്ടിൽ സ്വാഗതം പറയുകയും ശ്രീമതി സിന്ദു മേനോൻ (സിഐഎ, ഹാരിസ് കൗണ്ടി), മനോജ് പൂപ്പാറയിൽ (ക്യാപ്റ്റൻ ഫോർഡ് ബെൻഡ് കൗണ്ടിംഗ്), റോബിൻ ഇലക്കാട്ട് (മിസ്സോറി സിറ്റി മേയർ) എന്നിവർ ഓണസന്ദേശം നല്കുകയും ചെയ്തു. വിശിഷ്ടാതിഥിയായി പുതുപ്പള്ളി എംഎൽഎ ചാണ്ടി ഉമ്മന്റെ സാന്നിദ്ധ്യം പരിപാടിയുടെ മാറ്റ് വർദ്ധിപ്പിച്ചു. ക്നാനായക്കാരുടെ ഒത്തൊരുമയും ഐക്യവും ലോകത്തുള്ള എല്ലാവർക്കും ഒരു മാതൃകയാണെന്ന് ഓണസന്ദേശത്തിൽ അദ്ദേഹം എടുത്തുപറഞ്ഞു.




150-ലധികം വോളന്റിയർമാരും യുവാക്കളും ചേർന്ന് 1500-ലധികം അംഗങ്ങൾക്കും അതിഥികൾക്കും യഥേഷ്ടം 23 കൂട്ടം കൊണ്ടുള്ള ഓണസദ്യ വിളമ്പി. അജു കളപുരയ്ക്കൽ, ജോബി കാവുതറ, ബിൻസൺ കിഴക്കേപുറം, വിജയൻ നെടുംചേരിൽ, ജിമ്മി ചകിരിയാംതടത്തിൽ, വിമൻസ് ഫോറം എന്നിവരുടെ നേതൃത്വത്തിൽ ഭക്ഷണ വിതരണം മികച്ച രീതിയിൽ നടന്നു. ഹൂസ്റ്റൺ കെസിഎസ് അംഗമായ സുനിൽ പടിഞ്ഞാറേവാരിക്കാട്ടിലിന്റെ ഉടമസ്ഥതയിലുള്ള മസാല ഹട്ട് ഇന്ത്യൻ റെസ്റ്റോറന്റ് ആണ് രുചികരമായ ഓണസദ്യ ഒരുക്കിയത്.

പ്രോഗ്രാം വിജയകരമായി നടത്താൻ പ്രസിഡണ്ട് തോമസ് വിക്ടർ, വൈസ് പ്രസിഡണ്ട് നീതു വാലിമറ്റത്തിൽ, സെക്രട്ടറി ജോംസ് കിഴക്കേകോട്ടിൽ, ട്രഷറർ ഫിലിപ് കരിശ്ശേരിക്കൽ, ജോയിന്റ് സെക്രട്ടറി സ്മിതോഷ് അറ്റുക്കുന്നേൽ, പ്രോഗ്രാം എക്സിക്യൂട്ടീവ് ജെനി തുണ്ടിയിൽ, സോഷ്യൽ മീഡിയ കോ-ഓർഡിനേറ്റർ അമൃത പാലക്കാപറമ്പിൽ എന്നിവരടങ്ങുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി നേതൃത്വം നല്കി. രജിസ്ട്രേഷൻ കമ്മിറ്റി റോബർട്ട് പരതാരത് (ലെയ്സൺ ബോർഡ് ചെയർമാൻ) നയിച്ചു. ജൂബി പതിയിൽ (ബിൽഡിംഗ് ബോഡി സെക്രട്ടറി), ജോസ്മോൻ ഇഞ്ചനാട്ടിൽ (ബിൽഡിംഗ് ബോഡി ട്രഷറർ) എന്നിവരും പ്രധാനപങ്കു വഹിച്ചു.

പ്രസിഡണ്ട് തോമസ് വിക്ടർ യുവാക്കളെ നേതൃത്വം നല്കാൻ പ്രോത്സാഹിപ്പിക്കുന്നതിന്റെ ആവശ്യകത ഓണസന്ദേശത്തിൽ വിശദീകരിച്ചു. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മികച്ച പ്രവർത്തനം ഈ ആഘോഷത്തെ അതുല്യമായി മാറ്റി.

# സ്നേഹസങ്കീർത്തനം മ്യൂസിക്കൽ ഇവന്റിന്റെ ടിക്കറ്റ് കിക്കോഫ് നടത്തി

**ബിജു ജോൺ**

ന്യൂയോർക്ക്: ഒക്ടോബർ അഞ്ചിന് ഞായറാഴ്ച വൈകിട്ട് അഞ്ചു മണിക്ക് ന്യൂയോർക്കിൽ നടക്കുന്ന ക്രിസ്ത്യൻ സംഗീത നിശയുടെ ടിക്കറ്റ് വിതരണ ഉദ്ഘാടനം നടത്തുകയുണ്ടായി. റവ.ഫാ. മാത്യു തോമസ് (സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച്, വാലി കോട്ടേജ്) പ്രാർത്ഥിച്ച്, റോക്‌ലാൻഡ് കൗണ്ടി ലെജിസ്ലേറ്റർ ഡോ. ആനി പോൾ ഇവന്റ് അസോസിയേറ്റ് സ്പോൺസർ ആയ നോഹാ ജോർജ് (ഗ്ലോബൽ കൊളീഷൻ ബോഡി വർക്സ്) ആദ്യടിക്കറ്റ് നല്കി ഉദ്ഘാടനം ചെയ്തു. സ്നേഹസങ്കീർത്തനം എന്ന ഈ സംഗീത നിശ എൽമൻഡിലുള്ള മലങ്കര കാത്തലിക് സ്കൂൾ ഓഡിറ്റോറിയത്തിൽ (1510 DePaul St, Elmont, NY) വെച്ചാണ് നടത്തപ്പെടുന്നത്. ഗായകരായ ഇമ്മാനുവൽ ഹെൻറി, റോയി പുത്തൂർ, മെറിൻ ഗ്രിഗറി, മരിയ കോലടി കൂടാതെ കേരളത്തിൽ അറിയപ്പെടുന്ന ഓർക്കസ്ട്ര ടീം ഈ മ്യൂസിക്കൽ ഇവന്റ് മികവുറ്റതാക്കും. വ്യത്യസ്തത നിറഞ്ഞ ഈ ഗാനസന്ധ്യയിലേക്ക് ഏവരെയും സ്വാഗതം ചെയ്യുന്നു.



# നാം ഓരോരുത്തരും ദൈവത്തിന്റെ ഐക്കണുകൾ: പരി. മാത്യൂസ് തൃതീയൻ കാതോലിക്കാബാവ





ഹൂസ്റ്റൺ: ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്ന നാം ഓരോരുത്തരും ദൈവത്തിന്റെ ഐക്കണുകൾ ആണെന്ന് പരിശുദ്ധ കാതോലിക്കാബാവ തിരുമേനി പറഞ്ഞു. പാമ്പാടി തിരുമേനിയുടെ ഐക്കൺ പ്രതിഷ്ഠ ഹൂസ്റ്റണിലെ ഊർശ്ലെലേം അരമനച്ചാപ്പലിൽ നടത്തി സംസാരിക്കുകയായിരുന്നു ബാവ തിരുമേനി. ഐക്കണുകൾ മലങ്കര സഭയുടെ പാരമ്പര്യത്തിന്റെ ഭാഗമാണ്. ഓരോ ഐക്കണുകളും ദൈവവുമായുള്ള ബന്ധത്തെ ഓർമ്മിപ്പിക്കുന്നതും പരിശുദ്ധിയിലും ദൈവകൃപയിലും വളരുവാൻ നമ്മെ ക്ഷണിക്കുന്നതും ആണെന്ന് തിരുമേനി പറഞ്ഞു. ജീവിത വിശുദ്ധിയും ദൈവിക സാക്ഷ്യങ്ങളും കൊണ്ട് പരിശുദ്ധൻ എന്നല്ലാതെ പരുമല തിരുമേനിയെയും പാമ്പാടി തിരുമേനിയെയും നമുക്ക് വിളിക്കാൻ കഴിയുകയില്ലെന്ന് പരിശുദ്ധ കാതോലിക്കാബാവ തിരുമേനി അഭിപ്രായപ്പെട്ടു.

പരിശുദ്ധ പാമ്പാടി തിരുമേനിയുടെ ജീവിതവും സന്ദേശവും അടുത്ത തലമുറയിലേക്ക് പകർന്നു നല്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണെന്ന് പ്രത്യേക സന്ദേശത്തിൽ അമേരിക്കൻ സൗത്ത് വെസ്റ്റ് ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. തോമസ് മാർ ഇവാനിയോസ് മെത്രാപ്പോലീത്ത ഓർമ്മിപ്പിച്ചു. കോട്ടയം ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ഡയസ്കോറോസ് മെത്രാപ്പോലീത്തായുടെ വീഡിയോ സന്ദേശം ചടങ്ങിൽ പ്രദർശിപ്പിച്ചു.

തന്റെ പിതാവിന് ഏറ്റവും പ്രിയപ്പെട്ട പാമ്പാടി തിരുമേനിയുടെ ഐക്കൺ പ്രതിഷ്ഠാ ചടങ്ങിൽ പങ്കെടുക്കാൻ കഴിഞ്ഞത് അനുഗ്രഹമാണെന്ന് പുതുപ്പള്ളി എംഎൽഎ അഡ്വ. ചാണ്ടി ഉമ്മൻ പറഞ്ഞു. ഭദ്രാസന സെക്രട്ടറി റവ.ഫാ. ജോർജ് എസ്. മാത്യൂസ് എല്ലാവർക്കും സ്വാഗതം ആശംസിച്ചു. വെരി റവ. വടശ്ശേരിൽ വർഗീസ് കോർ എപ്പിസ്കോപ്പ, റവ.ഫാ. അലക്സാണ്ടർ ജെയിംസ് കുര്യൻ, റവ.ഫാ. പി. എം. ചെറിയാൻ, റവ.ഫാ. രാജേഷ് കെ. ജോൺ, റവ.ഫാ. വർഗീസ് തോമസ്, റവ.ഫാ. ക്രിസ്റ്റഫർ മാത്യു എന്നിവർ പങ്കെടുത്തു.

പാമ്പാടി തിരുമേനി ഗ്ലോബൽ കമ്യൂണിറ്റിയെ പ്രതിനിധീകരിച്ച് മനോജ് മാത്യു എല്ലാവർക്കും നന്ദി രേഖപ്പെടുത്തി. പാമ്പാടി തിരുമേനി ഗ്ലോബൽ കമ്യൂണിറ്റി സംഘടിപ്പിച്ച ചടങ്ങിൽ ഹൂസ്റ്റണിലെയും സമീപ ഇടവകകളിലെയും വിശ്വാസികൾ ശുശ്രൂഷകളിലും തുടർന്നു നടന്ന സ്നേഹവിരുന്നിലും പങ്കെടുത്തു.

# കെഎച്ച്എൻഎ അധികാര കൈമാറ്റ ചടങ്ങും ദീപാവലി ആഘോഷവും ഒക്. 4-ന് ടാമ്പയിൽ

**സുരേന്ദ്രൻ നായർ**

ടാമ്പാ: സനാതന ധർമ്മ പ്രചാരണത്തിന്റെ രജതജൂബിലി പൂർത്തീകരിച്ച കെഎച്ച്എൻഎയുടെ പതിനാലാമത് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ഉണ്ണികൃഷ്ണനും സംഘത്തിനും നിലവിലെ പ്രസിഡണ്ട് ഡോ. നിഷ പിള്ളയുടെയും സഹഭാരവാഹികളുടെയും ഔപചാരികമായ അധികാര കൈമാറ്റം ഒക്ടോബർ 4-ന് ശനിയാഴ്ച ടാമ്പായിൽ നടക്കുന്ന ദീപാവലി ആഘോഷങ്ങളുടെ ഭാഗമായ ഹൈന്ദവ സദസ്സിൽ വെച്ച് വിവിധ പരിപാടികളോടെ നിർവഹിക്കപ്പെടുന്നു.

അറ്റ്ലാന്റിക് സിറ്റിയിൽ നടന്ന കെഎച്ച്എൻഎ ഗ്ലോബൽ സംഗമത്തിന്റെ സമാപനത്തോടെ സംഘടനയുടെ പവിത്ര പതാക ഡോ. നിഷ പിള്ളയിൽ നിന്നും നിയുക്ത പ്രസിഡണ്ട് ഉണ്ണികൃഷ്ണൻ ആചാരവിധികളോടെ ഏറ്റുവാങ്ങിയതോടെ ആരംഭിച്ച അധികാര കൈമാറ്റ നടപടികൾ ടാമ്പയിലെ റെക്കോർഡുകളുടെ കൈമാറ്റത്തോടെ പൂർത്തിയാകുന്നു.



സംഘടനയുടെ ഭരണത്തുടർച്ച ഉറപ്പാക്കാനും അധികാര കൈമാറ്റ നടപടികൾ സുഗമമാക്കാനും നിയുക്തമായിട്ടുള്ള ട്രസ്റ്റി ബോർഡ് ഭാരവാഹികളായ ഗോപിനാഥ കുറുപ്പ്, ഡോ. രഞ്ജിനി പിള്ള, രതീഷ് നായർ, സുധ കർത്ത തുടങ്ങിയവർ നേതൃത്വം നല്കുന്ന സദസ്സിൽ വെച്ച് പ്രസിഡണ്ടിനെ കൂടാതെ സെക്രട്ടറി സിനു നായർ, വൈസ് പ്രസിഡണ്ട് സഞ്ജീവ് കുമാർ, ട്രഷറർ അശോക് മേനോൻ, ജോയിന്റ് സെക്രട്ടറി ശ്രീകുമാർ ഹരിലാൽ, ജോയിന്റ് ട്രഷറർ അപ്പുകുട്ടൻ പിള്ള, ട്രസ്റ്റി ബോർഡിന്റെ പുതിയ ചെയർപേഴ്സൺ വനജ നായർ, സെക്രട്ടറി സുധീർ പ്രയാഗ, ജുഡീഷ്യൽ കൗൺസിൽ അംഗങ്ങളായ സുധ കർത്ത, രാമദാസ്പിള്ള, ഗോപാലൻ നായർ എന്നിവരും സ്ഥാനങ്ങൾ ഏറ്റെടുക്കുന്നു.

പന്ത്രണ്ട് സംവത്സരങ്ങളുടെ ഇടവേളയ്ക്കുശേഷം അമേരിക്കയുടെ കേരളം എന്നറിയപ്പെടുന്ന ഫ്ളോറിഡയിലേക്ക് മടങ്ങിയെത്തുന്ന കെഎച്ച്എൻഎയുടെ ദേശീയ കൺവൻഷൻ വരവേൽക്കാൻ ഫ്ളോറിഡയിലെ ഹിന്ദു സംഘടനകളും മലയാളി സമൂഹവും വലിയ ആവേശത്തിലാണ്. അധികാര കൈമാറ്റവും വിവിധ വിചാരസഭകളും തുടർന്ന് വ്യത്യസ്തമായ കലാപരിപാടികളുമാണ് സംഘാടകർ ഒരുക്കിയിരിക്കുന്നത്.

അധികാരം ഒഴിയുന്ന വിവിധ സമിതികളിലെ അംഗങ്ങളുടെയും തെരഞ്ഞെടുക്കപ്പെട്ട പുതിയ അംഗങ്ങളെയും കൂടാതെ മുൻ ഭാരവാഹികളും പ്രത്യേകം ക്ഷണിതാക്കളും പ്രാദേശിക സംഘടനാ നേതാക്കളും ഉൾപ്പെടെ മുന്നൂറോളം പേരെയാണ് ചടങ്ങിലേക്ക് ക്ഷണിച്ചിട്ടുള്ളത്.

# റവ. സുരേഷ് വർഗീസിന്റെ 'നാഥാ തിരുമുൻപിൽ' ഭക്തിഗാനം പ്രകാശനം ചെയ്തു




**ജോസഫ് ജോൺ കാൽഗറി**

കാൽഗറി: റവ. സുരേഷ് വർഗീസ് അമ്പൂരി എഴുതി, ജോൺ സ്റ്റീവാർട്ട് അവനെസോരം സംഗീതം നല്കി സോനാ മാവേലിക്കര ആലപിച്ച 'നാഥാ തിരുമുൻപിൽ' എന്ന ഭക്തിഗാനം പ്രകാശനം ചെയ്തു. ഗാനത്തിന് അബി ബിജു, ജോമോൻ കോട്ടയം എന്നിവർ പശ്ചാത്തല സംഗീതം ഒരുക്കിയപ്പോൾ ദൃശ്യ ചാരുത അനുരാജ് അടൂർ ഒരുക്കിയിരിക്കുന്നു. ഗാനം റെക്കോർഡ് ചെയ്ത് മിക്സ് ചെയ്തത് ആമേൻ റെക്കോർഡിങ് ചെങ്ങന്നൂർ ആണ്.

റവ. സുരേഷ് വർഗീസ് അമ്പൂരി ഇപ്പോൾ കാൽഗറി സെയിന്റ് തോമാ മാർത്തോമ്മാ പള്ളിയുടെ ഇടവക വികാരിയായി സേവനം അനുഷ്ഠിക്കുന്നു. ഇതിനു മുൻപ് അദ്ദേഹം പുനലൂരിലെ സ്മൃതി അൽഷിമേഴ്സ് റീഹാബിലിറ്റേഷൻ സെന്ററിലെ ഡയറക്ടറായും സേവനമനുഷ്ഠിച്ചിരുന്നു.

# നവകേരള മലയാളി അസോസിയേഷൻ ഓണാഘോഷം ശ്രദ്ധേയമായി

പി.പി. ചെറിയാൻ






ഫ്ളോറിഡ: ഫ്ളോറിഡയിലെ നവകേരള മലയാളി അസോസിയേഷന്റെ മുപ്പത്തിയൊന്നാം വർഷ ഓണാഘോഷം മുപ്പത്തിയൊന്നു തരം വിഭവങ്ങളുമായി കൂപ്പർ സിറ്റി ഹൈസ്കൂളിൽ വെച്ച് വിവിധങ്ങളായ കലാപരിപാടികളോടൊപ്പം നടത്തപ്പെട്ടു. ബിജോയ് സേവ്യർ നവകേരളയുടെ മുപ്പത്തിയൊന്നാം വർഷ ഓണാഘോഷ ചടങ്ങിലേക്ക് എല്ലാ വിശിഷ്ടാതിഥികളേയും ഹാർദമായി സ്വാഗതം ചെയ്തു. യൂത്ത് പ്രസിഡണ്ട് മിസ് ലിയാന സാമുവേലിന്റെ മനോഹരമായ അമേരിക്കൻ നാഷണലാന്തത്തോടു കൂടി കലാപരിപാടികൾക്ക് തുടക്കം കുറിച്ചു. പ്രസിഡണ്ട് പനങ്ങായിൽ ഏലിയാസ് ആദ്യദീപം തെളിച്ചു. തുടർന്ന് ക്ഷണിക്കപ്പെട്ട വിശിഷ്ടാതിഥികളും വൈദികരും ദീപം തെളിച്ച് നവകേരളയുടെ മുപ്പത്തിയൊന്നാം വർഷത്തിന്റെ ഓണാഘോഷം വർണാഭമാക്കി.

ഓണാഘോഷങ്ങൾക്ക് ചീഫ് ഗസ്റ്റ് ആയി ഫോമാ മുൻ പ്രസിഡണ്ട് ഡോ. ജേക്കബ് തോമസ് (2022-24) ന്റെയും ഫോമാ ട്രഷറർ (2022-24) ബിജു തോണിക്കടവിലിന്റെയും സാന്നിദ്ധ്യം പ്രാധാന്യം അർഹിച്ചു. അതോടൊപ്പം ഓർലാൻഡോ മലയാളി അസോസിയേഷൻ (ഒരുമ) പ്രസിഡണ്ട് ജിബി ജോസഫ്, പാംബീച്ച് മലയാളി അസോസിയേഷൻ പ്രസിഡണ്ട് മാത്യു തോമസ്, നോവലിസ്റ്റും കലാകാരനുമായ പൗലോസ് കുയിലാടൻ (ഫോമാ നാഷണൽ കമ്മിറ്റി കൾച്ചറൽ ചെയർമാൻ), ബിജോയ് സേവ്യർ (ഫോമാ നാഷണൽ അഡ്വൈസറി കമ്മിറ്റി ജോയിന്റ് സെക്രട്ടറി) ഷാന്റി വർഗീസ് (ഫോമാ നാഷണൽ പൊളിറ്റിക്കൽ ഫോറം എക്സിക്യൂട്ടീവ്) ജോസ് തോമസ് സിപിഎ, ഏബ്രഹാം കളത്തിൽ (ഫൊക്കാന ഇന്റർനാഷണൽ ട്രഷറർ), കുര്യൻ വർഗീസ് ഐഒസി ഫ്ളോറിഡ ചാപ്റ്റർ സെക്രട്ടറി എന്നിവരുടെ സാന്നിദ്ധ്യവും പ്രശംസനീയമായിരുന്നു. പുതുതലമുറയ്ക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന നമ്മുടെ സ്നേഹത്തിന്റെ വിലയും ഐക്യത്തിന്റെ കരുത്തും പരസ്പര സഹായത്തിൽക്കൂടി ലഭിക്കുന്ന സംതൃപ്തിയും പുതുതലമുറയ്ക്ക് പകർന്നുകൊടുക്കുവാൻ, തിന്മയ്ക്കെതിരെ വിരൽ ചൂണ്ടുവാൻ മലയാളി സമൂഹം ആർജ്ജവം കാണിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ട് പ്രസിഡണ്ട് പനങ്ങായിൽ ഏലിയാസ് തന്റെ പ്രസിഡൻഷ്യൽ അഡ്രസ് അവസാനിപ്പിച്ചു.

ലളിതവും മനോഹരവുമായ ഓണസന്ദേശം നല്കി അതിഥികൾക്ക് സ്നേഹത്തിന്റെയും ഐക്യത്തിന്റെയും മൂല്യം പകർന്നുകൊടുത്ത്. റവ. ഡോ. സന്തോഷ് തോമസും റവ.ഫാ. ഫിലിപ്പ് ജി. വർഗീസ് ആശംസയും നല്കി ഓണം നല്ലോണം പ്രകാശിപ്പിച്ചു. ഡോ. ജഗതി നായർ കോറിയോഗ്രാഫ് ചെയ്ത തിരുവാതിര, ഡോക്ടർ കൊറിയോഗ്രാഫ് ചെയ്ത ഗ്രൂപ്പ് ഡാൻസ്, ലിയാന സാമുവൽ, മെലീസ, ജിജു, ജോയാന അഭീഷ് തുടങ്ങിയവർ നയിച്ച ഡാൻസ്, ഹൃദയ എമേഴ്സൺ കൊറിയോഗ്രാഫി ചെയ്ത മനോഹരമായ മെഗാ ഡാൻസ്, ഇമ്മാനുവൽ തോമസ്, രതീഷ് ലിയാന, തോമസ് ചേലക്കാട്ട്, ദീപക് ആചാരി, ഗൗരി ദീപക്, കിഷോർ കുമാർ ഇവരുടെഗാനമേളകൾ കർണമനോഹരമായിരുന്നു. ബിജോയ് ജോസഫ് എല്ലാ വിശിഷ്ടാതിഥികൾക്കും സ്പോൺസേഴ്സിനും സ്നേഹത്തിന്റെ പൂച്ചെണ്ടുകളോടെ നന്ദിയർപ്പിച്ചു.

മുപ്പത്തിയൊന്നുതരം വിഭവങ്ങൾ വിളമ്പുന്നതിനായി പ്രത്യേക കസ്റ്റം പ്ലേറ്റുകളും സജ്ജമാക്കിയത് ശ്രദ്ധയാകർഷിക്കപ്പെട്ടു. ഫുഡ് കോ-ഓർഡിനേറ്റർ ഷാന്റി വർഗീസ് മികവുറ്റ വിഭവങ്ങൾ ഒരുക്കുന്നതിന് നേതൃത്വം നല്കി. മേലെ ചാക്കോ, കുര്യൻ വർഗീസ്, എമേഴ്സൺ ചാലിശ്ശേരി, ഗോപൻ നായർ, പത്മനാഭൻ കുന്നത്ത്, ബിബിൻ ജോർജ്, സിനോജ് കമ്പിയിൽ, ജോമിനി ബിജോയ്, സൂസി ബിജോയ് ബിന്ദു എമേഴ്സൺ താരാ പത്മകുമാർ, മെറിൻ ജോർജ് എന്നിവർ ഒത്തൊരുമയോടെ അതിഥികളെ സ്നേഹവിരുന്നിലേക്ക് ക്ഷണിച്ചു.

സാറാമ്മ ഏലിയാസ്, റോഷൻ സജോ പെല്ലിശ്ശേരി, റാണി കൂട്ടുകെട്ടിൽ മനോഹരമായ താലപ്പൊലി അരങ്ങേറി. മഹാബലിയായി അവതരിച്ച് കുരിയാക്കോസ് പൊടിമറ്റം അതിഥികളെ രോമാഞ്ചപുളകമണിയിച്ചു. നവകേരളയുടെ ഉത്സവവേളകൾ മനോഹരമായി അലങ്കരിക്കുന്ന പ്രിയപ്പെട്ട കുര്യാക്കോസ്ചേട്ടനെ കമ്മിറ്റി അംഗങ്ങൾ പ്രത്യേകം അഭിനന്ദിച്ചു. വർണ്ണമനോഹരമായ അത്തപ്പൂക്കളവും ഫോട്ടോബൂത്തും അതിഥികൾക്ക് ഹരം പകർന്നു. മനോഹരമായ ഫോട്ടോ ബൂത്ത് പ്രദർശിപ്പിച്ച ശിവകുമാർ, പ്രിയാ നായർ ദമ്പതികളെ പ്രസിഡണ്ട് പനങ്ങായിൽ ഏലിയാസ് അഭിനന്ദിച്ചു. ചെണ്ടമേളവും താലപ്പൊലിയും മഹാബലിയും ഒന്നിച്ചപ്പോൾ എഴുന്നള്ളത്ത് ഗംഭീരമായി. ചെണ്ടമേളത്തിനു ചുക്കാൻപിടിച്ച മോഹൻ നാരായൺ, ശ്രുതി ലയ താളം പ്രത്യേകം അഭിനന്ദനം അർഹിച്ചു. വളരെ മനോഹരമായ അവതരണശൈലിയോടെ വിവിധ പരിപാടികൾ കോർത്തിണക്കിയ മാസ്റ്റർ ഓഫ് സെറിമോണീസ് കാവ്യാ ബെൻസൻ, സിൽവിയ ബെന്യാം എന്നിവർ വളരെയധികം പ്രശംസ പിടിച്ചുപറ്റി.

പ്രോഗ്രാം കോ-ഓർഡിനേറ്റ് ചെയ്ത്, സ്റ്റേജ് കൺട്രോൾ മനോഹരമായി കൈകാര്യം ചെയ്ത സജോ പെല്ലിശ്ശേരിയെ പ്രസിഡണ്ട് പ്രത്യേക അംഗീകാരം അറിയിച്ചു. നവകേരളയുടെ സ്പോൺസേഴ്സിനെയും അഭ്യുദയകാംക്ഷികളെയും സ്ലൈഡ് ഷോയിൽ മനോഹരമായി പ്രദർശിപ്പിച്ച ബിജോയ് ജോസഫ്, പത്മനാഭൻ കുന്നത്ത് എന്നിവർ ഇൻഫർമേഷൻ ടെക്നോളജിയിൽ മികവു തെളിയിച്ചു. ലിയാന സാമുവേലിന്റെ ഇന്ത്യൻ നാഷണലാന്തത്തോടു കൂടി നവകേരള മലയാളി അസോസിയേഷന്റെ മുപ്പത്തിയൊന്നാം വർഷ ഓണാഘോഷങ്ങൾക്ക് തിരശ്ശീല വീണു.

# സി.കെ. തറവാട് ക്ലബിന്റെ ഉദ്ഘാടനം വർണ്ണശബളമായി

ആഷ്‌ലി അഴകുളം



ചാത്തംകെന്റ്: സെപ്റ്റംബർ 20-ന് ശനിയാഴ്ച മലയാളി കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ രൂപംകൊണ്ട സി.കെ. തറവാട് ക്ലബ് ചാത്തംകെന്റ് മേയർ ഡാരിൻ കാനിഫ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ഈ വർണ്ണശബളമായ ചടങ്ങ് മലയാളിസമൂഹത്തിന് ഒരേസമയം അഭിമാനകരവും ഉത്സാഹജനകവുമായിരുന്നുവെന്ന് അഭിപ്രായപ്പെട്ട് നിരവധി വ്യക്തികൾ പങ്കെടുത്തു. ക്ലബ് പ്രസിഡണ്ട് ജയ്മോൻ ജോർജ് സ്വാഗതം അർപ്പിച്ചു. സമ്മേളനത്തിൽ സെന്റർ ഫോർ കനേഡിയൻ മലയാളി അഫയേഴ്സ് പ്രസിഡണ്ട് പ്രവീൺ വർക്കി മുഖ്യപ്രഭാഷണവും ക്ലബിന്റെ ലോഗോ പ്രകാശനവും നിർവഹിച്ചു.

സി.കെ. ഏഷ്യൻ കൾച്ചറൽ അസോസിയേഷൻ പ്രസിഡണ്ട് റാഫി വീട്ടിൽ, ഫൊക്കാന ട്രസ്റ്റി ബോർഡ് ചെയർമാൻ ജോജി തോമസ് എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു. ജോയിന്റ് സെക്രട്ടറി മജീഷ് മാത്യു നന്ദി അറിയിച്ചു. ക്ലബ് അംഗങ്ങൾ അണിയിച്ചൊരുക്കിയ കലാപരിപാടികൾ കാഴ്ചക്കാർക്ക് ഇന്ദ്രിയാനുഭവം നല്കി.

പ്രശസ്ത മെന്റലിസ്റ്റ് ഫെബിൻ ഹരിപ്പാടിന്റെ മാജിക് ഷോ ചടങ്ങിന്റെ ഹൈലൈറ്റായിരുന്നു. ലണ്ടൻ ശിവാസ് ഓർക്കസ്ട്രയുടെ ഗാനമേള സംഗീതാസ്വാദകർക്ക് മഹത്തായ അനുഭവമായി.

200-ൽ അധികം ആളുകൾ പങ്കെടുത്ത സമ്മേളനത്തിന്റെ വിജയത്തിനായി ക്ലബ് വൈസ് പ്രസിഡണ്ട് അജി ഫ്രാൻസിസ്, സെക്രട്ടറി ലിജിൻ ജോയ്, ട്രഷറർ മജു പീറ്റർ, പ്രോഗ്രാം കോ-ഓർഡിനേറ്റേഴ്സ് ജൂബി സി. ബേബി, സെബിൻ സെബാസ്റ്റ്യൻ, കമ്മിറ്റി അംഗങ്ങളായ എമിൽ ജോളി, ക്രിസ്റ്റി പോൾ, ആഷ്‌ലി അഴകുളം തുടങ്ങിയവർ നേതൃത്വം നല്കി. അംഗങ്ങളുടെ സജീവ പങ്കാളിത്തം മലയാളി സമൂഹത്തിന്റെ സംസ്കാരത്തിനും ഐക്യത്തിനും പ്രതീകമായി മാറിയിരുന്നു.

# നിമ്മി റോസ് ദാസിന് 'ഫിലാഡൽഫിയ അവാർഡ്'

**പി.ഡി. ജോർജ് നടവയൽ**

ഫിലാഡൽഫിയ: പുകളറിഞ്ഞ നർത്തകിയും 'നൃത്തവർഷിണി അവാർഡ്' ജേതാവുമായ നിമ്മി റോസ് ദാസിനെ മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലാഡൽഫിയ സംഘടിപ്പിച്ച ഓണാഘോഷ കേരളോത്സവ വേദിയിൽ ഫിലാഡൽഫിയ മാപ് എക്സലൻസ് അവാർഡ് സമ്മാനിച്ച് ആദരിച്ചു. യുണൈറ്റഡ് സ്റ്റേറ്റ്സിലെ ദേശീയ അംഗീകാരമുള്ള 'നയാ ആൻഡാസ്' ഉൾപ്പെടെ നിരവധി അവാർഡുകൾ നേടിയിട്ടുണ്ട് നിമ്മി റോസ് ദാസ്. ഹൃദയങ്ങൾക്കും ആത്മാവിനും ഉത്കർഷം പകരുന്ന നൃത്താവിഷ്കാരങ്ങൾ, മികച്ച സാംസ്കാരിക ഉത്സവങ്ങളിലും വേദികളിലും അവതരിപ്പിച്ച്, പൊതുനന്മ സാദ്ധ്യമാക്കിയ അതുല്യ കലാകാരിയാണ് നിമ്മി റോസ് ദാസ് എന്ന മുദ്രണമാണ് അവാർഡ് നിർണയത്തിന് ആധാരമെന്ന് ഗ്രേറ്റർ ഫിലാഡൽഫിയ മലയാളി അസോസിയേഷൻ അവാർഡ് സമിതി പ്രസ്താവിച്ചു. ഇന്ത്യയിലുടനീളവും അന്തർദ്ദേശീയ രംഗങ്ങളിലും ലോകപ്രശസ്തമായ ന്യൂയോർക്ക് കാർണഗി ഹാളിലും വാഷിങ്ടൺ ഡിസിയിൽ നടന്ന ലോക സാംസ്കാരിക ഉത്സവം 2023 -ലും നിമ്മി റോസ് ദാസ് നർത്തനമാടി.

അദ്ധ്യാപിക എന്ന നിലയിൽ നിമ്മി അസംഖ്യം വിദ്യാർത്ഥികളുടെ മാർഗദർശിയാണ്. നേഴ്സ് ലീഡറായും അദ്ധ്യാപികയായും നേഴ്സ് അഡ്മിനിസ്ട്രേറ്ററായും പ്രവർത്തിക്കുന്നു. നിരവധി നാടകങ്ങളിൽ അഭിനയിച്ചു. ചിത്രരചനയിലും പെയിന്റിങ്ങിലും മികവ് പുലർത്തുന്ന ചിത്രകാരിയെന്ന നിലയിലും പ്രശസ്തയാണ്.









ഫിലാഡൽഫിയയിലെ പേരെടുത്ത യൂണിവേഴ്സിറ്റിയിലെ നേഴ്സ് എഡ്യൂക്കേറ്ററും പ്രശസ്ത ഹോസ്പിറ്റലിൽ നേഴ്സ് മാനേജരുമാണ് നിമ്മി റോസ് ദാസ്.

നിമ്മി റോസ് ദാസ് 1991-ൽ യൂണിവേഴ്സിറ്റി കലാതിലകം ആയിരുന്നു. കൊച്ചിൻ കോളജിൽ കോളജ് യൂണിയൻ ആർട് വിഭാഗം സെക്രട്ടറിയായിരുന്നു. എറണാകുളം മഹാരാജാസ് കോളജിൽ നിന്ന് ധനശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും ഫിലാഡൽഫിയായിലെ കോളജുകളിൽ നിന്ന് ഒക്യൂപ്പേഷണൽ തെറാപ്പിയിൽ ബിരുദവും നേഴ്സിങ്ങിൽ മാസ്റ്റേഴ്സും നേടി.

1998-ൽ രൂപംകൊണ്ട ഭരതം ഡാൻസ് അക്കാഡമിയുടെ സ്ഥാപകയും ഡയറക്ടറുമാണ് നിമ്മി ദാസ്. 28 വർഷമായി ഫിലാഡൽഫിയയിൽ ഭരതനാട്യം, കുച്ചുപ്പുടി, മോഹിനിയാട്ടം എന്നീ നൃത്തകലകളെയും മലയാളം, ഹിന്ദി ഭാഷകളെയും ഗാന-സംഗീത-യോഗ വിദ്യകളെയും ഭരതം ഡാൻസ് അക്കാഡമിയിൽ പഠിപ്പിക്കുന്നു. നൃത്തവിദ്യാഭ്യാസത്തിലൂടെ വിവിധ ഇന്ത്യൻ ഭാഷകളുടെയും സംസ്കാര രീതികളുടെയും പാഠങ്ങൾ അനേകം വിദ്യാർത്ഥിനി വിദ്യാർത്ഥികൾക്ക് പകർന്നു നല്കുന്നു. ഭരതം ഡാൻസ് അക്കാഡമി വർഷംതോറും ഡാൻസ് പ്രോഗ്രാമുകളിലൂടെ ജീവകാരുണ്യ നിധി സമാഹരിച്ച് ക്യാൻസർ രോഗികളുടെ ചികിത്സയ്ക്ക് പ്രത്യേകിച്ച് ഇന്ത്യയിൽ ധനസഹായം എത്തിക്കുന്നു. ന്യൂയോർക്കിലെ പ്രശസ്തമായ കാർണഗി ഹാളിൽ ശാകുന്തളത്തെ അടിസ്ഥാനമാക്കിയുള്ള മോഹിനിയാട്ടം ഡാൻസ് എപ്പിസോഡ് അവതരിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നിമ്മി റോസ് ദാസിന്റെ ഭരതം ഡാൻസ് അക്കാഡമിയിൽ പുരോഗമിക്കുന്നു. ഭരതം ഡാൻസ് അക്കാഡമിയുടെ രജതജൂബിലി ആഘോഷത്തിൽ സമാഹരിച്ച തുക വയനാട്ടിലെ ഉരുൾപൊട്ടൽ ദുരിതമനുഭവിക്കുന്ന അശരണർക്ക് നല്കിയിരുന്നു.

പ്രശസ്ത നർത്തക ദമ്പതികളായ സുരേന്ദ്രനാഥിന്റെയും വിജയലക്ഷ്മി സുരേന്ദ്രനാഥിന്റെയും ശിക്ഷണത്തിലാണ് നിമ്മി റോസ് ദാസ് ഭരതനാട്യം, മോഹിനിയാട്ടം, കുച്ചുപ്പുടി എന്നീ ക്ലാസിക്കൽ നൃത്തകലകളിൽ പ്രാവീണ്യം നേടിയത്. ഐടി പ്രൊഫഷണൽ നെഡ് ദാസ് ഭർത്താവ്. നർത്തകിയും ഗായികയുമായ നൈനാ ദാസ് മകൾ.

മാപ്പ് ഓണം-കേരളോത്സവം 2025 അരങ്ങിൽ തെയ്യം തൊട്ട് തിരുവാതിര വരെ എന്ന കലാവിരുന്നുകൊണ്ട് കേരള കലാരൂപങ്ങളുടെ രംഗതരംഗമൊരുക്കി ശ്രദ്ധേയമായ വേദിയിലായിരുന്നു അവാർഡ്ദാനം നടന്നത് എന്നത് നിമ്മി റോസ് ദാസിനു സമ്മാനിച്ച ആദരഫലകത്തിന് ഭരതം എന്ന വാക്കിന്റെ മൂലകാരണങ്ങളായ ഭാവ, രാഗ, താള വ്യാപ്തിയേകി.



ബെൻസൺ വർഗീസ് പണിക്കർ (മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലാഡൽഫിയ പ്രസിഡണ്ട്) ലിജോ ജോർജ് (ജനറൽ സെക്രട്ടറി), ജോസഫ് കുരുവിള (ട്രഷറർ), ശ്രീജിത്ത് കോമത്ത് (പ്രോഗ്രാം ചെയർ), കൊച്ചുമോൻ വയലത്ത് (വി.പി), എൽദോ വർഗീസ് (സെക്രട്ടറി), ജെയിംസ് പീറ്റർ (അക്കൗണ്ടന്റ്), അനു സ്കറിയാ, ബിനു ജോസഫ്, ഷാലൂ പുന്നൂസ്, തോമസ് ചാണ്ടി (ബോർഡ് ഓഫ് ട്രസ്റ്റീസ്), അഷിതാ ശ്രീജിത്ത് (ആർട്സ്), സന്തോഷ് ഫിലിപ് (സ്പോർട്സ്), സജി വർഗീസ് (യൂത്ത്), റോജിഷ് സാം സാമുവേൽ (പബ്ലിസിറ്റി ആൻഡ് പബ്ലിക്കേഷൻ), ഫെയ്ത്ത് മരിയാ എൽദോ (എഡ്യൂക്കേഷൻ ആൻഡ് ഐടി), ഫിലിപ് ജോൺ (മാപ് ഐസിസി), ലിബിൻ പി. കുര്യൻ (ചാരിറ്റി ആൻഡ് കമ്യൂണിറ്റി), ജോൺസൺ മാത്യു (ലൈബ്രറി), ജോൺ സാമുവേൽ (ഫണ്ട് റെയ്സിങ്), അലക്സ് അലക്സാണ്ടർ (മെംബർഷിപ്), ദീപാ തോമസ് (വിമൻസ് ഫോറം), ഏലിയാസ് പോൾ, ദീപു ചെറിയാൻ, ജോർജ് എം. കുഞ്ചാണ്ടി, ജോർജ് മാത്യു, ലിസി ബി. തോമസ്, മാത്യു ജോർജ്, രാജു ജി. ശങ്കരത്തിൽ, റോയ് വർഗീസ്, സാബു സ്കറിയ, ഷാജി സാമുവൽ, സോബി ഇട്ടി, സോയാ നായർ, സ്റ്റാൻലി ജോൺ, തോമസ്കുട്ടി വർഗീസ്, വിൻസന്റ് ഇമ്മാനുവേൽ (എക്സിക്യൂട്ടീവ് കമ്മിറ്റി മെംബേഴ്സ്) എന്നിവരാണ് മാപ്പ് ഓണം കേരളോത്സവം 25 ഗംഭീരമാക്കുന്നതിന് സമർത്ഥമായ നേതൃത്വം നല്കിയത്.









# AI നിങ്ങളുടെ ഫോട്ടോകൾ ദുരുപയോഗം ചെയ്യുന്നുണ്ടോ?

ലേഖനം



**സ്വപ്ന അലക്സിസ്**

കേരളാ എക്സ്പ്രസ് KERALA EXPRESS
വാരാന്ത്യം

‘എന്റെ ഫോട്ടോകൾ AI എടുത്ത് മോശം കാര്യങ്ങൾക്കായി ഉപയോഗിക്കുമോ?’ എന്ന ഭയം പലരിലുമുണ്ട്. ഈ ഭയം ശരിയാണോ എന്ന് നമുക്ക് പരിശോധിക്കാം.

AI നിങ്ങളുടെ ഫോട്ടോകൾ എന്തിനാണ് ഉപയോഗിക്കുന്നത്?

AI ടൂളുകൾ, പ്രത്യേകിച്ച് ജനറേറ്റീവ് അക മോഡലുകൾ, പ്രവർത്തിക്കുന്നത് വലിയ ഡാറ്റ സെറ്റുകളെ അടിസ്ഥാനമാക്കിയാണ്. ഈ ഡാറ്റാസെറ്റുകളിൽ കോടിക്കണക്കിന് ചിത്രങ്ങൾ, ടെക്സ്റ്റുകൾ, വീഡിയോകൾ എന്നിവ ഉൾപ്പെടാം. ഈ ഡാറ്റ ഉപയോഗിച്ച് അക മോഡലുകൾ പുതിയ ചിത്രങ്ങൾ, പാട്ടുകൾ, ലേഖനങ്ങൾ എന്നിവ നിർമ്മിക്കാൻ പഠിക്കുന്നു. ഒരു ചിത്രം ‘ആർട്ടിഫിഷ്യൽ’ ആയി എങ്ങനെ ഉണ്ടാക്കാമെന്ന് AI പഠിക്കുന്നത് ഇതുപോലുള്ള പരിശീലനത്തിലൂടെയാണ്.

ഇവിടെ ശ്രദ്ധിക്കേണ്ട ഒരു പ്രധാന കാര്യം, ഒരു AI മോഡൽ നിങ്ങളുടെ ഫോട്ടോ നേരിട്ട് ഉപയോഗിച്ച് ഒരു പുതിയ ഫോട്ടോ ഉണ്ടാക്കുകയല്ല ചെയ്യുന്നത്. പകരം, കോടിക്കണക്കിന് ചിത്രങ്ങളിൽ നിന്ന് പഠിച്ച പാറ്റേണുകൾ ഉപയോഗിച്ചാണ് പുതിയ ചിത്രങ്ങൾ സൃഷ്ടിക്കുന്നത്.

ഇവിടെയാണ് നിങ്ങളുടെ സുരക്ഷയെക്കുറിച്ച് ചിന്തിക്കേണ്ടത്. നിങ്ങളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ ഒരു സ്ഥാപനത്തിന് നൽകുമ്പോൾ, നിങ്ങളുടെ ബാങ്ക് അക്കൗണ്ട് തുറക്കുമ്പോൾ, അല്ലെങ്കിൽ ഒരു സോഷ്യൽ മീഡിയ പ്രൊഫൈൽ ഉണ്ടാക്കുമ്പോൾ, നിങ്ങളുടെ ഫോട്ടോകൾ പലയിടത്തും എത്തുന്നുണ്ട്. ഈ സാഹചര്യങ്ങളിൽ, നിങ്ങളുടെ വിവരങ്ങൾ സുരക്ഷിതമായി കൈകാര്യം ചെയ്യേണ്ടത് ആ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണ്. എന്നാൽ അവരിൽ പലരും അതത്ര ഉത്തരവാദിത്തത്തോടെയല്ല കൈകാര്യം ചെയ്യുന്നത്.

ചില ക്രിമിനലുകൾ അകയുടെ ശക്തി തീർച്ചയായും ദുരുപയോഗം ചെയ്യാൻ ശ്രമിക്കാം. ഉദാഹരണത്തിന്, ഒരു വ്യക്തിയുടെ ഫോട്ടോ ഉപയോഗിച്ച് മോർഫ് ചെയ്ത ചിത്രങ്ങൾ ഉണ്ടാക്കാൻ അക ടൂളുകൾ സഹായിച്ചേക്കാം. നിമിഷങ്ങൾ മതിയാകും അതിന്. എന്നാൽ ഇത്തരം മോർഫ് ചെയ്ത ചിത്രങ്ങൾ പ്രചരിക്കുമ്പോൾ, അത് യഥാർത്ഥ ചിത്രമല്ല, മറിച്ച് അക ഉപയോഗിച്ച് നിർമ്മിച്ചതാണ് എന്ന് തെളിയിക്കാൻ അനായാസം സാധിക്കും. ഓരോ അക ചിത്രത്തിനും അതിന്റേതായ ‘ഫിംഗർ പ്രിന്റുകൾ’ ഉണ്ടാവാം. ഈ ഫിംഗർപ്രിന്റുകൾ വിശകലനം ചെയ്യുന്നതിലൂടെ, ഒരു ചിത്രം കൃത്രിമമായി സൃഷ്ടിച്ചതാണോ എന്ന് കണ്ടെത്താൻ കഴിയും.

അതുകൊണ്ട്, ദുരുപയോഗം ചെയ്യപ്പെട്ട ഒരു ചിത്രം കാരണം അപമാനിക്കപ്പെട്ട ഒരു വ്യക്തിക്ക്, ആ ചിത്രം കൃത്രിമമായി നിർമ്മിച്ചതാണെന്ന് സാങ്കേതികമായി തെളിയിക്കാൻ സാധിക്കും. ഇത് അവർക്ക് നീതി ലഭിക്കുന്നതിനും സമൂഹത്തിൽ മാന്യത വീണ്ടെടുക്കുന്നതിനും സഹായകമാകും. AI സാങ്കേതികവിദ്യയുടെ ഇരുവശങ്ങളും ഇവിടെ കാണാൻ സാധിക്കും.

ഭയമല്ല, തിരിച്ചറിവാണ് ആവശ്യം. ജെമിനി നിങ്ങളുടെ ഫോട്ടോ എടുത്ത് മോശം കാര്യങ്ങൾ ചെയ്യുമെന്ന് ഭയപ്പെടുന്നതിന് പകരം, നിങ്ങൾ ഒരു പാസ്പോർട്ട് എടുക്കാൻ പോലും ഭയപ്പെടണം. കാരണം ഈ രണ്ട് സാഹചര്യങ്ങളിലും നിങ്ങളുടെ ഫോട്ടോ ഒരു സിസ്റ്റത്തിന്റെ ഭാഗമാകുന്നുണ്ട്. എന്നാൽ ഏത് സിസ്റ്റവും നിങ്ങളുടെ വിവരങ്ങൾ ഉപയോഗിക്കുന്നത് അതിന്റെ ധാർമ്മികമായ ഉത്തരവാദിത്തമനുസരിച്ചാണ്. AI ടൂളുകൾ വികസിപ്പിക്കുന്ന കമ്പനികൾക്ക് അവരുടെ ഉപയോക്താക്കളുടെ സ്വകാര്യത സംരക്ഷിക്കേണ്ട നിയമപരമായ ബാധ്യതയുണ്ട്. എന്നാൽ നിങ്ങൾ മറ്റു കാര്യങ്ങൾക്കായി ഫോട്ടോകൾ നൽകുന്ന ഇടങ്ങളിൽ അതുണ്ടാവണമെന്നില്ല. അതായത്, നിങ്ങൾ അക ടൂളുകളിൽ നേരിട്ട് നൽകുന്ന ഫോട്ടോ മാത്രമേ ദുരുപയോഗം ചെയ്യപ്പെടൂ എന്ന മുറവിളികൾ വിഡ്ഢിത്തം മാത്രമാണ്.

# നിന്നനില്പിൽ എത്ര പെട്ടന്നാണ് മനുഷ്യരുടെ ജീവിതം ആടിയുലയുന്നത്

ലേഖനം



**ഷിബു ഗോപാലകൃഷ്ണൻ**




H1B വിസക്ക് അതിഭീമമായ വാർഷിക ഫീസ് ഏർപ്പെടുത്തി എന്നതുമാത്രമല്ല ഇപ്പോഴത്തെ സാഹചര്യത്തെ ഇത്രയും ദുഷ്കരമാക്കിയത്. ഏഴുലക്ഷത്തോളം ഇന്ത്യക്കാർ ഈ വിസയിൽ അമേരിക്കയിൽ ഉണ്ടെന്നാണ് കണക്കാക്കുന്നത്. അവിടെ പഠിക്കുന്ന ഇന്ത്യൻ വിദ്യാർത്ഥികളും കൂടി ചേർന്നാൽ ഏകദേശം പത്തുലക്ഷം ഇന്ത്യക്കാരെ നേരിട്ട് ബാധിക്കുന്ന തൊഴിൽ പ്രശ്നമാണ്, ജീവിത പ്രശ്നമാണ്. പഠിപ്പു പൂർത്തിയാക്കുമ്പോൾ ഈ വിസയിലൂടെ ജോലിയിൽ പ്രവേശിക്കേണ്ടുന്ന കുട്ടികളുടെ സ്വപ്നത്തെയും ഇത് ബാധിക്കും.

വെക്കേഷനോ മറ്റു ബിസിനസ്സ് ആവശ്യങ്ങൾക്കോ അമേരിക്കക്ക് പുറത്തു പോയിട്ടുള്ളവർ ഈ ഉത്തരവ് നിലവിൽ വരുന്ന Sep 21-നു മുൻപ് തിരിച്ചെത്തിയില്ലെങ്കിൽ ഒരു ലക്ഷം ഡോളർ വാർഷിക ഫീസ് അടച്ചിരിക്കണം എന്നുള്ള നിബന്ധനയാണ് ഇപ്പോഴത്തെ സാഹചര്യത്തെ അങ്ങേയറ്റം ദുർഘടമാക്കിയത്. ഏതു ഇന്ത്യൻ നഗരത്തിൽ നിന്നും തിരിച്ചു അമേരിക്കയിൽ എത്താൻ 15 – 20 മണിക്കൂർ വേണം. നേരിട്ടുള്ള ഫ്ളൈറ്റ് അല്ലെങ്കിൽ അതിലും കൂടുതൽ സമയം വേണം. ടിക്കറ്റ് ഒന്നും ബുക്ക് ചെയ്യാതെ ഇരിക്കുന്ന അവർ നിന്നനില്പിൽ ടിക്കറ്റു ഉണ്ടാക്കി ശനിയാഴ്ച അവസാനിക്കുന്നതിനു മുൻപ് തിരിച്ചെത്തണം. അല്ലെങ്കിൽ വിസ ഉണ്ടെങ്കിലും വാർഷിക ഫീസ് അടച്ചിട്ടില്ലാത്തതിനാൽ പ്രവേശനം നിഷേധിക്കപ്പെട്ടേക്കാം. കത്തിപ്പടർന്ന ഈ ആശങ്കയാണ് സാഹചര്യത്തെ ഇത്രയും ദുഷ്കരവും ദുർഘടവും ആക്കിയത്.

വരുന്ന വാർത്തകൾ വിശ്വസിക്കാമെങ്കിൽ മനുഷ്യർ എങ്ങനെയും തിരിച്ചെത്താൻ നെട്ടോട്ടമോടുകയാണ്, വിമാന യാത്രാക്കൂലി നിന്നനില്പിൽ പത്തിരട്ടിയിലധികമായി, എന്നിട്ടും ടിക്കറ്റ് ലഭിക്കാനില്ല, ലഭിച്ചാലും എത്തേണ്ട സമയത്തിനുള്ളിൽ എത്തിച്ചേരില്ല. ഇന്നലെ സാൻഫ്രാൻസിസ്കോ എയർപ്പോർട്ടിൽ നാട്ടിലേക്കു വരാനായി കയറി ഇരുന്ന ഇന്ത്യക്കാർ വാർത്ത വന്നയുടൻ ഇറക്കിവിടണം എന്നാവശ്യപ്പെട്ടു. ലഗ്ഗേജ് എല്ലാം തിരിച്ചിറക്കി മണിക്കൂറുകൾ വൈകിയാണ് യാത്ര ആരംഭിച്ചത്. ഇതു തീർച്ചയായും ഒരു എയർപ്പോർട്ടിലെ മാത്രം അവസ്ഥ ആയിരിക്കില്ല.

ഈ ദിവസങ്ങളിൽ നാട്ടിലേക്കു വരാൻ തയ്യാറെടുത്തിരുന്നവരെല്ലാം ഇപ്പോൾ ടിക്കറ്റു കാൻസൽ ചെയ്തിരിക്കും. എത്ര എമർജൻസി ആണെങ്കിലും നാട്ടിലേക്കു വരാൻ ശ്രമിക്കാതെ അവർ അവിടെ തന്നെ പിടിച്ചു നിൽക്കും.

നിന്നനില്പിൽ എത്ര പെട്ടന്നാണ് മനുഷ്യരുടെ ജീവിതം അനിശ്ചിതത്വത്താൽ ആടിയുലയാൻ തുടങ്ങിയത്.

Update: ഇന്നലെ രാത്രി നിലവിലുള്ള H1B വിസക്ക് പുതിയ പരിഷ്കാരങ്ങൾ ബാധകമല്ല എന്നും അതുകൊണ്ട് Sep 21-നു മുൻപ് തിരിച്ചെത്തേണ്ടുന്ന ആവശ്യമില്ലെന്നുമുള്ള വ്യക്തത വൈറ്റ് ഹൗസ് വക്താവ് വരുത്തി. അടുത്ത വർഷത്തെ ലോട്ടറി സൈക്കിൾ മുതൽ പുതിയ വിസ അപേക്ഷകർക്കായിരിക്കും ഒരുലക്ഷം ഡോളർ എന്ന ഒറ്റത്തവണ ഫീസ് ബാധകമാവുക. ആശ്വാസം!



# ഉള്ളിലെ പ്ലാസ്റ്റിക് യുദ്ധം: നമ്മൾ ശ്വസിക്കുകയും കഴിക്കുകയും ചെയ്യുന്ന അദൃശ്യ ഭീഷണി.

ലേഖനം



സുരേഷ്കുട്ടി

പ്ലാസ്റ്റിക് നമ്മുടെ പുഴകളെയും കടലിനെയും ശ്വാസം മുട്ടിക്കുന്നതിനെക്കുറിച്ചും, ഭൂമിയെ ഒരു മാലിന്യക്കൂമ്പാരമാക്കുന്നതിനെക്കുറിച്ചും നമ്മൾ ഒരുപാട് വായിക്കുകയും കേൾക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ആ ഭീഷണി പുറംലോകത്ത് മാത്രമല്ല ഒതുങ്ങുന്നത്. നമ്മുടെ ശരീരം തന്നെ ഒരു ലോകമാണെങ്കിൽ, അതിനുള്ളിലും അതിലോലമായ 'മൈക്രോ' പരിസ്ഥിതികളുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് നമ്മുടെ കുടലിനുള്ളിലെ ആവാസവ്യവസ്ഥ.

പുതിയ പഠനങ്ങൾ സൂചിപ്പിക്കുന്നത്, പുറംലോകത്തെ നശിപ്പിക്കുന്ന അതേ പ്ലാസ്റ്റിക്, ഇപ്പോൾ നമ്മുടെ ശരീരത്തിനുള്ളിലെ ഈ ആന്തരിക പരിസ്ഥിതിയെയും നിശ്ശബ്ദമായി തകർക്കാൻ തുടങ്ങിയിരിക്കുന്നു എന്നാണ്.

അതെ, നമ്മളറിയാതെ ഓരോ നിമിഷവും ഒരു യുദ്ധം നടക്കുന്നുണ്ട്. ശത്രു അതിസൂക്ഷ്മനാണ്, നഗ്ന നേത്രങ്ങൾക്ക് അദൃശ്യനാണ്.

അഞ്ചു മില്ലിമീറ്ററിൽ താഴെ മാത്രം വലുപ്പമുള്ള ഈ പ്ലാസ്റ്റിക് ശത്രുക്കൾ (മൈക്രോപ്ലാസ്റ്റിക്സ്) നമ്മുടെ ശരീരത്തിൽ എത്തുന്നത് രണ്ടു പ്രധാന വഴികളിലൂടെയാണ്, നമ്മൾ കഴിക്കുന്ന ഭക്ഷണത്തിലൂടെയും കുടിക്കുന്ന വെള്ളത്തിലൂടെയും, അതിലും ഭീകരമായി, നമ്മൾ ഓരോ നിമിഷവും ശ്വസിക്കുന്ന വായുവിലൂടെയും.

നമ്മുടെ ജീവിതത്തിന്റെ 90% സമയവും നമ്മൾ ചിലവഴിക്കുന്നത് അടച്ചിട്ട മുറികൾക്കുള്ളിലാണ്. വീടുകളിലും, ഓഫീസുകളിലും, എന്തിന് കാറുകൾക്കുള്ളിൽ പോലും. ഇവിടങ്ങളിലെ വായുവിൽ മൈക്രോപ്ലാസ്റ്റിക്കുകൾ ഒളിച്ചിരിപ്പുണ്ടെന്നാണ് പുതിയ പഠനം വെളിപ്പെടുത്തുന്നത്. ശ്വാസകോശത്തിലേക്ക് ആഴ്ന്നിറങ്ങാൻ കഴിവുള്ള, 10 മൈക്രോമീറ്ററിൽ താഴെ മാത്രം വലുപ്പമുള്ള അതിസൂക്ഷ്മ പ്ലാസ്റ്റിക് കണങ്ങളാണ് (MP1-10 μm) ഏറ്റവും അപകടകാരികൾ.

ഏറ്റവും പുതിയ ഗവേഷണമനുസരിച്ച്, പ്രായപൂർത്തിയായ ഒരാൾ ഒരു ദിവസം ശരാശരി 68,000 അത്തരം സൂക്ഷ്മ പ്ലാസ്റ്റിക് കണങ്ങൾ ശ്വസിക്കുന്നുണ്ട്! കുട്ടികളിൽ ഇത് ഏകദേശം 47,000 ആണ്. ഇത് മുൻപ് കരുതിയിരുന്നതിലും 100 മടങ്ങ് കൂടുതലാണ്.

വീടുകളിലെ വായുവുമായി താരതമ്യം ചെയ്യുമ്പോൾ കാറുകൾക്കുള്ളിലെ വായുവിൽ മൈക്രോപ്ലാസ്റ്റിക്കുകളുടെ അളവ് വളരെ കൂടുതലാണ്. കാറിന്റെ ഉൾഭാഗങ്ങൾ നിർമ്മിച്ചിരിക്കുന്ന പ്ലാസ്റ്റിക്, തുണിത്തരങ്ങൾ എന്നിവ കാലക്രമേണ പൊടിഞ്ഞ് വായുവിൽ കലരുന്നതാണ് ഇതിന് കാരണം.

ശ്വസിക്കുന്ന ഈ പ്ലാസ്റ്റിക് കണങ്ങൾക്ക് എന്ത് സംഭവിക്കുന്നു? വലിയ കണങ്ങളെ നമ്മുടെ ശ്വാസകോശം കഫത്തിലൂടെ പുറന്തള്ളാൻ ശ്രമിക്കും. എന്നാൽ ഈ കഫം പുറത്തുപോകാതെ നമ്മൾ വിഴുങ്ങുമ്പോൾ, ആ പ്ലാസ്റ്റിക്കുകൾ നേരെ എത്തുന്നത് നമ്മുടെ കുടലിലേക്കാണ്.

ഭക്ഷണത്തിലൂടെ എത്തുന്നതിനേക്കാൾ കൂടുതൽ പ്ലാസ്റ്റിക് ഈ 'അദൃശ്യമായ വിഴുങ്ങലിലൂടെ' കുടലിലെത്തുന്നുണ്ടാവാം എന്ന് ശാസ്ത്രജ്ഞർ സംശയിക്കുന്നു. എന്നാൽ അതിലും ചെറിയ കണങ്ങൾ ശ്വാസകോശത്തിന്റെ ആഴങ്ങളിലെത്തുകയും അവിടെ നിന്ന് രക്തത്തിൽ കലർന്ന് ശരീരം മുഴുവൻ സഞ്ചരിക്കുകയും ചെയ്യും.

ഇങ്ങനെ ഭക്ഷണത്തിലൂടെയും ശ്വാസത്തിലൂടെയും നമ്മുടെ കുടലിൽ എത്തുന്ന മൈക്രോപ്ലാസ്റ്റിക്കുകൾ അവിടുത്തെ സൂക്ഷ്മജീവികളുടെ മഹാസാമ്രാജ്യത്തെ (ഗട്ട് മൈക്രോബയോം) തകർത്തെറിയുന്നു.

നമ്മുടെ ശരീരത്തിന് ഏറ്റവും ആവശ്യമുള്ള ബൈഫിഡോബാക്ടീരിയം, ലാക്ടോബാസില്ലസ് തുടങ്ങിയ നല്ല ബാക്ടീരിയകളെ പ്ലാസ്റ്റിക്കിന്റെ സാന്നിധ്യം ഇല്ലാതാക്കുന്നു.

നല്ലവർ ഇല്ലാതാകുന്നതോടെ ആ സ്ഥാനം എഷറിക്കിയ – ഷിഗെല്ല, സ്ട്രെപ്റ്റോകോക്കസ് പോലുള്ള രോഗകാരികളായ സൂക്ഷ്മാണുക്കൾ പിടിച്ചെടുക്കുന്നു. ഇത് ശരീരത്തിൽ വീക്കത്തിനും (inflammation) മാരകമായ രോഗങ്ങൾക്കും കാരണമാകുന്നു.

നല്ല ബാക്ടീരിയകൾ ഉത്പാദിപ്പിക്കുന്ന ഷോർട്ട് – ചെയിൻ ഫാറ്റി ആസിഡുകൾ (SCFAs) കുടലിന്റെ ഭിത്തിയെ സംരക്ഷിക്കുന്ന പരിചയാണ്. പ്ലാസ്റ്റിക്കിന്റെ ആക്രമണത്തിൽ ഈ ഫാറ്റി ആസിഡുകളുടെ ഉത്പാദനം കുറയുന്നത് കുടലിന്റെ ഭിത്തിയെ ദുർബലമാക്കുന്നു.

പ്ലാസ്റ്റിക്കിന്റെ സാന്നിധ്യം നമ്മുടെ കുടലിനുള്ളിൽ അപകടകരമായ രാസവസ്തുക്കൾ (VOCs) ഉത്പാദിപ്പിക്കാൻ കാരണമാകുന്നു. ഇവയിൽ പലതും അർബുദത്തിന് വരെ കാരണമായേക്കാവുന്നവയാണ്.

ഈ ആഭ്യന്തരയുദ്ധം ഇൻഫ്ലമേറ്ററി ബവൽ ഡിസീസ് (IBD), ഇറിറ്റബിൾ ബവൽ സിൻഡ്രോം (IBS), വൻകുടലിലെ കാൻസർ, പൊണ്ണത്തടി, പ്രമേഹം തുടങ്ങിയ രോഗങ്ങളുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

ഏറ്റവും ഭയപ്പെടുത്തുന്ന കണ്ടെത്തൽ, അമ്മയുടെ ശരീരത്തിൽ നിന്ന് ഗർഭസ്ഥ ശിശുവിലേക്ക് പോലും ഈ മൈക്രോപ്ലാസ്റ്റിക്കുകൾ എത്തുന്നു എന്നതാണ്. നവജാത ശിശുക്കളുടെ ആദ്യത്തെ മലമായ മെക്കോണിയത്തിൽ വരെ പ്ലാസ്റ്റിക്കിന്റെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്.

പ്ലാസ്റ്റിക് എന്ന വില്ലൻ നമ്മുടെ പരിസ്ഥിതിയെ മാത്രമല്ല, നാം കഴിക്കുന്ന ഭക്ഷണത്തിലൂടെയും ഓരോ ശ്വാസത്തിലൂടെയും നമ്മുടെ ശരീരത്തിനുള്ളിലെ ആവാസവ്യവസ്ഥയെക്കൂടി കാർന്നുതിന്നാൻ തുടങ്ങിയിരിക്കുന്നു. ഈ അദൃശ്യനായ ശത്രുവിനെതിരെയുള്ള പോരാട്ടത്തിൽ ജാഗ്രത മാത്രമാണ് ഏക ആയുധം.

---



സജീവ് ബാലകൃഷ്ണൻ

# അന്തരീക്ഷഭക്ഷകർ




ഊണ് എങ്ങനെ കഴിക്കാമെന്നും നവരസങ്ങൾ ഊണിൽ അലിഞ്ഞു ചേർന്നാൽ പ്രസ്തുത ഊണ് എങ്ങനെയിരിക്കുമെന്നും വർഷങ്ങളുടെ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഞാൻ ഇവിടെ മുമ്പ് പ്രതിപാദിച്ചിട്ടുള്ളതാണ്.

എന്നാൽ ഈയിടെ ഒരു തൃപ്പൂൺത്രയൻ സദ്യയിലെ ഒരു സൂപ്പർ സീനിയർ സിറ്റിസന്റെ സമീപനം കണ്ടപ്പോൾ അങ്ങേർ പ്രതിനിധീകരിക്കുന്ന വിഭാഗത്തിന്റെ അവതാര ലക്ഷ്യം ഒന്ന് വിശദീകരിക്കണമെന്ന് തോന്നി. അതാണിത്.

ചിത്രം പെട്ടെന്ന് ശ്രദ്ധിക്കൂ!

വെറ്ററനു മുന്നിൽ ഇപ്പോൾ ഇലയോ അതിലെ വിഭവങ്ങളോ ഇല്ല. കൊ–ഊണുകാരോ വിളമ്പുകാരോ ഇല്ല. മറിച്ച് ദ ഭക്ഷകൻ ഞൊടിയിടയ്ക്കുള്ളിൽ ഒരു ഇലോൺ മസ്കോ സോമനാഥോ ആയി മാറുകയാണ്. സ്ടാറ്റോസ്ഫിയറും തുരന്ന് കുതിച്ചെത്തുന്ന ആ വസ്തുവിനെ സ്വീകരിക്കാൻ സെക്കൻഡുകളായി തയ്യാറെടുത്തിരിക്കുകയാണ് അദ്ദേഹം. ഗോളാകൃതിയിലുള്ള പേടകത്തിന്റെ സ്പീഡ് കുറയ്ക്കാൻ ഒരു മാർഗ്ഗവുമില്ല. നേരെ മുൻ വരിയിലെ പല്ലുകളും തകർത്ത് വായിലൂടെ അന്നനാളം വഴി നേരെ ആമാശയത്തിൽ പ്രവേശിക്കണമെങ്കിൽ പ്രവേശിച്ചോട്ടെ എന്നൊരു മട്ടാണ്. അതുകഴിഞ്ഞിട്ട് വേണം, മുമ്പിൽ പച്ചനിറത്തിലുള്ള ലൗഞ്ചിൽ തയ്യാറാക്കി വെച്ച മറ്റ് മൂന്ന് റോക്കറ്റുകളും വൺ ബൈ വൺ ലോഞ്ച് ചെയ്യാൻ. ആദ്യത്തെ റോക്കറ്റ് അന്തരീക്ഷത്തിലേക്ക് ലോഞ്ച് ചെയ്യുന്നതിനിടയിലുള്ള സമയത്ത് മറ്റ് റോക്കറ്റുകളും ഉരുട്ടി തയ്യാറാക്കുന്നത് കാണേണ്ടതാണ്!

നിരന്തരമായി ഉരുളകൾ അന്തരീക്ഷത്തിലേക്ക് ലോഞ്ച് ചെയ്യുന്ന ഒരു ഊണരെ കണ്ടാൽ സദ്യാലയത്തിലേക്കുള്ള പ്രവേശനകവാടവും തകർത്ത് കുതിച്ചുവരുന്ന ഒരു വെപ്രാള സദ്യാർത്ഥിക്ക് ഊണർ കൊത്തംകല്ല് കളിക്കുകയാണെന്നേ തോന്നൂ.

റോക്കറ്റ് അന്തരീക്ഷത്തിൽ നിന്ന് തിരിച്ചെത്തുന്ന സമയത്തിനുള്ളിൽ അയൽ ഉണാർഥികളോട് ക്ഷേമാന്വേഷണങ്ങൾ ചോദിക്കുന്നത് ഇരുത്തം വന്നൊരു ലോഞ്ചറുടെ സിദ്ധിയാണ്. എന്നാൽ അന്തർമുഖ ഭക്ഷകർ ആ സമയം കൊണ്ട് കലോറിക് കണ്ടെന്റിന്റെ അടിസ്ഥാനത്തിൽ അവിയൽ, എരിശ്ശേരി, മെഴ്ക്കോർട്ടി, തോരൻ എന്നീ ആക്സസറീസ് അറ്റാച്ച് ചെയ്ത് ലോഞ്ചിങ്ങിന് തയ്യാറാക്കി വെച്ചിരിക്കുന്ന റോക്കറ്റുകൾ മുകളിലേക്ക് അയക്കാനാണ് ശ്രദ്ധിക്കാറ്.

KERALA EXPRESS പ്രവാസി താളുകൾ

# ഹൂസ്റ്റൺ ഗുരുവായൂരപ്പൻ ക്ഷേത്രം 2025 ഓണാഘോഷം ഗംഭീരമായി



ഹൂസ്റ്റൺ: ടെക്സസ് ശ്രീഗുരുവായൂരപ്പൻ ക്ഷേത്രം 2025-ലെ മഹത്തായ ഓണം ആഘോഷങ്ങൾക്ക് ആതിഥേയത്വം വഹിച്ചതോടെ ഹൂസ്റ്റണിൽ കേരളത്തിന്റെ ചൈതന്യം ഉണർന്നു. 2500-ലധികം ഭക്തരും അഭ്യുദയകാംക്ഷികളും അടങ്ങുന്ന അഭൂതപൂർവമായ ജനക്കൂട്ടമാണ് ആഘോഷത്തിന് വേദിയായത്. മുഖ്യാതിഥി കൗൺസിലേറ്റ് ജനറൽ മഞ്ജുനാഥ്, ക്ഷേത്രം പ്രസിഡണ്ട് ഡോ. സുബിൻ ബാലകൃഷ്ണൻ, സെക്രട്ടറി വിനോദ് നായർ, ട്രഷറർ സുരേഷ് നായർ, ട്രസ്റ്റി സുനിൽ നായർ എന്നിവർ ഭദ്രദീപം കൊളു

**ശങ്കരൻകുട്ടി**

ത്തിയതോടെ ആഘോഷം ആരംഭിച്ചു. സംസ്കാരത്തിന്റെയും ഭക്തിയുടെയും പാരമ്പര്യത്തിന്റെയും ഒരു മനോഹരമായ ചിത്രമായി പരിപാടി മാറി. കേരളത്തിലെ പ്രശസ്തനായ പാചകവിദ്വാൻ അംബി സ്വാമിയുടെ നേതൃത്വത്തിൽ ഗുരുവായൂരപ്പൻ ക്ഷേത്രം വോളന്റിയേഴ്സും ചേർന്നൊരുക്കിയ രുചിഭേദങ്ങളുടെ മാസ്മരിക സ്വാദ് വർണനാതീതമായിരുന്നു.

ഇത്രയും വലുതും വൈവിധ്യപൂർണവുമായ ഒരു സമ്മേളനത്തിന് ക്ഷേത്രത്തെ പ്രശംസിച്ചുകൊണ്ട് ഇന്ത്യയുടെ കൗൺസിൽ ജനറൽ (സിജിഐ) പി.സി. മഞ്ജുനാഥ് മുഖ്യപ്രഭാഷണം നടത്തി. അമേരിക്കയിൽ ചെലവഴിച്ച എന്റെ ഇത്രയും വർഷത്തിനിടയിൽ ഒരൊറ്റ ഓണാഘോഷത്തിലും ഇത്രയും ജനസഞ്ചയത്തെ ഞാൻ കണ്ടിട്ടില്ലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പരമ്പരാഗത വസ്ത്രധാരണം, യഥാർത്ഥ വാഴയിലയിൽ വിളമ്പിയ ആധികാരിക കേരള ശൈലിയിലുള്ള വിരുന്ന്, 32 വിശിഷ്ട വിഭവങ്ങളുള്ള സദ്യ, സംഘാടകരുടെ അതുല്യമായ ആതിഥ്യം എന്നിവയെ അദ്ദേഹം പ്രശംസിച്ചു. ജഡ്ജി സുരേന്ദ്രൻ പട്ടേൽ, സെനറ്റർ റോബിൻ ഇലക്കാട്ട്, സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യൂസ്, ഫോർട്ട്ബെൻഡ് ഹാരിസ് കൗണ്ടി എന്നീ പ്രമുഖരുടെ നിറസാന്നിദ്ധ്യവും ശ്രദ്ധേയമായി.

ക്ഷേത്രകമ്മിറ്റിയുടെ സമർപ്പണം, സുഗമമായ സംഘാടനവും ഹൂസ്റ്റണിലെ കേരളത്തിന്റെ സാംസ്കാരിക പൈതൃകം ഉയർത്തിപ്പിടിക്കുന്നതിനുള്ള അക്ഷീണപരിശ്രമം എന്നിവയെ പ്രശംസിച്ചു. തുടർന്ന് നടന്ന സാംസ്കാരിക പരിപാടികൾ കേരളത്തിലെ സമ്പന്നമായ ക്ലാസിക്കൽ, നാടോടി പാരമ്പര്യങ്ങൾ പ്രദർശിപ്പിച്ചു. അതിൽ മനംമയക്കുന്ന നൃത്തം, ആത്മാർത്ഥമായ സംഗീതം, ഉത്സാഹഭരിതമായ പ്രകടനങ്ങൾ എന്നിവ ഉൾപ്പെടുന്നു. അതിഥികൾ ഓരോ അവതരണത്തിന്റെയും ഉയർന്ന നിലവാരത്തെയും ചാരുതയെയും പ്രശംസിച്ചു. ഈ മേഖലയിൽ ഇതുവരെ കണ്ടിട്ടുള്ളതിൽ വെച്ച്



ഏറ്റവും മികച്ച ഓണാഘോഷങ്ങളിലൊന്നായി ഇതിനെ വിശേഷിപ്പിച്ചു. നാലു മണിക്കൂർ നീണ്ടുനിന്ന ശ്രീഗുരുവായൂരപ്പൻ ടെംപിൾ പ്രൊഡക്ഷൻസിന്റെ നൃത്തനൃത്യങ്ങൾ മനം കുളിർത്തതായി പ്രതിദ്ധ്വനിച്ചു. ഇത്രയും പ്രൗഢഗംഭീരമായി ഈ ഓണാഘോഷം കോർത്തിണക്കിയ അജിത് നായരുടെ സംവിധാനമികവ് തികച്ചും പ്രശംസനീയമായി. സുഗന്ധമുള്ള പൂക്കൾ, ശ്രുതിമധുരമായ ഗാനങ്ങൾ, രുചികരമായ രുചിക്കൂട്ടുകൾ, ചിരിയും ഒരുമയും നിറഞ്ഞ ഒരു ഒത്തുചേരൽ എന്നിവയാൽ ഹൂസ്റ്റണിലെ ഓണം 2025 ഒരു ആഘോഷം മാത്രമല്ല, മറിച്ച് അവിടെയുണ്ടായിരുന്ന എല്ലാവരുടെയും ഹൃദയങ്ങളിൽ പതിഞ്ഞ ഒരു ഓർമ്മയായി മാറി.

# പഴയകാല ക്രിസ്തീയ ഗാനങ്ങളുടെ ഓർമ്മകൾ അയവിറക്കി സ്നേഹസങ്കീർത്തനം ഡാളസിൽ

**വിനോദ് കൊണ്ടൂർ ഡേവിഡ്**

മെസ്കിറ്റ്/ഡാളസ്: 'വെളിവു നിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു...'മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അതിമനോഹര കുർബാന ഗാനങ്ങൾ, കോട്ടയം ഉൾപ്പെടെയുള്ള മധ്യതിരുവിതാംകൂർ ഭാഗത്തുള്ള ഏതൊരു മലയാളിക്കും ഒരുപക്ഷേ, കേട്ടു പരിചയമെങ്കിലും ഉണ്ടാകും. മറ്റു പഴയകാല ക്രിസ്തീയ ഗാനങ്ങളായ 'മൽപ്രിയനേ എന്നേശു നായകനേ, പ്രാർത്ഥന കേൾക്കണമേ കർത്താവേ' തുടങ്ങിയ ഗാനങ്ങൾ ഒരു കഴിഞ്ഞ കാലഘട്ടത്തിലേക്ക് ഊളിയിട്ടു കൊണ്ടുപോകുമെന്നതിൽ അശേഷം സംശയമില്ല. ഈ ഗാനങ്ങളൊക്കെ ഉൾപ്പെടുത്തി പ്രശസ്ത സംഗീതജ്ഞനും സ്വർഗ്ഗീയ ഗാനാലാപകനുമായ റോയ് പൂത്തൂരിന്റെ സ്വതസിദ്ധ ശൈലിയിൽ ക്രിസ്തീയ സംഗീത സന്ധ്യയുമായി എത്തുകയാണ് ഡാളസ്സിനടുത്ത് മെസ്കിറ്റ് സിറ്റിയിൽ. ഒപ്പം പ്രശസ്ത ഐഡിയ സ്റ്റാർ സിംഗർ താരം ഇമ്മാനുവേൽ ഹെൻറി, ഒപ്പം മരിയ കോലടി, മെറിൻ ജോർജ് തുടങ്ങിയ അനുഗൃഹീത ഗായകസംഘം ലൈവായി അവതരിപ്പിക്കുന്ന ഈ ക്രിസ്തീയ ഗാനസന്ധ്യ കാണികൾക്ക് എന്നും ഗൃഹാതുരത്വം പകരുന്നതായിരിക്കും.

ഒട്ടനവധി സ്പാനിഷ് വംശജരുണ്ടെങ്കിലും മെസ്കിറ്റ്, സണ്ണിവെയ്ൽ, ഗാർലണ്ട് തുടങ്ങിയ സിറ്റികളിലെ മലയാളി ക്രിസ്ത്യാനികളിൽ ഭൂരിഭാഗം പേരും വളരെ വർഷങ്ങൾക്കു മുൻപേ കേരളത്തിൽ നിന്നും അമേരിക്കൻ ഐക്യനാടുകളിലേക്ക് കുടിയേറിയവരാണ്. അതുകൊണ്ടുതന്നെ കൂടുതലും കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശൂർ എന്നിവിടങ്ങളിൽ നിന്നുള്ള മലയാളികൾ ഇവിടെ തിങ്ങിപാർക്കുന്നു.

അടുത്തടുത്ത് കിടക്കുന്ന ഈ മൂന്നു സിറ്റികളിലുമായി നാട്ടിലെ സാധനങ്ങൾ ലഭിക്കുന്ന ആൽബ, അച്ചായൻസ്, താജ്മഹൽ, ഹിമാലയാ, ഗ്ലോറിയാസ്, റോയൽ, കിയ തുടങ്ങിയ ഒട്ടനവധി മലയാളി ഗ്രോസറി കടകൾ ഇന്ത്യാ ഗാർഡൻ മലയാളി റെസ്റ്റോറന്റ് എല്ലാം ഉണ്ട്. ഇവിടങ്ങളിൽ എല്ലാം സ്നേഹസങ്കീർത്തനം പരിപാടിയെക്കുറിച്ചുള്ള വിവരങ്ങളടങ്ങിയ ഫ്ളയറുകളും ക്യൂ ആർ കോഡ് ഉപയോഗിച്ച് ടിക്കറ്റുകൾ വാങ്ങിക്കുവാനുള്ള സൗകര്യവുമുണ്ട്.




ഏകദേശം 70-കളിലാണ് അമേരിക്കൻ ഐക്യനാടുകളിലേക്ക് മലയാളികൾ കുടിയേറാൻ തുടങ്ങിയത്. നേരിട്ട് ഡാളസിലും അതുപോലെ ന്യൂയോർക്കിലും ഫിലാഡൽഫിയയിലും ഒക്കെ ഇറങ്ങിയ ശേഷം ഡാളസിലേക്ക് കുടിയേറിയ ഒട്ടനവധി മലയാളി കുടുംബങ്ങളെ നമുക്ക് ഇവിടെ കാണാം. ഇപ്പോൾ കാലിഫോർണിയയിൽ നിന്നാണ് ഏറിയപങ്കും ഡാളസിലേക്ക് താമസം മാറിവരുന്നത്. സമ്മറിൽ ചൂട് അല്പം കൂടുതലാണെങ്കിലും ഹറിക്കേൻ, വിന്റർ സ്റ്റോം, കാട്ടുതീ എന്നിവകൾ കുറവാണ് എന്നതും ജോലിസാദ്ധ്യത കൂടുതൽ ഉള്ളതും ആണ് ഡാളസിലേക്ക് ആളുകൾ പ്രത്യേകിച്ച് മലയാളികൾ താമസം മാറുന്നത്.

ഈ ഒക്ടോബർ 10-ന് നടക്കുന്ന ക്രിസ്തീയ സംഗീത സായാഹ്നത്തിലേക്ക് മെസ്കിറ്റിലും പരിസര പ്രദേശങ്ങളിലും ഒപ്പം ഡാളസ്, ആർലിങ്ടൺ, ഫ്ളവർമൗണ്ട്, കൊപ്പൽ, കരോൾട്ടൺ, ഗ്രാൻഡ് പ്രയറി, ലൂയിസ് വില്ല്, പ്ലേനോ, റിച്ചാർഡ്സൺ, ഫ്രിസ്ക്കോ, വൈലി, റൗലറ്റ്, ഗാർലൻഡ്, സണ്ണിവെയ്ൽ, ഫോർണി, ടെറൽ, ഡിസോട്ടോ, ലാൻകാസ്റ്റർ, ഫോർട്ട് വർത്ത് തുടങ്ങി മലയാളികൾ തിങ്ങിപ്പാർക്കുന്ന എല്ലാ മേഖലകളിൽ നിന്നുമുള്ള ആളുകളെ ഹൃദയപൂർവം ഈ പരിപാടിയിലേക്ക് ക്ഷണിക്കുകയാണ് സംഘാടകർ.

ഡാളസിൽ എസ്തബാൻ എന്റർടൈൻമെന്റ് അവതരിപ്പിക്കുന്ന ആദ്യത്തെ പരിപാടിയാണ് സ്നേഹസങ്കീർത്തനം. പരിപാടിയിൽ നിന്നു ലഭിക്കുന്നതിന്റെ ഒരു ഭാഗം ഡാളസിലെ തന്നെ കുട്ടികൾക്കായിട്ടുള്ള സ്ക്കോട്ടിഷ് റൈറ്റ് ഫോർ ചിൽഡ്രൻ ഹോസ്പിറ്റൽ ചാരിറ്റി പ്രവർത്തനത്തിനായി ഉപയോഗിക്കും എന്ന് സംഘാടകർ അറിയിച്ചു.

2025 ഒക്ടോബർ 10-ന് വെള്ളിയാഴ്ച ഷാരൺ ഇവന്റ് സെന്ററിൽ (940 ബാൺസ് ബ്രിഡ്ജ് റോഡ്, മെസ്കിറ്റ് ടെക്സാസ് 75150 940 (Barnes Bridge Rd, Mesquite, TX 75150) വെച്ച് വൈകിട്ട് 6.30 മുതൽ 9.30 വരെയാണ് ഈ ക്രിസ്തീയ ഗാനാഘോഷ പരിപാടികൾ നടത്തപ്പെടുന്നത്. പരിപാടിയുടെ വിജയത്തിന് ഡാളസിലെ മലയാളഴി സമൂഹത്തിന്റെ പിന്തുണ സംഘാടകർ അഭ്യർത്ഥിച്ചു.

കൂടുതൽ വിവരങ്ങൾക്കും ടിക്കറ്റിനും നിങ്ങളുടെ ബിസിനസ് സ്പോൺസർഷിപ്പുകൾക്കുമായി ദയവായി ബന്ധപ്പെടുക-വിനോദ് കൊണ്ടൂർ 313 208 4952, സ്റ്റാൻലി സ്റ്റീഫൻ 267 912 4400, നീൽ തോമസ് 469 258 9522, റോബി ജെയിംസ് 817 696 7450.


ഹ്യൂസ്റ്റൺ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോനാ ദൈവാലയത്തിൽ
പരിശുദ്ധ ദൈവമാതാവിന്റെ പ്രധാന തിരുനാൾ
2025
ഒക്ടോബർ
8 -19
പ്രസുദേന്തി : യൂത്ത് മിനിസ്ട്രി
പ്രിയ ഇടവകാംഗങ്ങളേ,
ദൈവമാതാവും നമ്മുടെ ഇടവക മദ്ധ്യസ്ഥയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെ പ്രധാന തിരുന്നാളും അതിനൊരുക്കമായ നൊവേനയും ധ്യാനവും 2025 ഒക്ടോബർ 8 മുതൽ 19 വരെ ഭക്തിനിർഭരമായി ആഘോഷിക്കുന്നതാണ്. ഇടവകയിലെ യൂത്ത് മിനിസ്ട്രി പ്രസുദേന്തിമാരായ ഈ വർഷത്തെ തിരുന്നാളിനോടനുബന്ധിച്ച് വി. കാർളോ അക്വിത്തിസിന്റെ പ്രഥമ തിരുനാളും ജൂബിലി വത്സാചരണത്തിന്റെ ഭാഗമായി ധ്യാനവും മതബോധന കുട്ടികളുടെയും യുവജനങ്ങളുടെയും കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്. ഇവയിൽ പങ്കുചേർന്ന് മാതാവിന്റെ മദ്ധ്യസ്ഥതയിൽ ദൈവാനുഗ്രഹം പ്രാപിക്കുവാൻ ഏവരെയും സ്നേഹപൂർവം ക്ഷണിക്കുന്നു.
എന്ന് ഇടവകാംഗങ്ങൾക്കുവേണ്ടി
ഫാ. എബ്രഹാം മുത്തോലത്ത് (വികാരി)
ഫാ. ജോഷി വലിയവീട്ടിൽ (സഹവികാരി)
കൈക്കാരന്മാർ:
ജായച്ചൻ തയ്യിൽപുത്തൻപുരയിൽ
ഷാജു മുകളേൽ
ബാബു പറയംകാലായിൽ
ജോപ്പൻ പൂവപ്പാടത്ത്
ജെയിംസ് ഇടുക്കുതറ
യൂത്ത് മിനിസ്ട്രി അംഗങ്ങൾ
ഹ്യൂസ്റ്റൺ, സെപ്തംബർ 15, 2025
തിരുക്കർമ്മങ്ങൾ
ഒക്ടോബർ 8, 2025 (ബുധൻ)
9:00 AM: വി. കുർബാന, നൊവേന
6:00 PM: ആരാധനയും ജപമാലയും
6:30 PM: പതാക ഉയർത്തൽ, ലദീഞ്ഞ്
7:00 PM: വി. കുർബാന, നൊവേന
ഒക്ടോബർ 9 – 10, 2025 (വ്യാഴം, വെള്ളി)
9:00 AM: വി. കുർബാന, നൊവേന
6:00 PM: ആരാധനയും ജപമാലയും
7:00 PM: സീറോ മലങ്കര കുർബാന, നൊവേന
റവ. ഫാ. ബിന്നി നെടുമ്പുറത്ത്
(ഹ്യൂസ്റ്റൺ സീറോ മലങ്കര പള്ളി വികാരി)
ഒക്ടോബർ 11, 2025 (ശനി)
8:30 AM: ആരാധനയും ജപമാലയും
9:30 AM: വിശുദ്ധ കുർബാന (ഇംഗ്ലീഷ്), നൊവേന
10:30 AM - 5:00 PM: യുവജന ധ്യാനം (ഹൈസ്കൂൾ മുതൽ)
നയിക്കുന്നത്: ജെറിൻ & നീതു, ബ്രദർ പ്രിൻസ് വിതയത്തിൽ
(മിഷനറീസ് ഓഫ് അപ്പസ്തോലിക് ഗ്രേസ്, യു. കെ.)
ഒക്ടോബർ 12, 2025 (ഞായർ)
7:30 AM: വി. കുർബാന, നൊവേന
8:30 AM: ജപമാല
9:30 AM: വിശുദ്ധ കുർബാന (ഇംഗ്ലീഷ്)
വി. കാർളോ അക്വിത്തിസിന്റെ തിരുനാൾ
10:30 AM - 5:00 PM:യുവജന ധ്യാനം (ഹൈസ്കൂൾ മുതൽ)
11:30 AM: വി. കുർബാന (മലയാളം)
ഒക്ടോബർ 13 – 16, 2025 (തിങ്കൾ – വ്യാഴം)
6:00 PM: ആരാധനയും ജപമാലയും
7:00 PM: വി. കുർബാന, നൊവേന
8:00 – 9:00 PM: മുതിർന്നവർക്ക് ധ്യാനം
നയിക്കുന്നത്: ബ്രദർ പ്രിൻസ് വിതയത്തിൽ
(മിഷനറീസ് ഓഫ് അപ്പസ്തോലിക് ഗ്രേസ്, യു. കെ. സ്ഥാപകൻ)
ഒക്ടോബർ 17, 2025 (വെള്ളി)
6:00 PM: ആരാധനയും ജപമാലയും
7:00 PM: ലദീഞ്ഞ്, കുർബാന
റവ. ഫാ. ഡായി കുന്നത്ത്
(ഫ്രീയർലാൻഡ് സെന്റ് മേരീസ് സീറോമലബാർ പള്ളി വികാരി)
പ്രസംഗം: റവ. ഫാ. സെബാസ്റ്റ്യൻ വലിയപറമ്പിൽ
(സെന്റ് ജോസഫ് സ് സീറോമലബാർ പള്ളി വികാരി)
ഒക്ടോബർ 18, 2025 (ശനി)
6:00 PM: ആരാധനയും ജപമാലയും
7:00 PM: ലദീഞ്ഞ്, കുർബാന
മാർ ആൻഡ്രൂസ് താഴത്ത്
(CBCI പ്രസിഡന്റ് & തൃശൂർ അതിരൂപതാദ്ധ്യക്ഷൻ)
പ്രസംഗം: റവ. ഫാ. ബോബൻ വട്ടമ്പുറം
(സാൻ അന്റോണിയോ ക്നാനായ പള്ളി വികാരി
8:00 PM: ജപമാല പ്രദക്ഷിണം, കുർബാനയുടെ ആശിർവാദം
റവ. ഫാ. ബിൻസ് ചേത്തലിൽ
(ഡാലസ് ക്നാനായ പള്ളി വികാരി)
ഒക്ടോബർ 19, 2025 (ഞായർ)
7:30 AM: വി. കുർബാന
9:30 AM: ആഘോഷമായ തിരുനാൾ റാസ കുർബാന
ബിഷപ്പ് മാർ ജോയ് ആലപ്പാട്ട്
(ഷിക്കാഗോ സീറോമലബാർ രൂപതാദ്ധ്യക്ഷൻ)
പ്രസംഗം: ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്
സഹകാർമികർ:
റവ. ഫാ. സണ്ണി പ്ലാമൂട്ടിൽ, റവ. ഫാ. ലൂക്ക് പടിക്കവീട്ടിൽ
റവ. ഫാ. എബ്രഹാം മുത്തോലത്ത്
റവ. ഫാ. ജോഷി വലിയവീട്ടിൽ
11:45 AM: ആഘോഷമായ തിരുനാൾ പ്രദക്ഷിണം
12:30 PM: പരിശുദ്ധ കുർബാനയുടെ ആശിർവാദം
06:30 PM: കലാസന്ധ്യ
ഉദ്ഘാടനം: ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്
ബൈബിൾ & ക്നാനായ കുടിയേറ്റ ബാലെ
അവതരണം: കുട്ടികളും യുവജനങ്ങളും
ഡി.ജെ.: യുവജനങ്ങൾ
(സ്റ്റാഫോർഡ് സിവിക് സെന്റർ ഓഡിറ്റോറിയം)
(1415 Constitution Ave., Stafford, TX 77477)
ഒക്ടോബർ 20, 2025 (തിങ്കൾ)
9:00 AM: വി. കുർബാന
6:00 PM: ആരാധനയും ജപമാലയും
7:00 PM: വി. കുർബാന (ഇടവകയിൽ നിന്നു മരിച്ചവർക്കുവേണ്ടി)
അടിമ വയ്ക്കുന്നതിനും, കഴുന്നും മുടിയും എഴുന്നള്ളിക്കുന്നതിനും, നേർച്ച കാഴ്ചകൾ സമർപ്പിക്കുന്നതിനും അവസരമുണ്ടായിരിക്കും. Church Address: 6400 W. Fuqua St., Missouri City, TX 77489.

# ഐപിസിഎൻഎയുടെ ന്യൂജേഴ്സി സമ്മേളനത്തിന് ആശംസാമലരുകൾ

**ജോർജ് തുമ്പയിൽ**

ന്യൂജേഴ്സി: ഇന്ത്യാ പ്രസ്ക്ലബിന്റെ (ഐപിസിഎൻഎ) പ്രബുദ്ധമായ പ്രയാണവഴികളിൽ മാധ്യമ സംസ്കാരത്തിന് പുതിയൊരു ദിശാബോധമേകി ന്യൂജേഴ്സി സമ്മേളനത്തിന് തയ്യാറെടുപ്പുകൾ പൂർത്തിയാവുകയാണ്. ശുഭപ്രതീക്ഷകളുമായി എത്തുന്ന ദേശീയ സമ്മേളനത്തിന് സ്നേഹത്തിൽ കൊരുത്ത ആശംസകൾ!

ഇന്നാട്ടിലെ അക്ഷരസ്നേഹികളുടെ ഹൃദയതാളമായി അമേരിക്കയുടെ വിവിധ നഗരങ്ങളിൽ ചാപ്റ്ററുകൾ സ്ഥാപിച്ച് ഐപിസിഎൻഎ പ്രവർത്തന വഴികളിൽ മുന്നേറുകയാണ്. ഏഴാം കടലിനക്കരെയും മലയാളത്തിന്റെ സംസ്കാരം ഉയർത്തിപ്പിടിക്കുവാൻ, ഇവിടുത്തെ സമൂഹത്തിന്റെ പ്രശ്നങ്ങളും വിഹ്വലതകളും അവരുടെ നേട്ടങ്ങളും നമ്മുടെ സ്വന്തം നാടിന്റെ ഹൃദയത്തുടിപ്പുകളും പങ്കുവെക്കാൻ ഐപിസിഎൻഎയുടെ കുടക്കീഴിൽ അവസരമൊരുങ്ങുന്നത് ഹൃദയം കുളിർക്കുന്ന




അനുഭവമാണ് പകർന്നിടുക. ഐപിസിഎൻഎ നടത്തിയ ദേശീയ മാധ്യമ സമ്മേളനങ്ങൾ സംഘാടനമികവുകൊണ്ടും വ്യത്യസ്തമായ പരിപാടികൾ കൊണ്ടും മുൻപേ ശ്രദ്ധിക്കപ്പെട്ടതാണ്.

എഡിസണിലെ ഷെറാട്ടൺ ഹോട്ടലാണ് ഇത്തവണത്തെ സമ്മേളനവേദി. സമ്മേളനത്തിൽ മുഖ്യാതിഥിയായി വി.കെ. ശ്രീകണ്ഠൻ എംപി പങ്കെടുക്കും. റാന്നി എംഎൽഎ പ്രമോദ് നാരായണും പങ്കെടുക്കുന്നു. ഒക്ടോബർ 9, 10, 11 തീയതികളിലാണ് സമ്മേളനം.

കേരളത്തിലെ ഒട്ടുമിക്ക മുഖ്യധാരാ മാധ്യമങ്ങളുടെയും പ്രതിനിധികളെയും പങ്കെടുപ്പിച്ചുകൊണ്ടാണ് ഇത്തവണയും കോൺഫറൻസ് നടത്തുന്നത്. കേരളത്തിൽനിന്നും ജോണി ലൂക്കോസ്-മനോരമ ന്യൂസ്, അബ്ജോദ് വർഗീസ്-ഏഷ്യാനെറ്റ് ന്യൂസ്, ഹാഷ്മി താജ് ഇബ്രാഹിം-24 ന്യൂസ്, സുജയാ പാർവതി-റിപ്പോർട്ടർ ചാനൽ, മോത്തി രാജേഷ്-സീനിയർ സബ് എഡിറ്റർ, സീനിയർ റിപ്പോർട്ടർ മാതൃഭൂമി ടിവി, ലീൻ ബി ജെസ്മസ്-ന്യൂസ് 18 എന്നിവർ മീഡിയയെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്നു.

ഒക്ടോബർ 10-ന് വെള്ളിയാഴ്ച പ്രസിഡൻഷ്യൽ നൈറ്റും മ്യൂസിക്കൽ ഗാലയും. ഇതോടനുബന്ധിച്ച് ഒരുക്കിയിരിക്കുന്ന നൃത്തോത്സവിൽ മാസ്മരിക നൃത്തവിരുന്നിന്റെ ചടുല താളങ്ങളുമായി പ്രമുഖ നർത്തകിമാർ അണിചേരും. മാലിനി നായർ-സൗപർണിക ഡാൻസ് അക്കാഡമി, രേഖ പ്രദീപ്-ടീം മുദ്ര, റുബീന സുധർമൻ-വേദിക പെർഫോമിംഗ് ആർട്സ്, ബിന്ധ്യ ശബരിനാഥ്-മയൂര സ്കൂൾ ഓഫ് ഡാൻസ് എന്നിവരുടെ നേതൃത്വത്തിൽ ഒരുക്കിയിരിക്കുന്ന നൃത്തവിസ്മയം പ്രസിഡൻഷ്യൽ നൈറ്റിൽ കാണികളുടെ ഹൃദയം കവരുമെന്നുറപ്പ്.

പുതിയൊരു ഊർജവും പ്രബുദ്ധതയുമാണ് ന്യൂജേഴ്സി സമ്മേളനം മലയാള മാധ്യമരംഗത്തിന് പകർന്നിടുന്നതെന്ന് സമ്മേളനത്തിനായുള്ള തയ്യാറെടുപ്പുകൾ ചൂണ്ടിക്കാട്ടുന്നു. കോൺഫറൻസിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി കോർ കമ്മിറ്റി സജീവമായി പ്രവർത്തിക്കുന്നുണ്ട്. കോൺഫറൻസ് ചെയർമാൻ സജി ഏബ്രഹാം, ജനറൽ കൺവീനർ ഷോളി കുമ്പിളുവേലി (ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡണ്ട്), റിസപ്ഷൻ/രജിസ്ട്രേഷൻ-ബിജു കൊട്ടാരക്കര, കുഞ്ഞുമോൾ വർഗീസ്, ഡോ. തങ്കമണി അരവിന്ദ്, ഗസ്റ്റ് റിലേഷൻസ്-അനിയൻ ജോർജ്, ജിനേഷ് തമ്പി, ടൈം മാനേജ്മെന്റ്-റെജി ജോർജ്, ജോർജ് തുമ്പയിൽ, പ്രോഗ്രാം-ടാജ് മാത്യു, ഫുഡ് കമ്മിറ്റി-മധു കൊട്ടാരക്കര, സുനിൽ തൈമറ്റം, ട്രാൻസ്പോർട്ടേഷൻ-പിന്റോ ചാക്കോ, അനീഷ് ജെയിംസ്, സേഫ്റ്റി/സെക്യൂരിറ്റി കമ്മിറ്റി-ജിഷോ, സുവനീർ-മാത്തുക്കുട്ടി ഈശോ, ഓഡിയോ വിഷൻ-ജില്ലി സാമുവേൽ. കൂടാതെ ഐപിസിഎൻഎയുടെ മുൻ പ്രസിഡണ്ടുമാരായ സുനിൽ തൈമറ്റം, അഡ്വൈസറി ബോർഡ് ചെയർമാൻ ജോർജ് ജോസഫ്, മാത്യു വർഗീസ്, ബിജു കിഴക്കേക്കുറ്റ്, നിലവിലെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, പ്രസിഡണ്ട് ഇലക്ട് രാജു പള്ളത്ത് എന്നിവരും കോർ കമ്മിറ്റിയിൽ അംഗങ്ങളാണ്.

ഏഷ്യാനെറ്റ് ന്യൂസ്, 24 യുഎസ്എ, മനോരമ ന്യൂസ്, മാതൃഭൂമി ന്യൂസ്, ഏഷ്യാനെറ്റ്, ദി മലയാളം ചാനൽ, ഫ്ളവേഴ്സ് യുഎസ്എ, ഇ-മലയാളി കോം, നേർകാഴ്ച ന്യൂസ്, റിപ്പോർട്ടർ ലൈവ്, ഇന്ത്യ ലൈഫ് ടിവി, എൻആർഐ റിപ്പോർട്ടർ, പ്രവാസി ചാനൽ, ന്യൂസ് 18 കേരളം, മീഡിയ വൺ, ജനം ടിവി, മലയാളം ട്രിബ്യൂണൽ, അമേരിക്കൻ മലയാളി, 24 ന്യൂസ് ലൈവ് ഡോട്ട് കോം, യുഎസ് വീക്കിലി റൗണ്ട് അപ്, ഹാർവെസ്റ്റ് ടിവി, ക്രിസ്ത്യൻ ചാനൽ, കേരള ടൈംസ്, മലയാളം ഡെയിലി ന്യൂസ്, ഇന്ത്യ ലൈഫ്, അമേരിക്ക ഈയാഴ്ച, ഷിജോസ് ട്രാവൽ ഡയറി, കേരള ഭൂഷണം, കെവി ടിവി, അബ്ബ ന്യൂസ്, ജനനി, പവർ വിഷൻ, മലയാളി മനസ് തുടങ്ങി മലയാള മാധ്യമ സമൂഹത്തിന്റെ മുഴുവൻ പിന്തുണയോടെയും ആശംസകളോടെയുമാണ് ഐപിസിഎൻഎയുടെ പത്താം മീഡിയ കോൺഫറൻസും അവാർഡ് നൈറ്റും അരങ്ങേറുന്നത്.

എഐയും സമൂഹമാധ്യമങ്ങളും മാധ്യമ സംസ്കാരത്തെ തന്നെ മാറ്റിയെഴുതുന്ന നാളുകളിൽ ലോകനിലവാരത്തിലേക്ക് മലയാള മാധ്യമപ്രവർത്തനത്തെ കൈപിടിച്ചുയർത്തുക ശ്രമകരമായ ദൗത്യമാണെന്ന് തിരിച്ചറിഞ്ഞുതന്നെയാണ് ഐപിസിഎൻഎയുടെ ഓരോ ചുവടുവെപ്പും. കേരളത്തിൽ നിന്ന് പ്രമുഖരെ പങ്കെടുപ്പിച്ചും ദേശീയ സമ്മേളനങ്ങളും ചാപ്റ്റർ സമ്മേളനങ്ങളും സംഘടിപ്പിച്ചും പ്രസ്ക്ലബ് പ്രവർത്തനം കൂടുതൽ മികവാർന്നതാക്കാൻ നേതൃത്വം പ്രത്യേക ശ്രദ്ധ വെക്കുന്നത് അഭിനന്ദനാർഹമാണ്.

മറ്റു ജോലി മേഖലകളിൽ തിരക്കിട്ട് പ്രവർത്തിക്കുമ്പോഴും മലയാള ഭാഷയോടും മാധ്യമരംഗത്തോടുമുള്ള സ്നേഹമാണ് പലരെയും ഇന്നാട്ടിൽ സമയവും പണവും കളഞ്ഞ് മാധ്യമരംഗത്ത് സജീവമായി നിലനിർത്തുന്നത്. വളരെ വർഷങ്ങൾക്കു മുൻപാണ്




കേരളാ സെന്ററിൽ ഒരു പ്രോഗ്രാമിൽ മലയാളം പത്രം പ്രതിനിധി എന്ന നിലയിൽ ലേഖകനും എത്തിയിരുന്നു. ക്യാമറയുമായി കവർ ചെയ്യുവാൻ മണിക്കൂറുകൾ നീണ്ട കാത്തിരിപ്പിനൊടുവിൽ കവറേജ് കഴിയുമ്പോൾ നമുക്കെന്ത് ഫലം എന്ന ചിന്ത ഉയർന്നു. മാധ്യമപ്രവർത്തകർ സംഘടിത ശക്തിയാകണമെന്ന ചിന്ത ഉരുത്തിരിഞ്ഞത് വഴിത്തിരിവായി. പ്രസ്ക്ലബ് എന്ന ആശയത്തിന്റെ പിറവിയിലേക്ക് നയിച്ചതും ഈ ചിന്തയാണ്. അമേരിക്കയിൽ ചിതറിക്കിടക്കുന്ന മാധ്യമ പ്രവർത്തകരെ ഒരു കുടക്കീഴിൽ അണിനിരത്തുക എന്ന ചിന്തയും ശക്തിപ്പെട്ടു. സംഘടിത ശക്തിയുടെ രൂപീകരണം വൈറ്റ് പ്ലെയിൻസിലെ റോയൽ ഇന്ത്യ പാലസിൽ വെച്ചായിരുന്നു. ഇന്ത്യ പ്രസ്ക്ലബ് എന്ന് ആരും മോഹിച്ചുപോകുന്ന പേര് അന്നാണ് ഉയർന്നുവന്നത്. അന്ന് സംഘടനയെക്കുറിച്ച് ഏറെ ധാരണയൊന്നും ഉണ്ടായിരുന്നില്ല. വല്ലപ്പോഴും ഒരിക്കൽ ഒത്തുകൂടി അനുഭവങ്ങൾ പങ്കിടുക എന്ന ചിന്ത മാത്രമായിരുന്നു മനസ്സിൽ.

അമേരിക്കയിലെ ഏറ്റവും മുതിർന്ന മലയാളി പത്രപ്രവർത്തകൻ ജോർജ് ജോസഫ് ആയിരുന്നു സംഘടനയുടെ ആദ്യപ്രസിഡണ്ട്. അന്ന് അദ്ദേഹത്തോടൊപ്പം സെക്രട്ടറിയായി ഉണ്ടായിരുന്നത് റെജി ജോർജ്. ട്രഷററായി ജോസ് തയ്യിൽ. ഒപ്പമുണ്ടായിരുന്നവർ ടാജ് മാത്യു, ജേക്കബ് റോയി, ജോസ് കാടാപുറം, സിബി ഡേവിഡ്, റജി ജോർജ്, ജോർജ് തുമ്പയിൽ എന്നിവർ.

2005-ൽ ന്യൂയോർക്കിൽ നടന്ന ആദ്യ പ്രസ് കോൺഫറൻസിൽ മുഖ്യപ്രഭാഷകനായി വന്നത് മലയാള മനോരമ എഡിറ്റോറിയൽ ഡയറക്ടർ തോമസ് ജേക്കബ്. ജോർജ് ജോസഫ് മലയാള മനോരമയിൽ ഉണ്ടായിരുന്ന കാലത്ത് സഹപ്രവർത്തകനായിരുന്നു അദ്ദേഹവും.

സംഘടനാരംഗത്ത് നൂതന പരിപാടികളുമായി വന്ന ജോസ് കണിയാലി ഈ രംഗത്ത് പ്രൊഫഷണലിസത്തിന്റെ വളർച്ചയെ കാണിച്ചു. ടാജ് മാത്യു ആയിരുന്നു സെക്രട്ടറി, ട്രഷററായി ഏബ്രഹാം മാത്യു. തുടർന്ന് മാധ്യമരംഗത്തെ പരിചയസമ്പന്നനായ റെജി ജോർജിലേക്ക് നേതൃത്വം കൈമാറിയപ്പോൾ കേരളത്തിലെ പത്രപ്രവർത്തന രംഗവുമായുള്ള ബന്ധം ശക്തമാവുകയും ചെയ്തു. സെക്രട്ടറി ശിവൻ മുഹമ്മ, ട്രഷറർ ജോർജ് തുമ്പയിൽ.

ഫ്ളോറിഡയിൽ നിന്നുള്ള മാത്യു വർഗീസിലേക്ക് പ്രസിഡണ്ട്പദം എത്തിയതോടെ പ്രസ്ക്ലബ് അവാർഡുകളുടെ വ്യാപ്തി ഒന്നുകൂടി വലുതായി. സെക്രട്ടറി മധു കൊട്ടാരക്കര, ട്രഷറർ സുനിൽ തൈമറ്റം. അഞ്ചാമത്തെ പ്രസിഡണ്ടായി ടാജ് മാത്യു എത്തിയതോടെ കാര്യങ്ങൾക്ക് ചിട്ടയും വട്ടവുമായി. വിൻസന്റ് ഇമ്മാനുവൽ ആയിരുന്നു സെക്രട്ടറി. ട്രഷറർ ബിജു കിഴക്കേക്കുറ്റ്.

ശിവൻ മുഹമ്മയായിരുന്നു അടുത്ത പ്രസിഡണ്ട്. ജോർജ് കാക്കനാട്ട് സെക്രട്ടറിയും ട്രഷറർ ജോസ് കാടാപുറവും. മധു കൊട്ടാരക്കരയിലേക്ക് പ്രസിഡണ്ട്പദം എത്തിയതോടെ എല്ലാറ്റിനും ഒരു ജനകീയമുഖം ദർശിക്കാനായി. സുനിൽ തൈമറ്റം ആയിരുന്നു സെക്രട്ടറി. ട്രഷറർ സണ്ണി പൗലൂസ്. മൂന്നാം തവണ ചിക്കാഗോ വേദിയാകുമ്പോൾ ബിജു കിഴക്കേക്കുറ്റ് ആയിരുന്നു പ്രസിഡണ്ട്. സുനിൽ ട്രൈസ്റ്റാർ സെക്രട്ടറിയും ട്രഷറർ ജീമോൻ ജോർജും. മയാമിയിലേക്ക് 9-ാം വാർഷികം മാറിയപ്പോൾ സുനിൽ തൈമറ്റമായിരുന്നു പ്രസിഡണ്ട്. സെക്രട്ടറി രാജു പള്ളത്ത്. ട്രഷറർ ഷിജോ പൗലോസും.

സുനിൽ ട്രൈസ്റ്റാർ (സാമുവൽ ഈശോ) നാഷണൽ പ്രസിഡണ്ട്, ഷിജോ പൗലോസ് (നാഷണൽ സെക്രട്ടറി), വിശാഖ് ചെറിയാൻ (നാഷണൽ ട്രഷറർ), സുനിൽ തൈമറ്റം (അഡ്വൈസറി ബോർഡ് ചെയർമാൻ),

(ശേഷം 34-ാം പേജിൽ)

# സ്പാർക്ക് ഓഫ് കേരളാ ഹൂസ്റ്റണിൽ വർണ്ണോജ്വലമായി അരങ്ങേറി

**ജിൻസ് മാത്യു, റാന്നി**

ഹൂസ്റ്റൺ: സെന്റ് മേരീസ് മലങ്കര യാക്കോബായ സിറിയൻ ഓർത്തഡോക്സ് ദേവാലയത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന സ്പാർക്ക് ഓഫ് കേരളാ കാണികളെ വിസ്മയത്തിന്റെ അഭ്രപാളികളിൽ എത്തിച്ച് വർണ്ണോജ്വലമാക്കി. ഹൂസ്റ്റൺ നഗരത്തിൽ ഈ വർഷം അരങ്ങേറിയ സ്റ്റേജ് ഷോകളിൽ ഉന്നത നിലവാരവും ആകർഷണീയതയും നിറഞ്ഞ് നിൽക്കുന്നതായിരുന്നു സ്പാർക്ക് ഓഫ് കേരളാ ഇവന്റ്.

അനുഗൃഹീത ഗായകൻ അഫ്സൽ, നായിക താരങ്ങൾ സ്വാസിക, മോക്ഷ, ഗായിക അഖില ആനന്ദ്, വയലിനിസ്റ്റ് വേദമിത്ര, ഡാൻസർ കുക്കു തുടങ്ങി ഒരു ഡസനിൽ പരം മികച്ച കലാപ്രതിഭകൾക്കൊപ്പം സെന്റ് മേരീസ് ഇടവക അംഗങ്ങളായ യുവജനങ്ങളും നൃത്ത നാട്യ റോളുകളിൽ അരങ്ങേറിയത് വേറിട്ടൊരു അനുഭവമായിരുന്നു.



ദേവാലയ വികാരിയും ഭാരവാഹികളും സ്പോൺസേഴ്സും ചേർന്ന് ഭദ്രദീപം തെളിയിച്ചതോടെ നാല് മണിക്കൂർ നീണ്ടുനിന്ന നിറക്കൂട്ടുകളോടു കൂടിയുള്ള പരിപാടികൾക്ക് തുടക്കമായി ഇടവകാംഗം കൂടിയായ ഡോ. ലിജി മാത്യു എംസിയായി അവതരണം നടത്തിയത് മികച്ച നിലവാരത്തിലായിരുന്നു. ഹൂസ്റ്റൺ നഗരത്തിലെ ഭൂരിപക്ഷം കലാസ്നേഹികളും ഇമ്മാനുവേൽ ഓഡിറ്റോറിയത്തിൽ എത്തിച്ചേർന്ന എല്ലാ നല്ല കലാസ്നേഹികൾക്കും സാമ്പത്തികമായി സഹായിച്ച സ്പോൺസേഴ്സിനും വികാരി ഫാ. ദാനിയേൽ എം. ജോൺ, ഇടവക സെക്രട്ടറി ഷെൽബി വർഗീസ്, ട്രസ്റ്റി അലക്സ് തെക്കതിൽ, പ്രോഗ്രാം കൺവീനർ ബോബി ജോർജ്, ജോയിന്റ് കൺവീനർ ജിൻസ് മാത്യു എന്നിവർ നന്ദി പറഞ്ഞു.



പ്രോഗ്രാം കമ്മിറ്റി അംഗങ്ങളായി ജോർജ് പൈലി, എൽദോ വർക്കി, അലക്സ് പോൾ, ജേക്കബ് ജോർജ്, സാമ്ജു, സൂസൻ എസ്, ലൗലി, ബിനു വണ്ടലിൽ, ജെലോ ജോസഫ്, ജിനോ ജേക്കബ് തുടങ്ങി യൂത്ത് അഡൽറ്റ്, സീനിയേഴ്സ്, വനിതാ ടീമുകളുടെ നിർലോഭമായ സഹകരണം സ്റ്റേജ് ഷോ വിജയകരമാക്കുവാൻ സഹായിച്ചു.

# വേദപാഠ ക്ലാസുകൾക്ക് തുടക്കം കുറിച്ചു

**അമോൽ ചെറുകര**

സാൻ ഹൊസെ: അമേരിക്കയിലെ പടിഞ്ഞാറൻ തീര സംസ്ഥാനമായ കാലിഫോർണിയയിലെ സാൻ ഹൊസെ പട്ടണത്തിൽ സ്ഥിതി ചെയ്യുന്ന മാതാവിന്റെ നാമത്തിലുള്ള സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോന പള്ളിയിൽ വേദപാഠ ക്ലാസുകൾക്ക് തുടക്കം കുറിച്ചു. രണ്ട് ദിവസം നീണ്ടു നിൽക്കുന്ന ഇന്റെൻസീവ് ക്യാറ്റിക്കിസം ആയിട്ടാണ് ഈ കിക്കോഫ് പരിപാടി നടത്തപ്പെട്ടത്. സെപ്റ്റംബർ 20, 21 എന്നീ തീയതികളിൽ നടത്തപ്പെട്ട ഈ പരിപാടിയിൽ കിൻഡർ ഗാർട്ടൻ മുതൽ 12-ാം ക്ലാസ് വരെയുള്ള കുട്ടികളാണ് പങ്കെടുത്തത്.


ഫാ. അഖിൽ പച്ചിക്കരയും വിസിറ്റേഷൻ കോൺഗ്രിഗേഷൻ സിസ്റ്റേഴ്സുമാണ് കുട്ടികൾക്കായി ക്ലാസുകൾ എടുത്തത്. ഇവരെ സഹായിക്കുന്നതിനായി വേദപാഠ അദ്ധ്യാപകരും പങ്കുചേർന്നു. വേദപാഠത്തിന്റെ ആവശ്യകതയെക്കുറിച്ചും ക്രിസ്തീയ മൂല്യങ്ങളെക്കുറിച്ചും നടന്ന ക്ലാസുകൾ ഏറെ വിജ്ഞാനപ്രദവും ഒപ്പം രസകരമായ ഗെയിമുകൾ ഉൾപ്പെടുത്തി കുട്ടികൾക്ക് കൂടുതൽ ആനന്ദകരവുമാക്കി.

21-ന് ഞായറാഴ്ച ക്യാറ്റികെറ്റിക്കൽ സൺഡേസ്കൂളിനു മുന്നോടിയായി നടത്തപ്പെട്ട വിശുദ്ധ കുർബാനയ്ക്കുശേഷം വികാരി ഫാ. ജെമി പുതുശ്ശേരിയും പ്രിൻസിപ്പൽ ജെയ്സൺ നടക്കുഴക്കലും ചേർന്ന് വേദപാഠ അദ്ധ്യാപകരെ ആദരിക്കുകയും അതോടൊപ്പം നന്ദി അറിയിക്കുകയും ചെയ്തു. കുട്ടികൾക്കായി വൈകിട്ട് നടത്തപ്പെട്ട കുർബാനയോടു കൂടി ഈ കിക്കോഫിന് സമാപനം കുറിച്ചു. കുർബാനയ്ക്കുശേഷം ബൈബിൾ വായനാ മത്സരത്തിൽ വിജയിച്ച കുട്ടികളെ ആദരിച്ചു.



വേദപാഠം അദ്ധ്യാപകർ വികാരി ഫാ. ജെമി പുതുശ്ശേരിക്കൊപ്പം

# ജന്മനാട്



**ജെയിംസ് ചെട്ടിയാത്ത്**


നീ ആണ് എന്നുടെ ഉയർച്ചയ്ക്കു കാരണം
നീ ആണ് എന്നുടെ വളർച്ചയ്ക്കു കാരണം
വളർച്ചയും ഉയർച്ചയും ഇടംകലരുമ്പോൾ
ലോകം അറിയുന്ന ആളായി മാറുന്നു
ഞായർ വെളുപ്പിന് പള്ളിയിൽ ചെന്നപ്പോൾ
കണ്ടു ഞാൻ എന്നുടെ സഹപാഠികളെ
വളഞ്ഞ വടിയും വട്ടകണ്ണടയും
കഴുത്തിലെ കറുത്ത വെന്തിങ്ങാമാലയും
പള്ളിയിൽ വന്നവർ അരകണ്ണാൽ നോക്കി എന്നെ
ളോഹ ധരിക്കാത്ത ഒരു പാതിരി ആണോ?
കൂടല്ലൂർ മാതാവിനെ പലവട്ടം നോക്കി ഞാൻ
അന്നും ഇന്നും ഒരുപോലെയാണ് ഈ അമ്മ
കൂടല്ലൂർ കവല, നാൽകവല ആയി നിൽക്കുന്നു
ഹർത്താൽ അവിടെ ദിവസവും ഉള്ളതുപോലെ
പൂട്ടിയ വീടുകൾ, പൂട്ടാത്ത വീടുകൾ
എങ്കിലും വീടുപണികൾ കുറവില്ലതാനും
നാട്ടുകാർ വീട്ടുകാർ വീട്ടിൽ ഉള്ളിൽ തന്നെ
ജൻമനാട് എൻ മനസ്സിനു കുളിർമ തന്നീടുന്നു
മറക്കുകയില്ലാ എൻ ജൻമനാടിനെ
ഒരിക്കലും മറക്കുകയില്ലാ എൻ നാടിനെ.



# ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്ക 11–ാമത് അന്തർദ്ദേശീയ മീഡിയാ കോൺഫറൻസ് – എന്റെ കാഴ്ചപ്പാട്

**രാജു മൈലപ്ര**

ന്യൂജേഴ്സി: ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പതിനൊന്നാമത് അന്തർദ്ദേശീയ മീഡിയാ കോൺഫറൻസ് ഒക്ടോബർ 9, 10, 11 തീയതികളിൽ ന്യൂജേഴ്സി- എഡിസൺ ഷെറാട്ടൺ ഹോട്ടൽ സമുച്ചയത്തിൽ അരങ്ങേറുകയാണ്. കേരളത്തിൽനിന്നും അമേരിക്കയിൽ നിന്നുമുള്ള പ്രമുഖ മാധ്യമ-കലാ-സാംസ്കാരിക-സാമൂഹിക വ്യക്തികൾ പങ്കെടുക്കുന്ന



ഈ കോൺഫറൻസ് അമേരിക്കൻ മലയാളികൾക്ക് അവിസ്മരണീയമായ ഒരനുഭവം ആയിരിക്കുമെന്ന് പ്രസിഡണ്ട് സുനിൽ ട്രൈസ്റ്റാർ, സെക്രട്ടറി ഷിജോ പൗലോസ്, ട്രഷറർ വിശാഖ് ചെറിയാൻ, അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം, നിയുക്ത പ്രസിഡണ്ട് രാജു പള്ളത്ത്, വൈസ് പ്രസിഡണ്ട് അനിൽ ആറന്മുള, ജോയിന്റ് സെക്രട്ടറി ആശ മാത്യു, ജോയിന്റ് ട്രഷറർ റോയ് മുളകുന്നം, കോൺഫറൻസ് ചെയർമാൻ സജി ഏബ്രഹാം, ഹോസ്റ്റിങ് ചാപ്റ്റർ ന്യൂയോർക്ക് പ്രസിഡണ്ട് ഷോളി കുമ്പിളുവേലിൽ എന്നിവർ അറിയിക്കുന്നു. ഇതിനായുള്ള ഒരുക്കങ്ങൾ ധൃതഗതിയിൽ സമയബന്ധിതമായി പുരോഗമിക്കുന്നു.

ഒരു നൂറ്റാണ്ടിനു മുമ്പുതന്നെ അമേരിക്കയിൽ പ്രസ്ക്ലബ് പ്രസ്ഥാനങ്ങൾക്ക് തുടക്കം കുറിച്ചിരുന്നു. 1908-ൽ തന്നെ വാഷിംഗ്ടൺ ഡി.സിയിൽ 'The National Press Club' പ്രവർത്തനം ആരംഭിച്ചിരുന്നു. ഒരേ മേഖലയിൽ പ്രവർത്തിക്കുന്ന പത്രപ്ര വർത്തകർക്ക് സായാഹ്നങ്ങളിൽ ഒരുമിച്ചു കൂടുന്നതിനും സൗഹൃദങ്ങൾ പങ്കുവെക്കുന്നതിനും ഒന്നു റിലാക്സ് ചെയ്യുന്നതിനുമുള്ള ഒരു വേദി. ഏതാണ്ട് ഇതേ രീതിയിലുള്ള ഒരു തുടക്കമായിരുന്നു ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടേതും.

അമേരിക്കയിലെ മലയാള വാർത്താ വിനിമയ രംഗം എന്നുമുതലാണ് തുടങ്ങിയതെന്ന് കൃത്യമായി പറയുവാൻ കഴിയുമെന്നു തോന്നുന്നില്ല. നാട്ടിൽനിന്നും വല്ലപ്പോഴുമെത്തുന്ന ബന്ധുമിത്രാദികളുടെ കത്തുകളിൽ തുടങ്ങി, കയ്യെഴുത്തു പ്രതികളായി രൂപം പ്രാപിച്ച്, 'വെട്ടി-ഒട്ടിക്കൽ' പ്രസിദ്ധീകരണമായി വളർന്ന് മലയാളികളുടെ കൈകളിൽ എത്തിച്ചായിരുന്നു ഇതിന്റെയൊരു തുടക്കം എന്നു വേണമെങ്കിൽ അനുമാനിക്കാം. പേരിനൊരു പത്രാധിപ സമിതി ഉണ്ടായിരുന്നെങ്കിലും പല പ്രസിദ്ധീകരണങ്ങളും ഒരു ഒറ്റയാൾ സംരംഭമായിരുന്നു എന്നതാണ് വസ്തുത.

വളരെ ആവേശത്തോടും പ്രതീക്ഷകളോടും തുടങ്ങിയ ഈ പ്രസിദ്ധീകരണങ്ങളെല്ലാം, സാമ്പത്തിക പരാധീനത മൂലം കാലക്രമേണ അകാല ചരമമടഞ്ഞു.

ആധുനിക സാങ്കേതിക വിദ്യയുടെ വളർച്ചയോടുകൂടി ഓൺലൈൻ പ്രസിദ്ധീകരണങ്ങളുടെ പ്രളയമായി. 'വാളെടുക്കുന്നവനെല്ലാം വെളിച്ചപ്പാട്' എന്ന തരത്തിൽ ദിവസേന ഈ ഓൺലൈൻ പ്രസ്ഥാനങ്ങളുടെ എണ്ണം പെരുകുകയാണ്. ആരോഗ്യപരമായ ഒരു മത്സരമല്ല ഈ രംഗത്ത് നടക്കുന്നത്. കുറേക്കാലം കഴിയുമ്പോൾ ഇതിൽനിന്നും കുറെയെണ്ണം ആരാലും ശ്രദ്ധിക്കപ്പെടാതെ കൊഴിഞ്ഞുപോകും. അമേരിക്കൻ മലയാള മാധ്യമരംഗത്ത് ഒരു പുതിയ അദ്ധ്യായം തുറന്നുകൊണ്ട് 2000-ാമാണ്ടിന്റെ തുടക്കത്തിൽ ഏഷ്യാനെറ്റും കൈരളിയും അവരുടെ നോർത്തമേരിക്കയിലെ പ്രക്ഷേപണം ആരംഭിച്ചു.

മലയാളികളുടെ ചടങ്ങുകളെല്ലാം ടി.വി. ചാനലുകൾ കവറു ചെയ്യണമെന്ന് സംഘാടകർക്ക് നിർബന്ധം. ടെലിവിഷനിൽ തങ്ങളുടെ മുഖമൊന്നു തെളിഞ്ഞാൽ, തങ്ങൾക്കൊരു സ്റ്റാർ വാല്യൂ കിട്ടുമെന്നുള്ള സന്തോഷം. ടി.വി.ക്കാർ ക്യാമറമാനേയും തോളിലേന്തി, കയ്യിലെ പണവും മുടക്കി ദൂരെ സ്ഥലങ്ങളിൽ പോലുമെത്തി പരിപാടികൾ കവറു ചെയ്യുവാൻ തുടങ്ങി. ചെലവുകാശുപോലും നൽകുവാൻ ഭാരവാഹികൾക്കു മടി. 'കവറേജ് കുറഞ്ഞു പോയി' എന്നൊരു പരാതി മാത്രം മിച്ചം. സംഘാടകരിൽനിന്നും ന്യായമായ പ്രതിഫലം കിട്ടാതെ ഈ 'കവറേജ്' പരിപാടി മുന്നോട്ടു കൊണ്ടുപോകുവാൻ സാദ്ധ്യമല്ലെന്നു ടെലിവിഷൻ ചാനലുകളുടെ ചുമതലക്കാർക്ക് മനസ്സിലായി.

ഒരുമിച്ചു നിന്നാൽ ന്യായമായ ഈ അവകാശം നേടിയെടുക്കാനാവുമെന്നുള്ള 'ലഡു പൊട്ടിയത്' ഏഷ്യാനെറ്റിനുവേണ്ടി പ്രവർത്തിച്ചിരുന്ന സുനിൽ ട്രൈസ്റ്റാറിനും കൈരളിയുടെ പ്രവർത്തകൻ ജോസ് കാടാപുറത്തിനുമാണ്. 'പ്രസ്ക്ലബ്' എന്ന ആശയത്തിന് അവിടെ തുടക്കം കുറിക്കുന്നു. അവരുടെ അഭ്യർത്ഥന പ്രകാരം പത്രപ്രവർത്തകരായ ജേക്കബ് റോയ്, ടാജ് മാത്യു, ജെ. മാത്യൂസ്, റെജി ജോർജ്, ജോർജ് തുമ്പയിൽ, സിബി ഡേവിഡ്, ജോർജ് ജോസഫ് തുടങ്ങിയവർ ഒരുമിച്ചുകൂടി അവരുടെ ആശയങ്ങൾ പങ്കുവെച്ചു. അതിന്റെ ഫലമായി 2004-2005 കാലത്ത് 'ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്തമേരിക്ക' ജന്മമെടുത്തു.

മലയാള മനോരമ എഡിറ്റോറിയൽ ബോർഡ് ഡയറക്ടർ ജേക്കബ് തോമസിനെ പങ്കെടുപ്പിച്ച്, ന്യൂയോർക്കിൽ 2006-ൽ നടത്തിയ സമ്മേളനത്തോടെ പ്രസ്ക്ലബിന്റെ ലക്ഷ്യത്തെയും കാഴ്ചപ്പാടിനെപ്പറ്റിയും വ്യക്തമായ ഒരു ദിശാബോധമുണ്ടായി. തുടർന്ന് ചിക്കാഗോയിൽ നിന്നുമുള്ള ജോസ് കണിയാലി പ്രസിഡണ്ടായും ന്യൂയോർക്കിൽ നിന്നുമുള്ള ടാജ് മാത്യു സെക്രട്ടറിയായും ചുമതലയേറ്റതോടെ പ്രസ്ക്ലബ് കൂടുതൽ ഉയരങ്ങളിലെത്തി. മനോരമയിൽ നിന്നു ജോണി ലൂക്കോസും ഏഷ്യാനെറ്റിൽനിന്ന് ശ്രീകണ്ഠൻ നായരും കൈരളിയിൽനിന്ന് ജോൺ ബ്രിട്ടാസും കൊണ്ടും കൊടുത്തും പരസ്പരം ട്രോളിയും അരങ്ങേറിയ സംവാദങ്ങൾ ഈ സമ്മേളനത്തെ മറക്കാനാവാത്ത ഒരു അനുഭവമാക്കി. മറ്റുള്ളവർക്കും മാതൃകയാക്കാവുന്ന കിറുകൃത്യമായ സമയപരിധി സംവിധാനമാണ് ഇവിടെ നടപ്പാക്കിയത്.




ചെറിയ ലക്ഷ്യങ്ങളോടു കൂടിയ ഈ സംരംഭം, ഇന്ന് വളർന്ന് പന്തലിച്ച് ഒരു വലിയ പ്രസ്ഥാനമായി മാറിക്കഴിഞ്ഞു. പത്രപ്രവർത്തകരെ കൂടാതെ, സമൂഹത്തിന്റെ വിവിധ തുറകളിൽ വിജയം കൈവരിച്ചവർ, ഇന്ന് ഇന്ത്യാ പ്രസ്ക്ലബിന്റെ അവിഭാജ്യ ഘടകമാണ്. അവരുടെ സാന്നിദ്ധ്യവും സാമ്പത്തിക സഹകരണവുമാണ് പ്രസ്ക്ലബ് സമ്മേളനങ്ങൾ ഉന്നത നിലവാരത്തിൽ നടത്തുവാനുള്ള ചാലകശക്തി.

യൗവന കാലത്തുതന്നെ വാർത്താ വിതരണത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിച്ച് മികവു തെളിയിച്ച പാരമ്പര്യമുള്ള സുനിൽ ട്രൈസ്റ്റാർ പ്രസിഡണ്ടായുള്ള പ്രസ്ക്ലബിന്റെ ന്യൂജേഴ്സി സമ്മേളനം നല്ല നിലവാരം പുലർത്തുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ആശംസകൾ നേരുന്നു.

## രമ രാജേശ്വരി നാഷണൽ ക്രൈം റിക്കാർഡ്സ് ഡെപ്യൂട്ടി ഡയറക്ടർ




ന്യൂഡൽഹി: ഇടുക്കി മൂന്നാറിലെ ആദ്യ വനിതാ ഐപിഎസ് ഓഫീസറും മലയാളിയുമായ രമ രാജേശ്വരിയെ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിനു കീഴിലുള്ള നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയിൽ (എൻസിആർബി) ഡെപ്യൂട്ടി ഡയറക്ടറായി (ഡിഐജി) നിയമിച്ചു. തെലുങ്കാന കേഡറിൽ നിന്നുള്ള 2009 ബാച്ച് ഐപിഎസ് ഉദ്യോഗസ്ഥയാണു രമ.

സോഫ്റ്റ്‌വെർ എൻജിനിയറായിരുന്ന രമ കോർപറേറ്റ് ജോലി ഉപേക്ഷിച്ചാണു ഐപിഎസിലെത്തിയത്. മൂന്നാറിലെ മൂടൽമഞ്ഞിൽനിന്ന് ഇന്ത്യയിലെ നിയമപാലകരുടെ അധികാര ഇടനാഴികളിലേക്കുള്ള രമയുടെ യാത്ര സ്ഥിരോത്സാഹത്തിന്റെയും ലക്ഷ്യബോധത്തിന്റെയും പ്രചോദനാത്മകമായ കഥയാണ്. പത്ര, മാസികകളിൽ ലേഖനമെഴുതിയിട്ടുള്ള രമ, സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കും അവകാശങ്ങൾക്കും വേണ്ടിയുള്ള പോരാളികൂടിയാണ്. നിയമനിർവഹണം, കുട്ടികളുടെ അവകാശങ്ങൾ, ലിംഗപരമായ പ്രശ്നങ്ങൾ, ചരിത്രം എന്നിവയിലാണ് എഴുത്തിന്റെ മേഖലയിൽ രമയുടെ പ്രധാന ശ്രദ്ധ.

നാഷണൽ പോലീസ് അക്കാദമിയിൽനിന്നു നിരവധി പുരസ്കാരങ്ങൾ നേടിയ ശേഷമാണു തെലുങ്കാനയിലെ നിയമപാലനത്തിലേക്കെത്തിയത്. തെലുങ്കാനയിലെ അഞ്ചു ജില്ലകളിൽ എസ്പിയായും മാവോയിസ്റ്റ് തീവ്രവാദം രൂക്ഷമായിരുന്ന മേഖലകളിൽ പോലീസ് കമ്മീഷണറായും പ്രവർത്തിച്ചു. ആന്ധ്രാ-ഒഡീഷ അതിർത്തിയിലെ വനങ്ങൾക്കുള്ളിൽ നക്സൽ വിരുദ്ധ പോരാട്ടത്തിന് മികവുറ്റ നേതൃത്വം നൽകി. തെലുങ്കാനയിലെ വിഖ്യാത നക്സൽ വിരുദ്ധ കമാൻഡോ യൂണിറ്റായ ഗ്രേഹൗണ്ട്സിൽ അസോൾട്ട് കമാൻഡറായിരുന്നു.

## INAI MENTAL HEALTH INITIATIVE FOR YOUTH

**Anil Mattathikunnel**




The Indian Nurses Association of Illinois (INAI) is committed to advancing the health and well-being of our communities. Today, more than ever, we recognize the urgent need to address the growing mental health crisis among our youth and families.

Cultural and generational barriers, along with the stigma surrounding mental health, often prevent timely help. That's why INAI is partnering with Kenneth Young Center to provide a FREE one-day Youth Mental Health First Aider Training for students in 12th grade and above.

Date: Saturday, October 11, 9:00 AM – 3:00 PM

Location: St. Thomas Syro Malabar Church, Bellwood, IL


Seats: Limited to 30 participants

Certificate awarded at completion

This training will equip youth with the courage, resilience, and skills to face challenges as they prepare for higher studies and independent living. It will also empower them to support their peers.

Register today— https://inaiusa.org/mental-health-first-aider-training/

spots are limited! Together, let's break the stigma and build a stronger, healthier future for our youth.


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
For Vacation and Holiday rentals.
Licensed Home stay, Safe and Secured.
3 A/C rooms, Unique Packages for 2-8 people very economical.
Individual Room rental for families.
Fruits and vegetable Garden.
Feels like farm house with Pets, Animals, Fish and birds.
Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
Adhering Food Safety Regulations.
Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200
773.685.7388
www.bmautocollision.com

# ഓർമ ഇന്റർനാഷണൽ കോട്ടയം ചാപ്റ്റർ ഓണാഘോഷത്തിൽ അഖില കേരള വടംവലി മത്സരം നടത്തി






രാമപുരം/പാലാ: ഓർമ്മ ഇന്റർനാഷണൽ (ഓവർസീസ് റസിഡന്റ് മലയാളി അസോസിയേഷൻ ഇന്റർനാഷണൽ) കോട്ടയം ചാപ്റ്ററിന്റെ നേതൃത്വത്തിൽ അഖില കേരള വടംവലി മത്സരം രാമപുരം വെള്ളിലാപ്പിള്ളിയിൽ നടന്നു. വടംവലി മത്സരം ഗ്ലോബൽ ചെയർമാൻ ജോസ് ആറ്റുപുറം ഉദ്ഘാടനം ചെയ്തു.

ഓർമ്മ ഇന്റർനാഷണൽ കേരള പ്രൊവിൻസ് പ്രസിഡണ്ട് കുര്യാക്കോസ് മണിവയലിൽ അദ്ധ്യക്ഷത വഹിച്ചു. ഓർമ്മയുടെ ഭാരവാഹികളായ ഷാ

**സുനിൽ കിഴക്കേക്കര**

ജി ആറ്റുപുറം, ആലീസ് ജോസ്, ഷൈനി സന്തോഷ് (ഓർമ്മ ഇന്റർനാഷണൽ കോട്ടയം ചാപ്റ്റർ പ്രസിഡണ്ട്, രാമപുരം പഞ്ചായത്ത് മുൻപ്രസിഡണ്ട്), സുനിൽ കിഴക്കേക്കര (ഓർമ്മ ഇന്റർനാഷണൽ കോട്ടയം ചാപ്റ്റർ വൈസ് പ്രസിഡണ്ട്), രാജു കെ.കെ. (ഓർമ്മ ഇന്റർനാഷണൽ കോട്ടയം ചാപ്റ്റർ സെക്രട്ടറി), സന്തോഷ് കിക്കേക്കര, അരുൺകുമാർ, സുബിൻ ബാബു എന്നിവർ നേതൃത്വം നല്കി.

വടംവലി മത്സരത്തിൽ ഒന്നാം സ്ഥാനം സെന്റ് മേരീസ് മുട്ടം (ക്യാഷ് അവാർഡും എവർ റോളിങ് ട്രോഫിയും), രണ്ടാം സ്ഥാനം ഓസ്കാർ ക്ലബ് രാമപുരം വെള്ളിലാപ്പിള്ളി (ക്യാഷ് അവാർഡും ട്രോഫിയും), മൂന്നാം സ്ഥാനം കാരിത്താസ് ഹോസ്പിറ്റൽ കോട്ടയം (ക്യാഷ് അവാർഡും ട്രോഫിയും), നാലാം സ്ഥാനം ആർ.എസ്.കെ. രാമപുരം (ക്യാഷ് അവാർഡും ട്രോഫിയും) ടീമുകൾ കരസ്ഥമാക്കി.

# ഓൺലൈൻ വോട്ടർപട്ടിക പരിഷ്കരണം: ആധാർ നമ്പർ നിർബന്ധമാക്കി

ന്യൂഡൽഹി: ഓൺലൈനിലൂടെ വോട്ടർ പട്ടികയിൽ പേരു ചേർക്കൽ, ഒഴിവാക്കൽ, പരിഷ്കരണം തുടങ്ങിയവയ്ക്ക് ആധാർ നമ്പറുമായി ബന്ധിപ്പിച്ച മൊബൈൽ ഫോൺ നമ്പർ നിർബന്ധമാക്കി കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷൻ.

ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ 'വോട്ട് ചോരി' ആരോപണത്തിനു പിന്നാലെയാണു നടപടി. അപേക്ഷകളിൽ തുടർനടപടി സ്വീകരിക്കാൻ ആധാർ ബന്ധിത മൊബൈൽ നമ്പർ അപേക്ഷകർ നിർബന്ധമായും നൽകിയിരിക്കണമന്നു തെരഞ്ഞെടുപ്പു കമ്മീഷൻ നിർദേശിച്ചു.

ഒരുമാസം മുമ്പ് ഇത്തരമൊരു തീരുമാനം കൈക്കൊണ്ടിരുന്നതായി കമ്മീഷൻ ഉന്നതർ വെളിപ്പെടുത്തി. അതിന്മേൽ കമ്മീഷന്റെ ഐടി വിഭാഗം തുടർനടപടികൾ സ്വീകരിക്കാനെടുത്ത കാലതാമസമാണു സംവിധാനം നടപ്പാകൽ വൈകിയതിലേക്കു നയിച്ചതെന്നും ഉദ്യോഗസ്ഥൻ വിശദീകരിച്ചു.

കർണാടകയിൽ വൻതോതിൽ വോട്ട് ഒഴിവാക്കൽ നടന്നതായി പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി ആരോപിച്ചിരുന്നു.

വോട്ട് കൊള്ള വിവാദത്തിൽ നടത്തിയ രണ്ടാമത്തെ പത്രസമ്മേളനത്തിലായിരുന്നു തെളിവുകളടക്കം നിരത്തി രാഹുലിന്റെ ആക്ഷേപം. അലന്ദ് നിയമസഭാ മണ്ഡലത്തിൽ 6,018 വോട്ട് ഒഴിവാക്കിയതാണ് ഇതിന് ആധാരമായി അദ്ദേഹം ഉയർത്തിക്കാട്ടിയത്.

ഇതുസംബന്ധിച്ച അന്വേഷണത്തിൽ കർണാടക സിഐഡി ആവശ്യപ്പെട്ട വിവരങ്ങൾ കൈമാറാൻ തെരഞ്ഞെടുപ്പു കമ്മീഷൻ തയാറാകുന്നില്ലെന്നും രാഹുൽ ആരോപിച്ചിരുന്നു.

വോട്ട് ഒഴിവാക്കൽ യാദൃശ്ചികമല്ലെന്നും വ്യവസ്ഥാപിതമാണെന്നും ചൂണ്ടിക്കാട്ടിയ രാഹുൽ, ഇതിനുപിന്നിൽ ഒരു 'മൂന്നാം ശക്തി'യാണെന്നും ചൂണ്ടിക്കാട്ടി.

വിഷയത്തിൽ വൈകാതെ ഒരു ഹൈഡ്രജൻ ബോംബ് പൊട്ടിക്കുമെന്നു രാഹുൽ പത്രസമ്മേളനത്തിൽ ആവർത്തിച്ചു.

പ്രധാനമന്ത്രി നരേന്ദ്ര മോദി മത്സരിച്ച വാരാണസി മണ്ഡലത്തിലെ ക്രമക്കേടുകളാണു രാഹുൽ ഉന്നമിടുന്നതെന്നാണ് സൂചന.

# ക്രിമിനൽ കേസുകളിൽ ദൈനംദിന വിചാരണ ഉറപ്പാക്കാൻ നിർദേശം

ന്യൂഡൽഹി: പ്രധാനപ്പെട്ട ക്രിമിനൽ കേസുകളിൽ ദൈനംദിന വിചാരണ (ഡേ ടുഡേ ട്രയൽ) ഉറപ്പാക്കാൻ ഹൈക്കോടതികളോട് സുപ്രീംകോടതി. ക്രിമിനൽക്കേസിലെ വിചാരണയിൽ സാക്ഷികളുടെ വിസ്താരം ആരംഭിച്ചുകഴിഞ്ഞാൽ അഭിഭാഷകരുടെ സൗകര്യം കണക്കിലെടുത്ത് ബാക്കിയുള്ള വിസ്താരം മറ്റൊരു ദിവസത്തേക്കു മാറ്റിവെക്കുന്ന രീതി ഒഴിവാക്കണമെന്ന് ജസ്റ്റിസുമാരായ ജെ.ബി. പർദിവാല, കെ. വിശ്വനാഥൻ എന്നിവരുടെ ബെഞ്ച് വ്യക്തമാക്കി.

മൂന്ന് പതിറ്റാണ്ടുമുമ്പ് പതിവായിരുന്ന ദിവസേനയുള്ള വിചാരണ ഇല്ലാതായതിലെ നിരാശയും കോടതി പ്രകടിപ്പിച്ചു. കേസിൽ വാദം ആരംഭിച്ചുകഴിഞ്ഞാൽ തടസങ്ങളോ മാറ്റിവെക്കലുകളോ ഇല്ലാതെ അവസാന സാക്ഷിയെവരെയും വിസ്തരിക്കുന്നത് തുടരുന്ന രീതിയാണു ദൈനംദിന വിചാരണ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

# ലീലാ പോൾസൺ അന്തരിച്ചു



ഫ്ളോറിഡ: തൃശൂർ നെല്ലിക്കുന്നം കൂനംപ്ലാക്കൽ കുടുംബാംഗം പരേതനായ പോൾസൺ ഡേവിഡിന്റെ ഭാര്യ ലീലാ പോൾസൺ (78) ഫ്ളോറിഡയിൽ അന്തരിച്ചു. തൃശൂർ കണ്ണാറ കുഴിയാമറ്റം കുടുംബാംഗമാണ്. മക്കൾ: ഡേവിഡ് പോൾസൺ (ഫ്ളോറിഡ), തോംസൺ പോൾസൺ (കാനഡ). മരുമക്കൾ: ഡോ. ജോയ്സ് പോൾസൺ, ബെസ്സി തോംസൺ. സംസ്കാര ശുശ്രൂഷ ഒക്ടോബർ 4-ന് ശനിയാഴ്ച രാവിലെ 9.30-ന് ഐപിസി ഒർലാന്റോ ദൈവസഭയിൽ (11531 Winter garden Vineland Rd, Orlando, FL.32836) സീനിയർ ശുശ്രൂഷകൻ പാസ്റ്റർ ജേക്കബ് മാത്യൂവിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്നതും 12.30-ന് റോസ് ഹിൽ സെമിത്തേരിയിൽ (1615 old boggy creek) സംസ്കാരം നടത്തപ്പെടുന്നതുമാണ്.

**വാർത്ത: നിബു വെള്ളവന്താനം**

# വിൻസെന്റ് വലിയവീട്ടിൽ അന്തരിച്ചു



ഡാളസ്: അമേരിക്കയിലെ കലാരംഗത്ത് പ്രശസ്തനായിരുന്ന തൃശൂർ ഒല്ലൂർ സ്വദേശി വലിയവീട്ടിൽ വിൻസെന്റ് (70) ഡാളസിൽ അന്തരിച്ചു. സംഗീതത്തോടുള്ള അഗാധമായ സ്നേഹവും ആത്മാർത്ഥതയും അദ്ദേഹത്തെ അമേരിക്കയിലെ കലാ-സാംസ്കാരിക രംഗത്ത് നിറസാന്നിദ്ധ്യമാക്കിയിരുന്നു. ഗാർലൻഡ് സീറോമലബാർ കാത്തലിക് ചർച്ച് ഇടവകാംഗമായിരുന്ന വിൻസെന്റ് അവിടുത്തെ ഗായകസംഘത്തെ വിശ്വസ്തതയോടെ നയിച്ചിരുന്നു.

ഗാനഗന്ധർവൻ കെ.ജെ. യേശുദാസിനൊപ്പം ഗാനമേളകളിൽ കീബോർഡിസ്റ്റായും പ്രവർത്തിച്ചിട്ടുണ്ട്. വിൻസെന്റ് വലിയവീട്ടിലിന്റെ വിയോഗത്തിൽ ഡാളസ് ഫോർട്ട് വർത്ത് കലാ-സാംസ്കാരിക സാമൂഹിക മേഖലയിലെ സംഘടകരെല്ലാം അനുശോചനം രേഖപ്പെടുത്തി.

**വാർത്ത: അനശ്വർ മാമ്പിള്ളി**

# കോളജിൽ എവിടെ പോകണമെന്ന് ഞാൻ എങ്ങനെ തെരഞ്ഞെടുത്തു?

സി.വി. സാമുവൽ

എന്റെ കുട്ടികളിൽ ഒരാൾ ഒരിക്കൽ എന്നോട് ചോദിച്ചു: കോളജിൽ എവിടെ പോകണമെന്ന് നിങ്ങൾ എങ്ങനെ തീരുമാനിച്ചു? അതിന് ഉത്തരം നല്കാൻ ഇന്ത്യയിലെ കേരളത്തിലെ മല്ലപ്പള്ളിയിലെ ആനിക്കാട്ടുള്ള സെന്റ് മേരീസ് കാത്തലിക് ഹൈസ്കൂളിലെ എന്റെ ഹൈസ്കൂൾ വർഷങ്ങളിൽ നിന്ന് ഞാൻ ആരംഭിക്കണം.

1962–ൽ ഞാൻ ഹൈസ്കൂളിൽ നിന്ന് ബിരുദം നേടി. പ്രൈമറി, മിഡിൽ, ഹൈസ്കൂൾ കാലഘട്ടങ്ങളിൽ ഞാൻ ഒരു ശരാശരി വിദ്യാർത്ഥി മാത്രമായിരുന്നു. ചിലപ്പോൾ ശരാശരിയിലും താഴെ പോകും. എന്റെ കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതി മറ്റൊരു വലിയ ഭാരമായിരുന്നു. എന്നെ കോളജിൽ അയയ്ക്കാൻ എന്റെ കുടുംബത്തിന് മാർഗ്ഗമില്ലായിരുന്നു. അതിനുപുറമെ എന്റെ സ്കൂൾ വിദ്യാഭ്യാസം മുഴുവൻ നമ്മുടെ പ്രാദേശിക ഭാഷയായ മലയാളത്തിലായിരുന്നു.

അതേസമയം, ഇംഗ്ലീഷ് ഒരു വിഷയമായി മാത്രമേ പഠിപ്പിച്ചിരുന്നുള്ളൂ. ഇംഗ്ലീഷ് പ്രാവീണ്യത്തിന്റെ അഭാവം ഒരു മതേതര കോളജിൽ ചേരുക എന്ന ആശയം അസാദ്ധ്യമാക്കി. ആ സമയത്ത് ഉന്നത വിദ്യാഭ്യാസം എനിക്ക് അപ്രാപ്യമായിരുന്നു.

പക്ഷേ, ദൈവത്തിന് മറ്റ് പദ്ധതികളുണ്ടായിരുന്നു. 1962–ൽ എന്റെ ഹൈസ്കൂൾ ബിരുദാനന്തരം, മാർത്തോമ്മാ സഭ തിരുവല്ലയ്ക്കടുത്തുള്ളഴ കൊമ്പാടിയിലുള്ള ഏബ്രഹാം മാർത്തോമ്മാ മെമ്മോറിയൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ സംഘടിപ്പിച്ച മൂന്ന് മാസത്തെ കോഴ്സിൽ ഞാൻ ചേർന്നു. ആ ചെറിയ മാസങ്ങൾ എന്റെ ജീവിതത്തിൽ ഒരു പുതിയ അദ്ധ്യായം തുറന്നു. കൊമ്പാടി ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ബൈബിളിന്റെ ആഴത്തിലുള്ള പഠനത്തിലേക്കും താരതമ്യ മതത്തിലേക്കും ക്രിസ്ത്യൻ മിഷൻ പ്രവർത്തനത്തിന്റെ സാദ്ധ്യതകളിലേക്കും എനിക്കു പരിചയം ലഭിച്ചു. ആ പഠനങ്ങളിലാണ് ഇന്ത്യയിലെ മഹാരാഷ്ട്രയിലെ നാഗ്പൂരിനടുത്തുള്ള യെയോത്മാലിലെ യൂണിയൻ ബൈബിൾ സെമിനാരിയെക്കുറിച്ച് ഞാൻ ആദ്യമായി കേട്ടത്.

1963–ൽ എന്റെ അത്ഭുതത്തിനും സന്തോഷത്തിനും നാല് വർഷത്തെ പഠനത്തിനുമായി യൂണിയൻ ബൈബിൾ സെമിനാരിയിൽ എന്നെ സ്വീകരിച്ചു. ആ വർഷങ്ങൾ എന്റെ ആത്മീയ അടിത്തറയെ രൂപപ്പെടുത്തി, എനിക്ക് ഒരിക്കലും പ്രതീക്ഷിക്കാത്ത ആത്മവിശ്വാസം നല്കി. യെയോത്മാൽ യൂണിയൻ ബൈബിൾ സെമിനാരിയിൽ നിന്ന് ബിരുദം നേടിയശേഷം (മാർച്ച് 13, 1967) ഏകദേശം നാല് വർഷത്തോളം ഇന്ത്യയിലെ നിരവധി ക്രിസ്ത്യൻ സംഘടനകളിൽ ഞാൻ സേവനമനുഷ്ഠിച്ചു. ഈ കാലയളവിൽ, എന്റെ അടുത്ത സുഹൃത്തും സഹപാഠിയുമായ കെ.ഇ. മാത്യു വിർജീനിയയിലെ ഹാരിസൺബർഗിലുള്ള ഈസ്റ്റേൺ മെനോനൈറ്റ് കേളജിൽ പഠിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ പ്രോത്സാഹനത്തിലൂടെയും സഹായത്തിലൂടെയും എനിക്ക് അവിടെ പ്രവേശനം ലഭിച്ചു. ഞാൻ അദ്ദേഹത്തോട് വളരെ നന്ദിയുള്ളവനാണ്. ഇന്ന്, അദ്ദേഹവും കുടുംബവും ഫിലാഡൽഫിയയിലാണ് താമസിക്കുന്നത്. പക്ഷേ, എന്റെ യാത്രയിൽ അദ്ദേഹത്തിന്റെ പങ്ക് ഞാൻ എപ്പോഴും ഓർക്കുന്നു.

ഇന്ത്യ വിട്ട് അമേരിക്കയിലേക്ക് പോയത് എന്റെ ജീവിതത്തിലെ ഏറ്റവും പ്രയാസകരവും വൈകാരികവുമായ തീരുമാനങ്ങളിലൊന്നായിരുന്നു. ഞാൻ വീട്ടിൽ നിന്ന് ഇത്രയും ദൂരം യാത്ര ചെയ്തിട്ടില്ല. സമുദ്രം കടക്കുക, വ്യത്യസ്തമായ ഭാഷ, സംസ്കാരം, ജീവിതരീതി എന്നിവയുള്ള ഒരു രാജ്യത്ത് പ്രവേശിക്കുക എന്ന ചിന്ത എന്നെ ഭയവും പ്രതീക്ഷയുംകൊണ്ട് നിറച്ചു. ബോംബെ സാന്താക്രൂസ് വിമാനത്താവളത്തിൽ എന്റെ കുടുംബാംഗങ്ങളോടും പരിചിതമായ മുഖങ്ങളോടും വിട പറഞ്ഞുകൊണ്ട്, ഞാൻ കേട്ടിട്ടുള്ള ഒരു നാട്ടിൽ എന്നെ കാത്തിരിക്കുന്നത് എന്താണെന്ന് ഉറപ്പില്ലാതെ നിന്നത് ഞാൻ ഓർക്കുന്നു. ഒരു ചെറിയ സ്യൂട്ട്കേസും ദൈവത്തിലുള്ള എന്റെ വിശ്വാസവും മാത്രമേ ഞാൻ എന്റെ കൂടെ കരുതിയിരുന്നുള്ളൂ.



ലേഖകൻ

1971 നവംബർ 21–ന് ഞാൻ ഹാരിസൺബർഗിൽ എത്തി ഈസ്റ്റേൺ മെനോനൈറ്റ് കോളജ് ആൻഡ് സെമിനാരിയിൽ (ഇപ്പോൾ ഈസ്റ്റേൺ മെനോനൈറ്റ് യൂണിവേഴ്സിറ്റി) ചേർന്നു. സെമിനാരിയും കോളജും ഒരു സ്വകാര്യ പള്ളി അധിഷ്ഠിത സ്ഥാപനമായിട്ടാണ് പ്രവർത്തിച്ചിരുന്നത്. മെനോനൈറ്റ് പള്ളി അംഗങ്ങളുടെയും വിദ്യാർത്ഥികളുടെയും ഔദാര്യത്താൽ പിന്തുണച്ചുകൊണ്ട് ഫാക്കൽറ്റിയും സ്റ്റാഫും ദിവ്യവിളിയുടെ ഒരു ബോധത്തോടെയാണ് സേവനമനുഷ്ഠിച്ചത്. ഞാൻ കാമ്പസിൽ കാലുകുത്തിയ നിമിഷം മുതൽ എനിക്ക് ഒരുതരം അസ്വസ്ഥതയും നന്ദിയും തോന്നി.

അമേരിക്കയിലെ എന്റെ ആദ്യദിവസം 1971 നവംബർ 23–ന് മാസ്റ്റർ ഓഫ് ഡിവിനിറ്റി പ്രോഗ്രാമിൽ രജിസ്റ്റർ ചെയ്യാൻ ഞാൻ അഡ്മിനിസ്ട്രേഷൻ കെട്ടിടത്തിലേക്ക് നടന്നു. എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് ഇന്ത്യയിലെ യൂണിയൻ ബൈബിൾ സെമിനാരിയിൽ എന്റെ നാല് വർഷത്തെ പഠനത്തിന് പൂർണ്ണ ക്രെഡിറ്റ് കോളജ് (ഇഎംസി) എനിക്ക് നല്കി. ആ അംഗീകാരം ഞാൻ എവിടെ ആയിരിക്കണമെന്ന് ദൈവം സ്ഥിരീകരിച്ചതായി തോന്നി. ഇഎംസിയിലെ എന്റെ സമയം എന്റെ വിദ്യാഭ്യാസത്തെ മാത്രമല്ല എന്റെ ക്രിസ്തീയ വളർച്ചയെയും പക്വതയെയും രൂപപ്പെടുത്തും.

1972–1973–ലെ രണ്ടാം ടേമിൽ ഞാൻ ഒരു പ്രധാന തീരുമാനമെടുത്തു. എം. ഡിവീവ് പ്രോഗ്രാം പൂർത്തിയാക്കുന്നതിനു പകരം ഞാൻ മാസ്റ്റർ ഓഫ് ആർട്സ് ഇൻ റിലിജിയനിലേക്ക് മാറി. ഇത് ഒരു വർഷത്തിനുള്ളിൽ എന്റെ കോഴ്സ് വർക്ക് പൂർത്തിയാക്കാൻ എന്നെ അനുവദിച്ചു. ജോലി ചെയ്യാനും എന്റെ പഠനത്തിനും എന്റെ ഭാര്യയ്ക്കും പിന്തുണ നല്കാനും കൂടുതൽ സമയം നല്കി. ആ ദിവസങ്ങളിത്ര എളുപ്പമായിരുന്നില്ല. ഞാൻ കഠിനാദ്ധ്വാനം ചെയ്യുകയും ലളിതമായി ജീവിക്കുകയും ചെയ്തു. എന്റെ ചെലവുകൾ നിറവേറ്റാൻ റോക്കിംഗ് ഹാം മെമ്മോറിയൽ ആശുപത്രിയിലും ഹാരിസൺബർഗിലെ സ്വിഫ്റ്റ് കോഴി സംസ്കരണ പ്ലാന്റിലും ഞാൻ ദീർഘനേരം ജോലി ചെയ്തു. രാത്രി വൈകിയും ജോലി ചെയ്തതിന്റെ ക്ഷീണം ഞാൻ ഇപ്പോഴും ഓർക്കുന്നു. എന്നിട്ടും ആ നിമിഷങ്ങൾ ദൈവത്തിന്റെ കരുതലിലുള്ള എന്റെ വിശ്വാസത്തെ കൂടുതൽ ആഴത്തിലാക്കി.

1972 മെയ് മാസത്തോടെ ഞാൻ എന്റെ കോഴ്സ് വർക്ക് പൂർത്തിയാക്കി. ഒരു വർഷത്തിനുശേഷം 1974 മെയ് 19–ന് ഞാൻ മതത്തിൽ മാസ്റ്റർ ഓഫ് ആർട്സ് ബിരുദം നേടി. എത്ര സന്തോഷത്തിന്റെയും നന്ദിയുടെയും ഒരു ദിവസം! ബിരുദദാന ചടങ്ങിൽ കോളജ് പ്രസിഡണ്ട് ഡോ. മൈറോൺ എസ്. ഓഗ്സ്ബർഗർ എന്റെ പേര് പരാമർശിച്ചു. കോളജ് ഫീസ് മുഴുവൻ അടച്ച ഏക വിദേശവിദ്യാർത്ഥി എന്ന നിലയിൽ എന്നെ അഭിനന്ദിച്ചു. മറ്റ് അന്താരാഷ്ട്ര വിദ്യാർത്ഥികളെയും എന്റെ മാതൃക പിന്തുടരാൻ അദ്ദേഹം പ്രേരിപ്പിച്ചു. ആ പൊതു അംഗീകാരം വിനയാന്വിതമാക്കുക മാത്രമല്ല ആഴത്തിൽ പ്രോത്സാഹജനകവുമായിരുന്നു. ചെറുതും വലുതുമായ രീതിയിൽ വിശ്വസ്തതയെ ദൈവം ബഹുമാനിക്കുന്നുവെന്ന് അത് എന്നെ ഓർമ്മിപ്പിച്ചു.

അപ്പോൾ എന്റെ പ്രിയപ്പെട്ട മക്കളേ, ഷിബുവും ശോഭയും നിങ്ങളുടെ ചോദ്യത്തിനുള്ള എന്റെ ഉത്തരം ഇതാണ്. കോളജിൽ എവിടെ പോകണമെന്ന് നിങ്ങൾ എങ്ങനെ തെരഞ്ഞെടുത്തു? സത്യത്തിൽ അത് എന്റെ ശ്രദ്ധാപൂർവമായ ആസൂത്രണമോ കഴിവോ ആയിരുന്നില്ല. കേരളത്തിലെ എന്റെ ചെറിയ ഹൈസ്കൂളിൽ നിന്ന് ഒരു ബൈബിൾ സ്ഥാപനത്തിലേക്കും ഇന്ത്യയിലെ സെമിനാരി പഠനത്തിലേക്കും ഒടുവിൽ സമുദ്രം കടന്ന് വിർജീനിയയിലേക്കും പടിപടിയായി എന്നെ നയിച്ചത് ദൈവത്തിന്റെ ഇഷ്ടമായിരുന്നു.

ഇന്ന് നിങ്ങളും നിങ്ങളുടെ കുടുംബങ്ങളും അമേരിക്കയിൽ ആസ്വദിക്കുന്നതെല്ലാം–ദൈവത്തിന്റെ കൈ എന്നെ നയിച്ചതിന്റെയും ചിലപ്പോഴൊക്കെ മടിച്ചാലും അവന്റെ വിളി പിന്തുടരാനുള്ള എന്റെ സന്നദ്ധതയുടെയും നേരിട്ടുള്ള ഫലമാണ്. എല്ലാ സ്തുതിയും ദൈവത്തിനായിരിക്കട്ടെ!

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 88.74 |
| യൂറോ | 104.01 |
| സ്റ്റെർലിംഗ്പൗണ്ട് | 119.22 |
| സ്വിസ് ഫ്രാങ്ക് | 111.46 |
| സിംഗപ്പൂർ ഡോളർ | 68.80 |
| കനേഡിയൻ ഡോളർ | 63.76 |
| ഒമാൻ റിയാൽ | 230.80 |
| ബഹ്റൈൻ ദിനാർ | 235.34 |
| സൗദി റിയാൽ | 23.66 |
| യു.എ.ഇ. ദിർഹം | 24.16 |
| കുവൈത്ത് ദിനാർ | 290.47 |



# കാരുണ്യത്തിന്റെ കൈനീട്ടം ഒരുക്കി ഡാളസിൽ വിൻസെന്റ് ഡി പോൾ ദിനാഘോഷം

ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ദൈവാലയത്തിൽ വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ തിരുനാളിനോടനുബന്ധിച്ച് വിൻസെന്റ് ഡി പോൾ ദിനവും നടുതലത്തിരുനാളും സംയുക്തമായി ആഘോഷിച്ചു. വിൻസെന്റി ഡി പോൾ സൊസൈറ്റി വഴി ചെയ്ത നന്മകൾ ജോൺ വാരിയെത്ത് ഇടവക ജനത്തിനു വിവരിച്ചു.

**സിജോയ് പറപ്പള്ളിൽ**


വിൻസെന്റ് ഡി പോൾ ദിനമായ ഞായറാഴ്ച വിൻസെന്റ് ഡി പോൾ സൊസൈറ്റി അംഗങ്ങളുടെ കാഴ്ചവെപ്പ് സമർപ്പണം നടത്തപ്പെട്ടു. അന്നത്തെ വിശുദ്ധ ബലിയർപ്പണത്തിന് സൊസൈറ്റി അംഗങ്ങൾ നേതൃത്വം നല്കി. ചാരിറ്റി ഫണ്ട് ധനശേഖരണാർത്ഥം നടുതലത്തിരുനാൾ ഒപ്പം ആഘോഷിച്ചു. പച്ചക്കറികൾ കൊണ്ടുവന്ന് നല്കി വിറ്റ് ലഭിച്ച തുകകൾ അനേകർക്ക് ആശ്വാസകരമായി മാറും എന്ന് പ്രസിഡണ്ട് റ്റെറി മാത്യു വാളശേരിൽ പറഞ്ഞു. സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ തിരുനാൾ നന്മയുടെ ഉത്സവമാക്കി മാറ്റാൻ ഇതുവഴി സാധിച്ചു.




ഏവരുടെയും സഹായ സഹകരണങ്ങൾക്ക് എക്സിക്യൂട്ടീവ് അംഗങ്ങൾ നന്ദി അറിയിച്ചു.

## സാഹിത്യവേദി ഒക്ടോബർ 3–ന്; എസ്. അനിലാലിന്റെ കഥാവതരണവും ചർച്ചയും

ചിക്കാഗോ: സാഹിത്യവേദിയുടെ അടുത്ത സമ്മേളനം ഒക്ടോബർ 3-ന് വെള്ളിയാഴ്ച ചിക്കാഗോ സമയം വൈകുന്നേരം 7.30-ന് സൂം വെബ് കോൺഫറൻസ് വഴിയായി കൂടുന്നതാണ്. (Zoom Meeting Link: https//us02web.zoom.us/j/81475259178. Pass code: 2990 Meeting ID: 814 7525 9178). സാഹിത്യവേദി അംഗവും മുൻ ലാനാ പ്രസിഡണ്ടും കഥാകൃത്തുമായ എസ്. അനിലാൽ അദ്ദേഹത്തിന്റെ വംശാവലി എന്ന കഥ അവതരിപ്പിക്കുകയും ചർച്ച നയിക്കുകയും ചെയ്യുന്നതാണ്.





ഫിത്ർ സകാത്ത് (2024), പ്ലാക്ക് (2011), സബ്രീന (2020) എന്നീ കഥാസമാഹാരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലിസ് ഐലന്റിൽ നിന്ന്, ക്രിസ്മസ് നോട്ടങ്ങൾ തുടങ്ങിയ ആന്തോളജികൾ, ലേഡി ലിബർട്ടി (യാത്രാക്കുറിപ്പ്), ആനുകാലികങ്ങളിലും നവമാധ്യമങ്ങളിലുമായി നിരവധി ലേഖനങ്ങളും കഥകളും എന്നിവ എഴുതിയിട്ടുണ്ട്.

മുംബൈ ജ്വാല അവാർഡ് (2023), ഏറ്റുമാനൂർ കാവ്യവേദിയുടെ കഥാസമാഹാരത്തിനുള്ള അവാർഡ്, മൂന്നാമത് റ്റി.എ. റസാഖ് പുരസ്കാരം (2021), ഫൊക്കാന കാരൂർ അവാർഡ് (2022), പുരോഗമന കലാസാഹിത്യ സംഘത്തിന്റെ നീലകണ്ഠപിള്ള പുരസ്കാരം (2024) എന്നീ അംഗീകാരങ്ങളും അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്. 'ദി ടെസ്റ്റ്മെന്റ്', 'സമയരഥം പിന്നോട്ട്' എന്നീ ഡോക്യുമെന്ററികളും 'മനസ്സറിയാതെ' എന്ന മിനി സിനിമയും എഴുതി സംവിധാനം ചെയ്തു. നെയ്യാറ്റിൻകര സ്വദേശിയായ അദ്ദേഹം 1997 മുതൽ ചിക്കാഗോയിലാണ് സ്ഥിരതാമസം.

ഓഗസ്റ്റ്മാസ സാഹിത്യവേദിയിൽ ലാനാ മുൻ പ്രസിഡണ്ട് ഷാജൻ ആനിത്തോട്ടം തന്റെ അഞ്ച് പുസ്തകങ്ങൾ പരിചയപ്പെടുത്തിയത് സാഹിത്യവേദി അംഗങ്ങൾ ഏറെ ആസ്വദിച്ചു. എല്ലാ സാഹിത്യ സ്നേഹികളെയും ഒക്ടോബർമാസ സാഹിത്യവേദിയിലേക്ക് സഹർഷം സ്വാഗതം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക്: എസ്. അനിലാൽ 630 400 9735, പ്രസന്നൻപിള്ള 630 935 2990, ജോൺ ഇലക്കാട് 773 282 4955.

## ആർച്ച്ബിഷപ് ഫിലിപ്പോ യന്നോനെ മെത്രാന്മാർക്കു വേണ്ടിയുള്ള കാര്യാലയം അദ്ധ്യക്ഷൻ

വത്തിക്കാൻ സിറ്റി: മെത്രാന്മാർക്കു വേണ്ടിയുള്ള കാര്യാലയത്തിന്റെ അദ്ധ്യക്ഷനായും ലാറ്റിനമേരിക്കൻ സഭയുടെ പൊന്തിഫിക്കൽ കമ്മീഷൻ പ്രസിഡണ്ടായും ഇറ്റാലിയൻ ആർച്ച്ബിഷപ് ഫിലിപ്പോ യന്നോനെ (63) യെ ലെയോ പതിനാലാമൻ മാർപാപ്പ നിയമിച്ചു. കാനൻ നിയമവിദഗ്ദ്ധനായ ആർച്ച്ബിഷപ് ഫിലിപ്പോ കാനൻ നിയമ വ്യാഖ്യാന കാര്യാലയത്തിന്റെ അദ്ധ്യക്ഷനായി പ്രവർത്തിച്ചുവരികയായിരുന്നു. ഒക്ടോബർ 15-ന് അദ്ദേഹം ചുമതല ഏറ്റെടുക്കും.



മെയ്മാസം തെരഞ്ഞെടുക്കപ്പെട്ട ശേഷം ലെയോ പതിനാലാമൻ മാർപാപ്പ നടത്തുന്ന സുപ്രധാന നിയമനമാണിത്. വത്തിക്കാനിലെ സുപ്രധാന വിഭാഗമാണ് മെത്രാന്മാർക്കു വേണ്ടിയുള്ള കാര്യാലയം. ലോകമെങ്ങുമുള്ള രൂപതകളിൽ മെത്രാന്മാരെ നിയമിക്കുന്നതിനുള്ള ചുമതല ഈ കാര്യാലയത്തിനാണ്. ലെയോ പതിനാലാമൻ എന്ന പേരു സ്വീകരിച്ച് സാർവത്രിക സഭയുടെ 267-ാമത് മാർപാപ്പയായി കഴിഞ്ഞ മെയിൽ തെരഞ്ഞെടുക്കപ്പെടുന്നതിനു മുമ്പ് വരെ ഈ കാര്യാലയത്തിന്റെ അദ്ധ്യക്ഷനായി പ്രവർത്തിച്ചിരുന്നത് കർദ്ദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രൊവോസ്റ്റാണ്.

ഇറ്റലിയിലെ നേപ്പിൾസ് സ്വദേശിയായ ആർച്ച്ബിഷപ് ഫിലിപ്പോ യന്നോനെ കർമ്മലീത്താ നന്യാസ (ഒ.കാം) സഭാംഗമാണ്. ഇറ്റലിയിലെ ലാസിയോ രൂപതയുടെ ബിഷപ്പായിരുന്ന ഇദ്ദേഹം വിവിധ വത്തിക്കാൻ ഓഫീസുകളിൽ ഉപദേശകനായും പ്രവർത്തിച്ചിട്ടുണ്ട്.


### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Chicago*



### *Favors Received*



*Inserted by: Firm Believer, Atlanta*


## മാതാ അമൃതാനന്ദമയിയുടെ പിറന്നാൾ ആഘോഷിച്ചു



അമൃതപുരി: കടലും കായലും അതിരിടുന്ന ഇടവഴികളിലൂടെ ഒരു കൊച്ചു ഗ്രാമത്തിലേക്കു പല ദേശങ്ങൾ വന്നുനിറയുന്ന അദ്ഭുതക്കാഴ്ച. അവിടെ, എല്ലാവരെയും എന്റെ പൊന്നുമക്കളേ എന്നു വിളിക്കുന്ന, സ്നേഹത്തോടെ ചേർത്തുനിർത്തുന്ന മാതാ അമൃതാനന്ദമയിയുടെ 72-ാം പിറന്നാൾ. കൊല്ലം വള്ളിക്കാവ് അമൃതപുരിയിലെ അമൃത വിശ്വവിദ്യാപീഠം ക്യാംപസിൽ പതിനായിരങ്ങൾ തിങ്ങിനിറഞ്ഞ സദസ്സിനെ സാക്ഷിയാക്കിയായിരുന്നു അമൃതവർഷം 72 എന്ന ആഘോഷം. ചടങ്ങ് കേന്ദ്ര ആരോഗ്യമന്ത്രിയും ബിജെപി ദേശീയ അദ്ധ്യക്ഷനുമായ ജെ.പി. നഡ്ഡ ഉദ്ഘാടനം ചെയ്തു. രാവിലെ ഒൻപതിനു വേദിയിലെത്തിയ മാതാ അമൃതാനന്ദമയിയെ ഗവർണർ രാജേന്ദ്ര ആർലേക്കർ ഹാരാർപ്പണം നടത്തി വരവേറ്റു. പുലർച്ചെ 72 മഹാഗണപതി ഹോമത്തോടെയായിരുന്നു തുടക്കം.

തുടർന്നു മാതാ അമൃതാനന്ദമയി മഠം വൈസ് ചെയർമാൻ സ്വാമി അമൃത സ്വരൂപാനന്ദപുരിയുടെ സത്സംഗം, സംഗീത സംവിധായകൻ ശരത്തിന്റെയും ഗായിക മഞ്ജരിയുടെയും ഭക്തിഗാന സുധ എന്നിവ ആഘോഷത്തിന് ഈണമായി. 'ഒരു ലോകം ഒരു ഹൃദയം' എന്ന സങ്കൽപത്തിൽ വിവിധ ഭാഗങ്ങളിൽനിന്നുള്ള ആദിവാസി ഗോത്രാംഗങ്ങൾ ലോകശാന്തി പ്രാർത്ഥനയും നടത്തി.

തുടർന്ന് സ്വാമി അമൃത സ്വരൂപാനന്ദപുരിയുടെ നേതൃത്വത്തിൽ പാദപൂജ സാഹിത്യകാരൻ പി. ആർ. നാഥന് അമൃതകീർത്തി പുരസ്കാരം (123456 രൂപ) ജെ.പി. നഡ്ഡ സമ്മാനിച്ചു. 72 പേർ ചേർന്നെഴുതിയ അമ്മക്കടൽ എന്ന പുസ്തകത്തിന്റെ പ്രകാശനവും നടത്തി.

# SEEKING BRIDEGROOM

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

*Pentecostal parents invite proposals for their daughter (29 yrs, 5'4") with a Masters of Engineering degree and working as a licensed professional engineer in New York City. She was born and brought up in the US. She attends a non-denominational Christian church in NYC and is very active in fitness and sports. We are seeking suitable alliances from similarly qualified professionals. If interested, please send recent photo and details to **mathew.eng12@gmail.com.**

*Pentecostal Girl in Dallas, TX, USA: MBA/Seeking Groom Pentecostal parents looking for suitable proposals for their daughter, 25 years old and 5ft 2in, MBA and working as manager for insurance agency. Seeking proposals from professional and qualified Pentecostal boys, preferably from USA. Contact: **469-233-4309** Please leave a message if your call is now answered.

*Malayalaee Christian business man settled in Kuwait, inviting proposal for their daughter. Born again Christian, 27 years old, 5'5" with fair complexion, born and

# SEEKING BRIDE

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email: **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to: **inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

## SEEKING BRIDEGROOM CONTD.....

raised in Kuwait. MBBS doctor with Master's Degree in Public Health from Boston, Massachusetts. Currently preparing for USMLE. Interested parties in US or Canada please contact us at **630-808–6165** or **rajanthomas125@gmail.com**

*Single marthomite girl (40yrs, 55kg 5.5ft) MSc. Big Data Analytics (UK) currently working in the UK, seeking Christian professional groom from USA/UK/CA/Euro. Interests to contact: **+91 9745678243, +44 7767957273**

Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5.1', did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US.
Please Contact: **516-554-5698 or 516-554-5681**

**Visit Our Website:
www.keralaexpress.com for Matrimonial**

# നിര്യാതരായി

## ജേക്കബ് ചാക്കോ

**തിരുവല്ല:** പെരിങ്ങോൾ തച്ചേടത്ത് രോഹിണി വിലാസത്തിൽ ജേക്കബ് ചാക്കോ (ബേബിക്കുട്ടി-77) ഹൂസ്റ്റണിൽ അന്തരിച്ചു. ഭാര്യ വാഴൂർ ഊളമ്മാക്കൽ അന്ന ജേക്കബ്. മക്കൾ: ജോബി ജേക്കബ്, ജസ്റ്റിൻ ജേക്കബ്. മരുമക്കൾ: സുജ ജേക്കബ്, സ്മിത പോൾ (എല്ലാവരും യുഎസ്).

**മേരികുളം:** വടക്കംമുറിയിൽ ഫിലോമിന ചാക്കോ (74) അന്തരിച്ചു.

**ചെങ്ങന്നൂർ:** പള്ളം കെഐസ്ഇബി അസി. എൻജിനീയറും അഖില കേരള ബാലജനസഖ്യം മുൻ സംസ്ഥാന സെക്രട്ടറിയുമായ തിങ്കളാമുറ്റം പള്ളിപ്പറമ്പിൽ പി. ശശാങ്കൻ (54) അന്തരിച്ചു.

**തക്കല:** മേരി മക്കൾ സമൂഹത്തിലെ സെ. ജോസഫ് പ്രോവിൻസ് അംഗമായ സിസ്റ്റർ മെലനി (88) അന്തരിച്ചു.

**മാന്താനം:** മണലിപറമ്പിൽ ആനിയമ്മ ജോസ് (81) അന്തരിച്ചു.

## ശോഭന ജോർജ്

**കോട്ടയം:** പൊന്നാട്ട് പി.കെ. ജോർജിന്റെ ഭാര്യ ശോഭന ജോർജ് (70) ഹൂസ്റ്റണിൽ അന്തരിച്ചു. മൈസൂരു പാലത്തുങ്കൽ കുടുംബാംഗമാണ്. മക്കൾ: അജിത്, വിജയ്. മരുമക്കൾ: ഷെറി, ലോറി (എല്ലാവരും യുഎസ്).

**പാമ്പാടി:** വെമ്പിലാമറ്റം മത്തായി ജോസഫിന്റെ ഭാര്യ മറിയാമ്മ (87) അന്തരിച്ചു.

**മണർകാട്:** കൈതക്കൽ മോനിച്ചൻ ജോസഫിന്റെ ഭാര്യ മോൻസി (ലളിതമ്മ-59) അന്തരിച്ചു.

**കൊച്ചി:** കാക്കനാട് ഡിഎൽഎഫ് ന്യൂ ടൗൺ ഹൈറ്റ്സിൽ കൊല്ലം ചിന്നക്കട ലയൺസ് ഡെൻ വീട്ടിൽ ജോസഫ് ഈശോ ഡാനിയേൽ (ടിറ്റോ-37) അന്തരിച്ചു.

## ശോശാമ്മ ജോസഫ്

**കൂരോപ്പട:** പുത്തൻപുരയ്ക്കൽ (കെട്ടിടത്തിൽ) പരേതനായ പി.വി. ജോസഫിന്റെ ഭാര്യ ശോശാമ്മ ജോസഫ് (94) അന്തരിച്ചു. മീനടം ആലക്കാപറമ്പിൽ കുടുംബാംഗമാണ്. മക്കൾ: വത്സമ്മ തോമസ്, സിസ്റ്റർ മേബിൾ ജോസ് (മായം), പി.ജെ. ജോർജുകുട്ടി (യുഎസ്), കുര്യൻ ജോസഫ്. മരുമക്കൾ: തോമസ് കളത്തുതറയിൽ ആറുമാനൂർ, ആൻസി മാമ്പറമ്പിൽ വെളിയനാട് (യുഎസ്), സിനി പുത്തൻപുരയ്ക്കൽ (മണിമല).

**പുലിക്കുന്ന്:** പുത്തൻപറമ്പിൽ ജോസഫൈൻ വർഗീസ് (95) അന്തരിച്ചു.


**കോലഞ്ചേരി:** കറുകപ്പിള്ളി പെരുങ്ങാട്ടുള്ളി ഇല്ലത്ത് നീലിദേവി അന്തർജനം (100) അന്തരിച്ചു.

**കൊച്ചി:** മാവേലിക്കര കറുത്തേടത്ത് മേരി ജോർജ് (87) അന്തരിച്ചു.

## ഏബ്രഹാം ഫിലിപ്പോസ്

**കീക്കൊഴൂർ:** പൊട്ടക്കുളത്ത് ഏബ്രഹാം ഫീലിപ്പോസ് (കുഞ്ഞുമോൻ-82) ഡാളസിൽ അന്തരിച്ചു. ഭാര്യ ഗ്രേസി ഫിലിപ്പോസ് (ഡാളസ്). മക്കൾ: ബീന, റീന, ഷേർലി, ഫ്രാങ്ക്ളിൻ. മരുമക്കൾ: ജോഷ്വാ, തോമസ്, വർഗീസ്, സിജി (എല്ലാവരും യുഎസ്).

## പി.വി. തോമസ്



**ഡാളസ്:** പുനലൂർ പള്ളിച്ചിറയിൽ വീട്ടിൽ പി.വി. തോമസ് (ബേബി-87) ഡാളസിൽ അന്തരിച്ചു. ഡാളസിലെ ആദ്യകാല കുടിയേറ്റ മലയാളിയും മാർത്തോമ്മാ ചർച്ച് ഓഫ് ഡാളസ് ഫാർമേഴ്സ് ബ്രാഞ്ച് ഇടവകയുടെ സ്ഥാപക അംഗവുമായിരുന്നു. ഭാര്യ പരേതയായ ഏലിയാമ്മ (കുഞ്ഞുഞ്ഞമ്മ) അയിരൂർ പീടികയിൽ കുടുംബാംഗമാണ്. മക്കൾ: എബി തോമസ്, ജിജി ജേക്കബ് (ഇരുവരും ഡാളസ്). മരുമകൾ: ബെറ്റി തോമസ്.

**ചാത്തന്നൂർ:** കെഎസ്ഇബി റിട്ട. അസി. എക്സിക്യൂട്ടീവ് എൻജിനീയർ താഴം മിഡിൽ വെട്ടിക്കാട്ട് വി.ഐ. ഫിലിപ്പ് (90) അന്തരിച്ചു.

## വി.വി. ജോസഫ്

**കോട്ടയം:** കളത്തിപ്പടി കെ.കെ. അപ്പാർട്ട്മെന്റ്സിൽ വേക്കൽ വി.വി. ജോസഫ് (89) അന്തരിച്ചു. ഭാര്യ അന്നമ്മ ജോസഫ്. മക്കൾ: ടെസി ടോണി (യുഎസ്), ആന്റണി ജോമോൻ ജോസഫ് (യുകെ). മരുമക്കൾ: ടോണി സെബാസ്റ്റ്യൻ (യുഎസ്), സിജി ആന്റണി (യുകെ).

**മണർകാട്:** ചാലക്കുഴി ലിനോ സി. കുര്യന്റെ (സി.എം. കുര്യൻ ആൻഡ് കമ്പനി) ഭാര്യ ബെറ്റി എലിസബത്ത് ലിനോ (51) അന്തരിച്ചു.

**തൊടുപുഴ:** ആരാധനാ മഠം കോതമംഗലം പ്രോവിൻസ് അംഗം സിസ്റ്റർ പംക്രേഷ്യസ് (സിസിലി-86) അന്തരിച്ചു.

**കാഞ്ഞിരപ്പള്ളി:** സിഎംസി അമല പ്രോവിൻസ് കാഞ്ഞിരപ്പള്ളി സെ. മേരീസ് മഠാംഗം സിസ്റ്റർ റോസാലിയ (ത്രേസ്യാമ്മ-92) അന്തരിച്ചു.

**മീനടം:** കക്കുഴിയിലായ ചക്കാലക്കുഴിയിൽ പരേതനായ ഉലഹന്നാൻ കുര്യാക്കോസിന്റെ ഭാര്യ അച്ചാമ്മ (കുട്ടിയമ്മ-86) അന്തരിച്ചു.

**വാകത്താനം:** പുളിക്കൽ കുര്യൻ ചാക്കോ (80) അന്തരിച്ചു.

## ആലീസ് റപ്പായി

**തൃശൂർ:** മിഷൻ ക്വാർട്ടേഴ്സ് ബഥേൽ ആശ്രമത്തിന് എതിർവശം എടക്കളത്തൂർ ആലീസ് (75) അന്തരിച്ചു. അതിരൂപതാ മാതൃസംഘം, തൃശൂർ വ്യാകുലമാതാ ബസിലിക്ക ഫൊറോന മുൻ പ്രസിഡന്റും അരണാട്ടുകര തരയിൽ കുടുംബാംഗവുമാണ്. ഭർത്താവ് ഇ.എൽ. റപ്പായി. മക്കൾ: ലീന ആന്റണി (കാലിഫോർണിയ), ഇ.ആർ. അജയ് ലാസർ, ഇ.ആർ. അജിത്. മരുമക്കൾ: കൊല്ലം ആര്യങ്കാവ് പുതുശേരി വീട്ടിൽ എ. ആന്റണി (കാലിഫോർണിയ), കണ്ടശാംകടവ് തോണത്ത് ജോമോൾ, തൃശൂർ ഊക്കൻ കുടുംബാംഗം പുഷ്പിത.

**വാകത്താനം:** കണ്ണൻചിറ കൈതയിൽ വാഴയ്ക്കൽ ഏലിയാമ്മ ചെറിയാൻ (കൊച്ചേലിയാമ്മ-84) അന്തരിച്ചു.

**കോട്ടയം:** കീഴുക്കുന്ന് കണ്ടംചിറ പരേതനായ കെ.ജെ. കുര്യന്റെ ഭാര്യ അമ്മിണി കുര്യൻ (95) അന്തരിച്ചു.

**കട്ടപ്പന:** റിട്ട. പോസ്റ്റൽ അസിസ്റ്റന്റ് വലിയകണ്ടം കൊച്ചുതോട്ടത്തിൽ കെ.എം. ജോസഫ് (82) അന്തരിച്ചു.

## കെ. പങ്കജാക്ഷിയമ്മ

**പത്തനാപുരം:** കടയ്ക്കാമൺ അമ്പാടിയിൽ കെ. പങ്കജാക്ഷിയമ്മ (87) അന്തരിച്ചു. ഭർത്താവ് എൻ. രാഘവൻപിള്ള (റിട്ട. വനംവകുപ്പ്). മക്കൾ: ആർ. രാജേശ്വരിയമ്മ, ആർ. രാജഗോപാൽ (ബഹ്റിൻ), ആർ. രാജലക്ഷ്മി, പി.ആർ. രാജഗോപാൽ (യുഎസ്), ആർ. രാജ്മോഹൻ, ആർ. രാജശ്രീ, പി.ആർ. രേണുകാദേവി. മരുമക്കൾ: കെ. രാജേന്ദ്രൻപിള്ള, ബിന്ദു രാജശേഖരൻ, അജിത്കുമാർ, ജെൻസി രാജഗോപാൽ (യുഎസ്), ബിന്ദു രാജ്മോഹൻ, കെ. സുഘോഷ് എസ്.ബിജു (ഇറാക്ക്).

**തീക്കോയി:** കവളംമാക്കൽ ത്രേസ്യാമ്മ മാത്യു (ഇത്താമ്മ-72) അന്തരിച്ചു.

**വണ്ണപ്പുറം:** എസ്എൻഎം ഹൈസ്കൂൾ അധ്യാപിക പുത്തൻപുരയിൽ സി. ധന്യാമോൾ (46) അന്തരിച്ചു.

**തിരുവല്ല:** തിരുമൂലപുരം ബഥനി മഠാംഗം സിസ്റ്റർ ഡെൽഫീന (85) അന്തരിച്ചു. വിവിധ മഠങ്ങളിൽ സുപ്പീരിയറായും തിരുമൂലപുരം, കളത്തിപ്പടി ജനറലേറ്റ്, വിവിധ സ്കൂളുകളിലെ പ്രധാനാദ്ധ്യാപിക എന്നീ നിലകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

**വെച്ചൂച്ചിറ:** എക്സ് സർവീസ് മെൻസ് കോളനി ബ്ലോക്ക് നമ്പർ 89-ൽ വർക്കലമുക്ക് വി.ജി. ശ്രീകുമാർ (84) അന്തരിച്ചു.

**മല്ലപ്പള്ളി:** സെൻട്രൽ ഇന്റലിജൻസ് റിട്ട. ഫീൽഡ് ഓഫീസർ മടുക്കോലി നെടുമ്പള്ളിൽ എസ്. തോമസ് (മോനച്ചൻ-72) അന്തരിച്ചു

**പെരുവ:** മൂട്ടപ്പിള്ളിൽ ബാലു മാത്യു (73) അന്തരിച്ചു.

## കെ.ജെ. അലക്സാണ്ടർ

**തിരുവനന്തപുരം:** കോട്ടയം മന്ദിരം ആശുപത്രി, തിരുവനന്തപുരം മോഡേൺ മെഡിക്കൽ സെന്റർ റിട്ട. ഫിസിയോ തെറാപ്പിസ്റ്റ് പയ്യപ്പാടി കൊങ്ങളത്ത് കെ.ജെ. അലക്സാണ്ടർ (രാജു-70) അന്തരിച്ചു. ഭാര്യ വാകത്താനം പുത്തൻപുരക്കൽ സൂസമ്മ അലക്സാണ്ടർ. മക്കൾ: ജോൺ കൊങ്ങളത്ത് (യുഎസ്), ഡോ. അലക്സ് ഈപ്പൻ (ഓസ്ട്രേലിയ), ഡോ. കെ.എ. അലക്സാണ്ടർ (തിരുവനന്തപുരം). മരുമക്കൾ: സുബിൻ വർഗീസ് കല്ലിശേരി, പ്രിയ പീറ്റർ (ചെന്നൈ), ഡോ. ലിനി ബേസിൽ (തിരുവനന്തപുരം).

## ഒ.പി. തോമസ്



**ഒക്കലഹോമ:** പുതുപ്പള്ളി ഓതറ കുടുംബാംഗം ഒ.പി. തോമസ് (ജോസ്-72) ഒക്കലഹോമയിൽ അന്തരിച്ചു. ഭാര്യ ആലീസ് പയ്യപ്പാടി പുത്തൻപറമ്പിൽ കുടുംബാംഗമാണ്. മക്കൾ: ജയ്സൺ, ജെയ്മി. മരുമകൻ: ഗാവിൻ (എല്ലാവരും യുഎസ്).

**മാവേലിക്കര:** ബിഷപ് മൂർ കോളജ് കെമിസ്ട്രി വിഭാഗം മുൻ മേധാവി റെയിൽവേ സ്റ്റേഷനു സമീപം നടുവിലേടത്ത് പ്രഫ. സാം മോഹൻ ജോൺ (81) അന്തരിച്ചു.

## പി.സി. തോമസ്

**പാമ്പാടി:** കടവുംഭാഗത്തായ പുതുക്കുളത്ത് എയർഫോഴ്സ് റിട്ട. ഉദ്യോഗസ്ഥൻ പി.സി. തോമസ് (കുഞ്ഞുതോമാച്ചൻ-81) അന്തരിച്ചു. ഭാര്യ മണർകാട് കീച്ചാൽ മൈലക്കാട്ട് ലിസമ്മ തോമസ്. മക്കൾ: പ്രദീഷ് തോമസ്, ദീപ തോമസ്. മരുമക്കൾ: സുസ്മിത തോമസ് അയിരൂക്കുഴിയിൽ പുനലൂർ, ബിജോയി ഏബ്രഹാം കുറിയന്നൂർ മീനടം (എല്ലാവരും യുഎസ്).

**വാഴക്കുളം:** സിഎംഐ സഭാംഗം ഛാന്ദാ മിഷനിലെ വൈദികൻ ഫാ. പന്തേനൂസ് പൂക്കാട്ട് (88) അന്തരിച്ചു.

**മല്ലപ്പള്ളി:** ചെങ്ങരൂർ വട്ടശേരിൽ പൊയ്കുടിയിൽ മറിയാമ്മ ഫിലിപ്പ് (തങ്കമ്മ-94) അന്തരിച്ചു.

**തിരുവല്ല:** മന്നാടത്ത് സൂസൻ ജേക്കബ് (75) അന്തരിച്ചു.

**കോതമംഗലം:** കുടയത്തൂർ ഗവ. ഹൈസ്കൂൾ റിട്ട. അദ്ധ്യാപകൻ കരിങ്ങഴ ചിറ്റാട്ടിൽ സി.വി. വർഗീസ് (അപ്പച്ചൻ-80) അന്തരിച്ചു.

## പി.ഐ. ചാക്കോ

**കോട്ടയം:** തോട്ടയ്ക്കാട് ഗവ. ഹൈസ്കൂൾ റിട്ട. പ്രധാനാദ്ധ്യാപകൻ തോട്ടക്കാട് പുളിമൂട്ടിൽ പി.ഐ ചാക്കോ (100) അന്തരിച്ചു. ഭാര്യ അയിരൂർ മന്നാകുഴിയിൽ പരേതയായ എം.ജെ. മറിയാമ്മ (റിട്ട. പ്രധാനാദ്ധ്യാപിക). മക്കൾ: ഡെയ്സി റിട്ട. ഓഡിറ്റ് ഓഫീസർ), റിട്ട. കേണൽ ഏബ്രഹാം ജേക്കബ്, ബെറ്റ്സി (യുഎസ്), സോമി, ജോണി, സൂസി (യുഎസ്). മരുമക്കൾ: എൻ.വി. വർഗീസ് നാരേകാട്ട് (പിറവം), നീന ചക്കോലിൽ (തിരുവനന്തപുരം), ജോയി പുത്തൻബംഗ്ലാവിൽ കുമ്പനാട് (യുഎസ്), പരേതനായ ബാബു പുന്നമണ്ണിൽ (കുന്നന്താനം), ലിസി പെഴുവേലിൽ (പായിപ്പാട്), ജിജി ചെറുപാലത്തിങ്കൽ വെണ്ണിക്കുളം (യുഎസ്).

**രാമപുരം:** മുപ്പാത്തിയിൽ പരേതനായ എം.ജെ. കുര്യന്റെ ഭാര്യ ത്രേസ്യാമ്മ (94) അന്തരിച്ചു.

**മണ്ണാർക്കാട്:** കോൺഗ്രസ് നേതാവും മുൻ കെപിസിസി സെക്രട്ടറിയുമായ പനയാരംപിള്ളിൽ പി.ജെ. പൗലോസ് (80) അന്തരിച്ചു.

## മേരി മാത്യു

**പുതുപ്പള്ളി:** താഴത്ത്കരോട്ട് കൊച്ചുപാറേട്ട് മാളികയിൽ മേരി മാത്യു (മോളി-101) അന്തരിച്ചു. താഴത്തങ്ങാടി അക്കരമാളികയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ മാത്യു ജോർജ്. മക്കൾ: അച്ചാമ്മ ജോർജ്, ഐവി ബെഞ്ചമിൻ, ലാലു പാലമറ്റം, അനിത വർഗീസ് (നാലുപേരും യുഎസ്), പരേതരായ ജോർജ് മാത്യു പാറേട്ട്, ഏബ്രഹാം പി. മാത്യു, വത്സല അനൂപ്. മരുമക്കൾ: മേരിക്കുട്ടി തേരക്കൽതാഴത്ത് വൈക്കം, ഷീല ഏബ്രഹാം പുളിക്കപറമ്പിൽ, ബെഞ്ചമിൻ ചാക്കോ മറ്റത്തിൽ വടക്കേതിൽ, ഡോ. ജോർജ് പാലമറ്റം, ജോർജ് വർഗീസ് നാക്കോലായ്ക്കൽ (മൂവരും യുഎസ്), പരേതരായ ഡോ. ടി.വി. ജോർജ് തോണിപ്പുരക്കൽ പുതുപ്പള്ളി, ഡോ. അനൂപ് ചെറിയാൻ പള്ളത്ത് വീട്ടിൽ കോട്ടയം.

**തേവലക്കര:** വേളിക്കര കിഴക്കിടത്ത് തങ്കമ്മ അലക്സാണ്ടർ (82) അന്തരിച്ചു.

**പാലാ:** മുണ്ടുപാലം കണ്ണമ്പുഴയിൽ ത്രേസ്യാമ്മ സേവ്യർ (തെയ്യാമ്മ-78) അന്തരിച്ചു.

**മേലുകാവുമറ്റം:** വട്ടക്കാനായിൽ ഇട്ടിയവിര ആൻഡ്രൂസ് (കൊച്ച്-96) അന്തരിച്ചു.

**തേവര:** റിട്ട. നേവി ഉദ്യോഗസ്ഥൻ വല്ലിശേരി വി.സി. സേവ്യർകുട്ടി (75) അന്തരിച്ചു.

**കരിമണ്ണൂർ:** കോതമംഗലം രൂപത വൈദികൻ ഫാ. ഫ്രാൻസിസ് അത്തിക്കൽ (81) അന്തരിച്ചു.

**കട്ടപ്പന:** നരിയമ്പാറ തുണ്ടത്തിൽ റോയ് മാത്യു (ഫ്രാൻസിസ്-54) അന്തരിച്ചു.

## ഡോ. പി.കെ. ജോസഫ്

**ഇളങ്ങുളം:** നരിതൂക്കിൽ ഡോ. പി.കെ. ജോസഫ്(93) യുഎസിൽ അന്തരിച്ചു. ഭാര്യ അർലീൻ. മക്കൾ: ലീസാ, കുര്യൻ, ലെസ്ലി. മരുമക്കൾ: സ്റ്റീവ്, മിഷേൽ, റോബർട്ട്.

## ജിം തോമസ്



**ഡാളസ്:** നരിയാപുരം വാക്കേലേത് മെറിലാൻഡിൽ പരേതനായ വി.സി. തോമസിന്റെയും അമ്മിണിയുടെയും മകൻ ജിം തോമസ് (54) ഡാളസിൽ അന്തരിച്ചു. ഭാര്യ ഇലന്തൂർ തോബിൽ ജൂലി തോമസ്. മക്കൾ: ജോഹാന തോമസ്, ജനീന തോമസ്, ജസ്റ്റീന തോമസ്.

**മീനടം:** പുല്ലിക്കോട്ടായ തെക്കേടത്ത് ടി.യു. ചാക്കോയുടെയും മോളിയുടെയും മകൻ ടി.സി. ബിജു (ജോസ്-47) അന്തരിച്ചു.

**മാലം:** മൈലക്കാട്ടായ തെക്കേൽ പരേതനായ ടി.കെ. കുര്യാക്കോസിന്റെ മകൻ ബോബൻ കുര്യാക്കോസ് (49) അന്തരിച്ചു.

## കെ.വി. മാത്യു

**പെരുമ്പാവൂർ:** വെങ്ങോല ഗ്രീൻലാൻഡ് ഹിൽടോപ് വില്ല കന്നിട്ടയിൽ കെ.വി. മാത്യു (75) അന്തരിച്ചു. ഭാര്യ തിരുവല്ല കോവൂർ തെക്കേക്കര മേരി. മക്കൾ: നിഷ എലിസബത്ത്, ആശ റേയ്ച്ചൽ (യുഎസ്). മരുമക്കൾ: കുര്യൻ മാത്യു, വിനു ഗീവർഗീസ് തോമസ് തോപ്പിൽ (യുഎസ്).

**പള്ളം:** കരിമ്പുകാലായിൽ പരേതനായ കെ.എം. വർഗീസിന്റെ ഭാര്യ ഏലിയാമ്മ വർഗീസ് (73) അന്തരിച്ചു.

**മാവേലിക്കര:** കല്ലിമേൽ മലയിൽ കോട്ടേജിൽ അന്നമ്മ മാത്യു (ലില്ലിക്കുട്ടി-89) അന്തരിച്ചു.

**പാമ്പാടി-വെള്ളൂർ:** ബാലഗോകുലം സംസ്ഥാന പൊതു കാര്യദർശി കെ.എൻ. സജികുമാറിന്റെ അച്ഛൻ ജില്ലാ കോടതി റിട്ട. ഉദ്യോഗസ്ഥൻ കുഴിപ്പിള്ളിൽ കെ.എസ്. നാരായണൻ നായർ (90) അന്തരിച്ചു

**കൊച്ചി:** വടുതല ചെറുവത്തൂർ വീട്ടിൽ വിബിൻ സി. വിൽസന്റെയും പ്രീതയുടെയും മകൻ നെബു സി. വിബിൻ (16) അന്തരിച്ചു.

**ചെമ്പ്:** കടുങ്ങോത്ത് പീടികപറമ്പിൽ ഏലിയാമ്മ കുര്യാക്കോസ് (85) അന്തരിച്ചു.

# CAREGIVER WANTED IN CHICAGO SUBURB

ചിക്കാഗോയുടെ സബർബായ നോർത്ത് ലെയ്ക്കിൽ താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ വന്നും പോയും (7 days, 5 hours daily) പ്രായമുള്ള ഒരു അമ്മച്ചിയെ നോക്കുവാൻ ആളെ ആവശ്യമുണ്ട്.

**താല്പര്യമുള്ളവർ ബന്ധപ്പെടുക:**

**847-648-3300**

# LIVE-IN CAREGIVER OPPORTUNITY (ELMHURST, IL)

We are seeking a dependable and compassionate live-in caregiver to support our elderly parents in their home. They are moderately independent and require some assistance with daily living activities, along with light housekeeping duties and meal preparation.

The position includes a private bedroom and meals. Ideal candidates will be respectful, patient, and attentive to the needs of older adults.

Details of compensation can be discussed during the interview process.

**For inquiries or to express interest, please contact**

**Gisha Abraham at (847)477-1202 or gmabraham2628@gmail.com**

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: SARA, DALLAS*

ഉപകാരസ്മരണ



വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

Inserted by: SARA, DALLAS

Visit Our Website: www.keralaexpress.com for Classified Advt.

# DOMESTIC HELP NEED IN MICHIGAN

Family of 4 with 2 kids aged 9 and 5 seeking domestic help who can cook healthy Kerala food and help with light house cleaning. Lives in Michigan. Salary negotiable.

**Please contact**

**Jinu Mathew at 810-412-8554**

**for further details.**

# DOLLAR-GROCERY STORE FOR SALE

Dollar Store Grocery Store for sale in the Chicago West side area. Biggest 5000 Sq.Ft. store, $50,000.00 gross Sale a month. You can earn extra income on Gaming Machines. Very profitable business. Rent $ 3,200 a month. We don't sell tobacco and lottery. Too much improvement in business. Asking price $ 95,000.00 plus inventory or best offer. Interested people or serious buyers only.

**Call: 773-443-1733**

# CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call : 845 480 4721 or email drmathai123@gmail.com**

ഉപകാരസ്മരണ



വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

Inserted by: SARA, DALLAS

ഉപകാരസ്മരണ



വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

Inserted by: SARA, DALLAS




# മതിയായ ധാരണ ഉണ്ടായിരുന്നു: ശ്വേത മേനോൻ



ലാലേട്ടൻ പ്രസിഡണ്ട് സ്ഥാനത്തേക്കില്ല എന്നു വ്യക്തമാക്കിയതോടെയാണ് ആ ഉത്തരവാദിത്തം ഞാൻ ഏറ്റെടുത്തത്. കാരണം ഞാൻ അദ്ദേഹത്തിനു കീഴിലുള്ള വൈസ് പ്രസിഡണ്ടുമാരിൽ ഒരാളായിരുന്നു. സംഘടനയെയും അതിന്റെ കാര്യങ്ങളെയും കുറിച്ച് മതിയായ അനുഭവവും ധാരണയും ഉണ്ടായിരുന്നു. വനിതാ അംഗങ്ങളോടും അവരുടെ പ്രശ്നങ്ങളോടും സംഘടന നിസംഗത പുലർത്തുന്നു എന്ന ധാരണ ഇല്ലാതാക്കാൻ ശ്രമിക്കും. പല കാരണങ്ങളാൽ അമ്മയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ സ്ക്രീനിംഗിന് വിധേയയാകാൻ പോകുന്ന വനിതാ പ്രസിഡണ്ടായിരിക്കും ഞാൻ. തെരഞ്ഞെടുപ്പു സമയത്ത് എനിക്കെതിരെ രജിസ്റ്റർ ചെയ്ത കേസിൽ അദ്ഭുതം തോന്നി.

മത്സരിക്കുമ്പോൾ എല്ലാത്തരം തടസങ്ങളും ഞാൻ പ്രതീക്ഷിച്ചിരുന്നെങ്കിലും, പ്രശസ്ത നടന്മാർക്കും സംവിധായകർക്കും ഒപ്പം ചില ക്ലാസിക് സിനിമകളിൽ അഭിനയിച്ചതിനും അതിനിടയിൽ സംസ്ഥാന അംഗീകാരം നേടിയതിനും എനിക്കെതിരെ ഫയൽ ചെയ്ത വിചിത്രമായ കേസ് പൂർണമായും അമ്പരപ്പിക്കുന്നതും പരിഹാസ്യവുമായിരുന്നു.

# ഒടിയന്റെ കഥ പറയുന്ന ഒടിയങ്കം

ശ്രീ മഹാലക്ഷ്മി എന്റർപ്രൈസസിന്റെ ബാനറിൽ പ്രവീൺകുമാർ മുതലിയാർ നിർമിച്ച് സുനിൽ സുബ്രഹ്മണ്യൻ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന പുതിയ ചിത്രമാണ് ഒടിയങ്കം. ശ്രീജിത്ത് പണിക്കർ, നിഷാ റിധി, അഞ്ജയ് അനിൽ, ഗോപിനാഥ് രാമൻ, സോജ, വന്ദന, വിനയ, പീശപ്പിള്ളി രാജീവൻ, ശ്രീമൂലനഗരം പൊന്നൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി എത്തുന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ട്രെയിലർ റിലീസായി. ചിത്രത്തിന്റെ ഛായാഗ്രഹണം അഭിജിത്ത് അഭിലാഷ് നിർവഹിക്കുന്നു. ചരിത്രത്താളുകളിൽ എഴുതപ്പെട്ട ആദ്യ ഒടിയന്റെ പിറവിയെ ആസ്പദമാക്കിയാണ് ഒടിയങ്കത്തിന്റെ കഥ തുടങ്ങുന്നത്.

വിവേക് മുഴക്കുന്ന്, ജയകുമാർ കെ. പവിത്രൻ, ജയൻ പാലക്കൽ എന്നിവരുടേതാണു വരികൾ.




സംഗീതം-റിജോഷ്, എഡിറ്റിംഗ്-ജിതിൻ ഡി.കെ, സംഘട്ടനം-അഷ്റഫ് ഗുരുക്കൾ, പ്രൊഡക്ഷൻ കൺട്രോളർ-ഷാജി കോഴിക്കോട്, പ്രൊഡക്ഷൻ ഡിസൈനർ-ഷെയ്ഖ് അഫ്സൽ, ആർട്ട്-ഷൈൻ ചന്ദ്രൻ, മേക്കപ്പ്-ജിജു കൊടുങ്ങല്ലൂർ, വസ്ത്രാലങ്കാരം-സുകേഷ് താനൂർ, ചീഫ് അസോസിയേറ്റ് ഡയറക്ടർ-രവി വാസുദേവ്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്-ഗിരീഷ് കരുവന്തല, ഡിസൈൻ-ബ്ലാക്ക് ഹോൾ, സ്റ്റിൽസ്-ബിജു ഗുരുവായൂർ, പ്രമോഷൻ കൺസൾട്ടന്റ്-മനു കെ. തങ്കച്ചൻ.

# 'അവൾ' പ്രദർശനത്തിനൊരുങ്ങി




ദേശീയ അവാർഡ് ജേതാവായ സുരഭിലക്ഷ്മിയെ കേന്ദ്രകഥാപാത്രമാക്കി ജയരാജ് സംവിധാനംചെയ്ത അവൾ പ്രദർശനത്തിനൊരുങ്ങി.

നിരഞ്ജന അനൂപ്, സബിത ജയരാജ്, നിതിൻ രഞ്ജി പണിക്കർ, ഷൈനി സാറ, മനോജ് ഗോവിന്ദൻ, ഷിബു നായർ തുടങ്ങിയവരാണ് സിനിമയിലെ മറ്റു താരങ്ങൾ.

ഗോൾഡൻ വിങ്സ് മീഡിയ പ്രൊഡക്ഷൻസിന്റെ ബാനറിൽ ഡോക്ടർ മനോജ് ഗോവിന്ദൻ, ഷിബു നായർ, ജയരാജ് എന്നിവർ ചേർന്ന് നിർമിച്ച ചിത്രത്തിന്റെ ഛായാഗ്രഹണം സച്ചു സജിയാണ്.

എഡിറ്റിങ്-ശ്രീജിത്ത് സി.ആർ, ഗാനരചന-മുഹാദ് വെമ്പായം, സംഗീതം-കണ്ണൻ സി.ജെ, കലാസംവിധാനം-ജി. ലക്ഷ്മണൻ, മേക്കപ്പ്-ലിബിൻ മോഹൻ, വസ്ത്രാലങ്കാരം-ഫെമിന ജബ്ബാർ.

# ഗോകുലം മൂവീസ് ചിത്രം 'പെറ്റ് ഡിറ്റക്ടീവ്'

ഷറഫുദീൻ പ്രൊഡക്ഷൻസിന്റെ ബാനറിൽ ഷറഫുദ്ദീൻ നിർമിക്കുന്ന ചിത്രം 'പെറ്റ് ഡിറ്റക്ടീവ്' റിലീസിന് ഒരുങ്ങുകയാണ്. ഇപ്പോഴിതാ ചിത്രത്തിന്റെ തീം സോംഗ് പുറത്ത് വന്നിരിക്കുകയാണ്. ലാ... ലാ... ലാ... എന്ന വരികളോടെ തുടങ്ങുന്ന ഗാനം അതീവ രസകരമായാണ് ഒരുക്കിയിരിക്കുന്നത്. അദ്രീ ജോ വരികൾ രചിച്ച ഈ ഗാനം ആലപിച്ചത് സുരൂർ മുസ്തഫയാണ്. സംഗീത സംവിധായകനായ രാജേഷ് മുരുകേശനും ഗാനത്തിന് ശബ്ദം നൽകിയിട്ടുണ്ട്. ഒരു പക്കാ ഫൺ ഫാമിലി എന്റർടെയ്നർ ആയാണ് ചിത്രം ഒരുക്കിയിരിക്കുന്നത് എന്ന സൂചനയാണ് ഈ ഗാനവും ഇതുവരെ പുറത്തുവന്ന ചിത്രത്തിലെ ഓരോ പ്രമോ കണ്ടന്റുകളും സൂചിപ്പിക്കുന്നത്. ചിത്രം പ്രേക്ഷകരിലേക്ക് എത്തിക്കുന്നത് ശ്രീ ഗോകുലം മൂവീസാണ്. ഷറഫുദ്ദീൻ, അനുപമ പരമേശ്വരൻ എന്നി



വർ പ്രധാന വേഷങ്ങൾ ചെയ്യുന്ന ചിത്രം സംവിധാനംചെയ്തത് പ്രനീഷ് വിജയനാണ്. സംവിധായകൻ പ്രനീഷ് വിജയനും ജയ്‌വിഷ്ണുവും ചേർന്നാണ് ചിത്രം രചിച്ചത്. ഗോകുലം മൂവീസിനു വേണ്ടി ചിത്രത്തിന്റെ തിയറ്റർ ഡിസ്ട്രിബൂഷൻ നടത്തുന്നത് ഡ്രീം ബിഗ് ഫിലിംസ്.

കാമറ-ആനന്ദ് സി. ചന്ദ്രൻ, എഡിറ്റർ-അഭിനവ് സുന്ദർ നായക്, കോപ്രൊഡ്യൂസേഴ്സ്-ബൈജു ഗോപാലൻ, വി.സി. പ്രവീൺ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-കൃഷ്ണമൂർത്തി, പ്രൊഡക്ഷൻ ഡിസൈനർ-ദീനോ ശങ്കർ, ഓഡിയോഗ്രാഫി-വിഷ്ണു ഗോവിന്ദ്, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-ജയ് വിഷ്ണു, കോസ്റ്റ്യൂം ഡിസൈനർ-ഗായത്രി കിഷോർ, മേക്കപ്പ്-റോണക്സ് സേവ്യർ, ചീഫ് അസോസിയേറ്റ് ഡയറക്ടർ-രാജേഷ് അടൂർ, പ്രൊഡക്ഷൻ കൺട്രോളർ-പ്രണവ് മോഹൻ, പോസ്റ്റ് പ്രൊഡക്ഷൻ ഹെഡ്-വിജയ് സുരേഷ്, ലൈൻ പ്രൊഡ്യൂസർ-ജിജോ കെ. ജോയ്, സംഘട്ടനം-മഹേഷ് മാത്യു, വരികൾ- അധ്രി ജോയ്, ശബരീഷ് വർമ, വിഎഫ്എക്സ്-3 ഡോർസ്, കളറിസ്റ്റ്-ശ്രീക് വാര്യർ, ഡിഐ-കളർ പ്ലാനറ്റ്, ഫിനാൻസ് കൺട്രോളർ-ബിബിൻ സേവ്യർ, സ്റ്റിൽസ്-റിഷാജ് മുഹമ്മദ്, അജിത് മേനോൻ, പ്രോമോ സ്റ്റിൽസ്-രോഹിത് കെ. സുരേഷ്, പബ്ലിസിറ്റി ഡിസൈൻ-എയിസ്തെറ്റിക് കുഞ്ഞമ്മ, ടൈറ്റിൽ ഡിസൈൻ-ട്യൂണി ജോൺ.

# 'മഹിയാണ് നായകൻ' പൂജ നടത്തി

പുതുമുഖങ്ങളായ ലാൽ ഹരി, വിനു ഭായ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി സുനിൽ ലക്ഷ്മൺ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന മഹിയാണ് നായകൻ എന്ന ചിത്രത്തി



ന്റെ പൂജാ കർമം തൃപ്പൂണിത്തുറ ലായം കൂത്തമ്പലത്തിൽ നടത്തി.

പ്രശസ്ത നടൻ ജയൻ ചേർത്തല ഭദ്രദീപം കൊളുത്തി ചടങ്ങിന് തുടക്കം കുറിച്ചു. ജയൻ ചേർത്തല, ടോണി, മൻരാജ്, നാരായണൻ കുട്ടി, ഉല്ലാസ് പന്തളം, ഉണ്ണി നായർ, കോട്ടയം പുരുഷു, രാജാ സാഹിബ്, സീമ ജി. നായർ, ലതാ ദാസ് തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.

എസ്എംപി പ്രൊഡക്ഷൻസിന്റെ ബാനറിൽ എസ്.എസ്. പവൻ നിർമിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം പ്രസാദ് ആറുമുഖൻ നിർവഹിക്കുന്നു. ശ്രേയം ബൈജുവിന്റെ വരികൾക്ക് സുനിൽ ലക്ഷ്മണൻ സംഗീതം പകരുന്നു. കല-റോണി രാജൻ, മേക്കപ്പ്-സുധീഷ് നാരായണൻ, വസ്ത്രാലങ്കാരം-അസീസ് പാലക്കാട്, സ്റ്റിൽസ്-അനിൽ, എഡിറ്റർ-അഭിലാഷ് വിശ്വനാഥ്, പ്രൊഡക്ഷൻ കൺട്രോളർ-രാജേഷ് തങ്കപ്പൻ.




# പുത്തൻ സിനിമകൾ, സോഷ്യൽ മീഡിയ.... ജിത്തു ജോസഫ് സംസാരിക്കുന്നു



ആസിഫ് അലിയും അപർണ ബാലമുരളിയും പ്രധാന വേഷങ്ങളിലെത്തുന്ന ജിത്തു ജോസഫ് ത്രില്ലർ 'മിറാഷ്' തിയറ്ററുകളിൽ. ഇത് ഇമോഷണൽ ത്രില്ലർ അല്ലെന്നും ഇവന്റ് ഫുൾ ത്രില്ലറാണെന്നും സംവിധായകൻ പറയുന്നു. 'ഇതിൽ ഇമോഷനുകളെക്കാളും മുകളിൽ നിൽക്കുന്നത് കുറച്ചു സംഭവവികാസങ്ങളാണ്. ഇതിലെ ഇമോഷനുകൾ വേറൊരു രീതിയിലാവും ആളുകൾക്കു ഫീൽ ചെയ്യുക. അവിടെയാണ് ഇതിന്റെ വ്യത്യസ്തത. പക്ഷേ, സാധാരണ ത്രില്ലറുകളിലെ ചില സമാനതകൾ ഇതിലുമുണ്ടാവാം' ജിത്തു ജോസഫ് പറഞ്ഞു.




ഇതു ഹിന്ദിയിൽ സിനിമയാക്കുന്നതിന് അഞ്ചു വർഷം മുമ്പു വന്ന സ്ക്രിപ്റ്റാണ്. അതിൽ സ്ത്രീകേന്ദ്രീകൃതം എന്നു പറയാവുന്ന കഥാപാത്രമുള്ളതിനാൽ അവിടെ പല നായകന്മാർക്കും ചെറിയ താത്പര്യക്കുറവുണ്ടായി. നാലഞ്ചു വർഷം ശ്രമിച്ചിട്ടും നടക്കാതെ വന്നപ്പോൾ ഞാൻ ആസിഫിനോടു ചോദിച്ചു. തന്റേത് അത്യാവശ്യം പെർഫോം ചെയ്യാനുള്ള വേഷമാണെങ്കിൽ ഓകെ എന്ന് ആസിഫ്. അപർണ ആർ. താരാക്കടിന്റെ കഥയ്ക്ക് ശ്രീനിവാസ് അബ്രോളിന്റെ ഹിന്ദി തിരക്കഥ. പിന്നീടു ഞങ്ങൾ ഒന്നിച്ചിരുന്നു തിരക്കഥയിൽ വർക്ക് ചെയ്ത് മലയാളത്തിലേക്കു മാറ്റി.

അപർണ അവതരിപ്പിക്കുന്ന അഭിരാമി എന്ന പെൺകുട്ടിയുടെ ജീവിതത്തിലേക്കു വരുന്ന ഒരു പ്രശ്നം. അതിന്റെ ഉത്തരം തേടിയുള്ള അഭിരാമിയുടെ യാത്രയിൽ ഒപ്പം, അവളുടെ ഒരു സഹപ്രവർത്തകനുമുണ്ട്. ഓൺലൈൻ ഇൻവെസ്റ്റിഗേറ്റീവ് റിപ്പോർട്ടറായ ആസിഫിന്റെ കഥാപാത്രം അശ്വിനും ഇടയ്ക്ക് അവർക്കൊപ്പം ചേരുന്നു. ആ പ്രശ്നത്തിന്റെ കാരണവും പരിഹാരവും തേടിയുള്ള അവരുടെ യാത്രയാണു സിനിമ. ഓരോ പ്രശ്നത്തിന്റെയും അടുത്തേക്കു ചെല്ലുമ്പോൾ ഇവർ ഉദ്ദേശിച്ചതും കാണുന്നതുമല്ല യഥാർത്ഥ സംഭവം! നിരന്തരം മാറിക്കൊണ്ടിരിക്കുകയാണു യാഥാർത്ഥ്യം. അതാണ് മിറാഷ് എന്നു പേരിട്ടത്.

നമ്മളോട് എല്ലാ രീതിയിലും സഹകരിക്കുന്ന, നല്ല രീതിയിൽ പ്രഫഷണലിസം കാണിക്കുന്ന ഒരു നടൻ. തന്റെ കഥാപാത്രം നെഗറ്റീവാണോ പോസിറ്റീവാണോ അതിനു സ്ക്രീൻ സ്പേസ് കുറവാണോ എന്നുള്ള ചിന്തകളില്ലാതെ, അതിൽ തനിക്ക് എന്താണു ചെയ്യാനുള്ളത് എന്നുമാത്രമാണു നോക്കുക. അതുകൊണ്ടാണ് ആസിഫിനെ ഡെയറിംഗ് ആക്ടറെന്നു ഞാൻ പറയുന്നത്. എന്തും ചെയ്യും. അതാണ് അദ്ദേഹത്തിന്റെ ഏറ്റവും വലിയ ക്വാളിറ്റി. അതാണ് എനിക്ക് ആസിഫിലുള്ള ഇഷ്ടവും താത്പര്യവും. ഓരോ സിനിമ ചെയ്യുമ്പോഴും ഒരു നടൻ പ്രത്യേകമായി പരിശ്രമിച്ചാൽ സ്വാഭാവികമായും അയാളിലെ നടനപാടവം മിനുക്കിയെടുക്കാം. കൂമനിൽനിന്ന് മിറാഷിലെത്തുമ്പോൾ ആ ഒരു വളർച്ച ആസിഫിൽ കാണുന്നുണ്ട്.

കുറച്ചു തന്റേടമുള്ള, കരുത്താർന്ന കഥാപാത്ര സ്വഭാവമാണ് അഭിരാമിയുടേത്. അത്തരത്തിൽ കഴിവുള്ള ഒരഭിനേത്രിക്കാവും ആ വേഷം അനായാസം വിജയകരമായി പൂർത്തിയാക്കാനാവുക. അതുകൊണ്ടാണ് അപർണയെ കാസ്റ്റ് ചെയ്തത്. അപർണയാണ് കഥയുടെ കേന്ദ്രം. അപർണയിലൂടെയാണു കഥ പോകുന്നത്. ഹന്ന റെജി കോശി, തമിഴ് നടൻ സമ്പത്ത്, ഹക്കീം ഷാ, ബിഗ് ബോസ് ഫെയിം അർജുൻ തുടങ്ങിയവരും പ്രധാന വേഷങ്ങളിലുണ്ട്.

ഇതിൽ അത്തരം അതിസങ്കീർണ സ്വഭാവവിശേഷങ്ങളുള്ള കഥാപാത്രങ്ങളില്ല. പച്ചയായ കുറേ മനുഷ്യർ, അവരുടെ ജീവിതത്തിലുണ്ടാകുന്ന ചില പ്രശ്നങ്ങൾ. അത് അവർ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതേയുള്ളൂ. എല്ലാവർക്കും വളരെ സിംപിളായി മനസിലാകുന്ന ഒരു സിനിമ തന്നെയാണ്. ജീവിതത്തിൽ ഒരേതരം പ്രശ്നങ്ങൾ വരുമ്പോൾ ചിലർ അതിനെ ബോൾഡായി കൈകാര്യം ചെയ്യും. ചിലർ പേടിച്ചു മാറിനിൽക്കും. ഇതിൽ



അപർണയുടെ കഥാപാത്രം കുറച്ചു ബോൾഡായിത്തന്നെ അതു കൈകാര്യം ചെയ്യുന്നുണ്ട്.

തീർച്ചയായും, നല്ല ഒരു സ്ക്രിപ്റ്റുണ്ടെങ്കിൽ സിനിമയുടെ 70 ശതമാനം ജോലി കഴിഞ്ഞുവെന്നു പറയാം. സാധാരണ സിനിമാ ഷൂട്ടിംഗിലുള്ള വെല്ലുവിളികൾ മാത്രമേ ഈ സിനിമയിലുമുള്ളൂ. കുടുംബവുമായി തിയറ്ററിലെത്തി രണ്ടര മണിക്കൂർ രസിക്കാനാകുന്ന രീതിയിലാണു മേക്കിംഗ്.

സ്വന്തം സ്ക്രിപ്റ്റിനും മറ്റുള്ളവരുടെ സ്ക്രിപ്റ്റിനും അതിന്റേതായ ഗുണവും ദോഷവുമുണ്ട്. തനിയെ സ്ക്രിപ്റ്റ് എഴുതിയാൽ പിന്നീട് അതു ഷൂട്ട് ചെയ്യാനും മറ്റും എളുപ്പമാണ്. വേറൊരാളിന്റെ സ്ക്രിപ്റ്റ് എടുക്കുമ്പോൾ അതു മനസിലേക്കു ഫീഡ് ചെയ്തു കയറ്റി, അതു നമ്മുടേതായ രീതിയിലേക്കു കൊണ്ടുവരണം. പിന്നെയുമതു ഫീഡ് ചെയ്യണം... അങ്ങനെയൊക്കെയുള്ള പണികളുണ്ട്.

ദൃശ്യം 3-യുടെ തിരക്കഥ പൂർത്തിയായി. ഉടൻതന്നെ ഷൂട്ടിംഗ് തുടങ്ങും. തമിഴിൽ പാപനാശവും ദൃശ്യം 2-ന്റെ തെലുങ്കും ഞാനാണു സംവിധാനം ചെയ്തത്. പക്ഷേ, ദൃശ്യം 3 മറ്റു ഭാഷകളിൽ അവിടത്തെ സംവിധായകരാവും ചെയ്യുക.

ദൃശ്യം കഴിഞ്ഞപ്പോൾ രണ്ടാം ഭാഗം ഉണ്ടാകുമെന്നു പ്രതീക്ഷിച്ചിരുന്നില്ല. ദൃശ്യം 2 കഴിഞ്ഞപ്പോൾ മൂന്നാം ഭാഗം ഉണ്ടാകുമെന്നു പ്രതീക്ഷിച്ചില്ല. ചിലപ്പോൾ 3-ൽ തന്നെ തീരുമായിരിക്കാം. എന്തെങ്കിലുമൊക്കെ കഥ വന്നാൽ തുടരുമായിരിക്കാം. പല ഘടകങ്ങൾ പരിഗണിച്ചാണ് അതിൽ തീരുമാനമുണ്ടാവുക.

'വലതു വശത്തെ കള്ളൻ' സിനിമയിൽ പോസ്റ്റ് പ്രൊഡക്ഷൻ തുടരുന്നു. ബിജു മേനോനും ജോജു ജോർജുമാണ് പ്രധാനവേഷങ്ങളിൽ. ഡിനു തോമസ് ഈലന്റേതാണു തിരക്കഥ.

നേരിന്റെ തിരക്കഥാകൃത്ത് ശാന്തി മായാദേവിയുടെ തിരക്കഥയിലാണ് ഫഹദ് ഫാസിൽ പ്രധാന വേഷത്തിലുള്ള സിനിമ ഞാൻ സംവിധാനം ചെയ്യുന്നത്. 2026 ആദ്യം ചിത്രീകരണം തുടങ്ങും.

കഥ കേൾക്കുമ്പോൾ അതിൽ രസകരമായതും താത്പര്യമുണർത്തുന്നതും എന്താണോ അതുവെച്ച് സിനിമ ചെയ്യും. അത്രേയുള്ളൂ. ഒരു കഥയുടെ ത്രഡ് കേട്ടപ്പോൾ രസം തോന്നി, ഒരു ഹ്യൂമർ സിനിമ ചെയ്യാൻ നോക്കി. അതാണു നുണക്കുഴി. ആദ്യം ഞാൻ സബ്ജക്ടാണു നോക്കുക. പുതിയ ആക്ടേഴ്സിനു പറ്റിയ സബ്ജക്ട് വരുമ്പോൾ അതേപ്പറ്റി ചിന്തിക്കും.

മമ്മൂട്ടിയെ നായകനാക്കി ഞാൻ സിനിമ ചെയ്യാൻ പോകുന്നു എന്നൊക്കെ ഈയിടെയും വാർത്ത വന്നു. അതിനൊക്കെ ഞാൻ എന്തു മറുപടി പറയാനാണ്.

ഡിറ്റക്ടീവ്, മെമ്മറീസ് എന്നിവയ്ക്ക് പാർട്ട് 2 ഞാൻ ചിന്തിച്ചിട്ടുമില്ല. ഇന്ന ആക്ടർ, ഇന്ന ജോണർ എന്നു പറഞ്ഞ് ഞാൻ സിനിമ ചെയ്യാറില്ല. എനിക്കു കഥയാണു മെയിൻ. നല്ലൊരു കഥ വന്നാൽ അതു സെലക്ട് ചെയ്യും. എഴുതിക്കഴിയുമ്പോൾ അതിനു പറ്റിയ അഭിനേതാക്കൾ ആരെന്നു കണ്ടെത്തും. ഏതു ജോണറിലുള്ള കഥയെന്നു നോക്കി അതിൽ സിനിമ ചെയ്യും. അതാണ് എന്റെ രീതി.

# 'പൊങ്കാല' ചിത്രം പൂർത്തിയായി

ശ്രീനാഥ് ഭാസിയെ ആക്ഷൻ ഹീറോ ആയി അവതരിപ്പിക്കുന്ന പൊങ്കാല എ.ബി. ബിനിൽ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്നു. ഗ്ലോബൽ പിക്ചേഴ്സ് എന്റർടെയ്ൻമെന്റിന്റെ ബാനറിൽ ദീപു ബോസ്, അനിൽ പിള്ള എന്നിവരാണ് ചിത്രം നിർമിക്കുന്നത്. ഡോണ തോമസാണ് കോ-പ്രൊഡ്യൂസർ.

കടലോരജീവിതം റിയലിസ്റ്റിക് ആയി അവതരിപ്പിക്കുന്നതാണ് കഥ. അരഡസനോളം മികച്ച ആക്ഷൻ സീക്വൻസുകളുണ്ടാകും. ബാബുരാജ്, യാമി സോന, അലൻസിയർ, സുധീർ കരമന, കിച്ചു ടെല്ലസ്, സൂര്യ കൃഷ്, മാർട്ടിൻ മുരുകൻ സമ്പത്ത് റാം, ഇന്ദ്രജിത് ജഗജിത്, സ്മിനു സിജോ, രേണു സുന്ദർ, ജീമോൻ ജോർജ്, ശാന്തകുമാരി എന്നിവരും പ്രധാന വേഷങ്ങളിലെത്തുന്നു.

രഞ്ജിൻ രാജിന്റേതാണ് സംഗീതം. ജാക്സൺ ജോൺസൺ ഛായാഗ്രഹണവും കപിൽ കൃഷ്ണ എഡിറ്റിംഗും നിർവഹിക്കുന്നു. കുമാർ എടക്കര-കലാസംവിധാനം, അഖിൽ ടി രാജ്-മേക്ക് അപ്, രാജശേഖരൻ, മാഫിയാ ശശി, പ്രഭു ജാക്കി-സംഘട്ടനം എന്നിവരും സിനിമയുടെ അണിയറയിൽ പ്രവർത്തിക്കുന്നു.

വൈപ്പിൻ, ചെറായി എന്നിവിടങ്ങളിലായി ചിത്രീകരണം പൂർത്തിയായി.



## തദ്ദേശ തെരഞ്ഞെടുപ്പിലും വോട്ട് ചെയ്യാനാകാതെ പ്രവാസി വോട്ടർമാർ

മലപ്പുറം: പ്രവാസികൾക്ക് വോട്ടവകാശം നൽകുന്ന നിയമഭേദഗതി നടപ്പിലായി 14 വർഷമായിട്ടും മഹാഭൂരിപക്ഷത്തിനും അവകാശം വിനിയോഗിക്കാനാകുന്നില്ല. ജോലി ചെയ്യുന്ന രാജ്യത്തിരുന്ന് വോട്ടു ചെയ്യാൻ അവസരം നൽകുന്നതിനുള്ള തീരുമാനം നീണ്ടുപോകുന്നതാണ് കാരണം. വിദേശത്തുള്ള 30 ലക്ഷത്തിലേറെ മലയാളികളിൽ തദ്ദേശ തെരഞ്ഞെടുപ്പിന്റെ അന്തിമ വോട്ടർപ്പട്ടികയിലുള്ളത് 2087 പേർ മാത്രം. പകരക്കാർ വോട്ടു ചെയ്യുന്ന പ്രോക്സി വോട്ട് പ്രവാസികൾക്കായി നടപ്പാക്കുമെന്നു കേന്ദ്രസർക്കാർ സുപ്രീം കോടതിയിൽ ഉറപ്പു നൽകിയിട്ട് മൂന്ന് വർഷം കഴിഞ്ഞെങ്കിലും തുടർ നടപടിയൊന്നുമായില്ല. ഇ-തപാൽ വോട്ടിന് അവസരം നൽകണമെന്നു കേന്ദ്രത്തിന് തെരഞ്ഞെടുപ്പ് കമ്മീഷൻ ശിപാർശ നൽകിയത് അഞ്ച് വർഷം മുൻപാണ്. എന്നാൽ അക്കാര്യത്തിലും തീരുമാനമായിട്ടില്ല. പ്രവാസികൾക്ക് ജോലി ചെയ്യുന്ന സ്ഥലത്തിരുന്ന് പാസ്പോർട്ട് രേഖയായി സമർപ്പിച്ച് പട്ടികയിൽ പേരു ചേർക്കാൻ അവകാശമുണ്ടെങ്കിലും വോട്ടു ചെയ്യണമെങ്കിൽ നാട്ടിലെത്തണം. ഇ-ബാലറ്റ് സൗകര്യം നൽകണമെന്ന ശിപാർശയിൽ കോടതി ഇടപെടൽ തേടി മലയാളി വ്യവസായി ഡോ. ഷംസീർ വയലിൽ ഉൾപ്പെടെയുള്ളവർ സുപ്രീംകോടതിയെ സമീപിച്ചിരുന്നു. ഹർജികൾ പരിഗണിക്കവേയാണ്, ജോലി ചെയ്യുന്ന രാജ്യത്തിരുന്ന് വോട്ട് ചെയ്യാനുള്ള സൗകര്യം നൽകുന്നതിനുള്ള നടപടി പുരോഗമിക്കുകയാണെന്ന് കേന്ദ്രം അറിയിച്ചത്.

# സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷാ മാർഗരേഖ: നിലപാട് കടുപ്പിച്ച് ഹൈക്കോടതി

കൊച്ചി: സർക്കാരിന്റെ വിവിധ വകുപ്പുകൾ സംയുക്തമായി ഉന്നതതല യോഗം ചേർന്ന് രൂപീകരിച്ച സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷാ മാർഗരേഖ രണ്ടാഴ്ചക്കുള്ളിൽ നടപ്പിലാക്കണമെന്ന് ഹൈക്കോടതി.

സുൽത്താൻ ബത്തേരി സ്കൂളിൽ പത്ത് വയസ് പ്രായമുള്ള വിദ്യാർത്ഥിനി 2019-ൽ പാമ്പ് കടിയേറ്റ് മരിച്ച സാഹചര്യത്തിൽ അഡ്വ. കുളത്തൂർ ജയ്സിങ് ഫയൽ ചെയ്ത പൊതുതാല്പര്യ ഹർജിയും സ്വമേധയാ കോടതി എടുത്ത കേസും തീർപ്പാക്കി ഹൈക്കോടതി വിധി പുറപ്പെടുവിക്കുകയായിരുന്നു. ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ, ജസ്റ്റിസ് ശോഭ അന്നമ്മ ഈപ്പൻ എന്നിവരാണ് വിധി പറഞ്ഞത്.

പാമ്പകടിയിൽനിന്ന് വിദ്യാർത്ഥികളെ സംരക്ഷിക്കുവാനും മറ്റും ഉചിത മാർഗരേഖ വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് തയാറാക്കണമെന്നും പൊതു താത്പര്യ ഹർജിയുടെയും അമിക്കസ്ക്യൂറിയുടെയും നിർദേശങ്ങൾ ഉന്നതതല യോഗം പരിഗണിക്കണമെന്നും ഹൈക്കോടതി സർക്കാരിന് നിർദേശം നൽകിയിരുന്നു.

കോടതി നിർദേശം പാലിച്ചുകൊണ്ട് സുരക്ഷാ മാർഗരേഖയുടെ കരട് ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസ് ഹൈക്കോടതിയിൽ ഹാജരാക്കി.

മാർഗരേഖ രണ്ടാഴ്ചയ്ക്കുള്ളിൽ സർക്കാർ നടപ്പാക്കണമെന്നും സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷാ മാർഗരേഖ ഉൾക്കൊള്ളുന്ന സർക്കുലർ സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും ഉത്തരവിലുണ്ട്.

പാമ്പ്കടിയേറ്റാൽ അടിയന്തരമായി നൽകേണ്ട ആന്റിവെനത്തിന്റെ ലഭ്യത ഉറപ്പാക്കണം. സുരക്ഷാ മാർഗരേഖ നടപ്പിലാക്കാനുള്ള ഉത്തരവാദിത്വം സ്കൂൾ അതോറിറ്റിയെ മാത്രം ഏൽപ്പിക്കരുത്. വിവിധ വകുപ്പുകൾ ഒരുമിച്ച് പ്രവർത്തിക്കണം. മാർഗരേഖയിൽ വേണമെങ്കിൽ പരിഷ്കാരങ്ങൾ നടപ്പിലാക്കാം. ഇതിൽ ലീഗൽ സർവീസ് അതോറിറ്റിയുടെയും നിർദേശങ്ങളും ഉൾപ്പെടുത്തണം. ആന്റിവെനം വാക്സിന്റെ ഏജൻസികളുമായി ചേർന്ന് മരുന്നിന്റെ ഗുണനിലവാരം ഉറപ്പാക്കണമെന്നും കോടതി നിർദേശിച്ചു.

പൊതുജനാരോഗ്യ നിയമത്തിൽ ഉൾപ്പെടുന്ന അംഗീകൃത അസുഖ വിവര പട്ടികയിൽ പാമ്പുകടി മരണങ്ങളും രോഗമായി ഉൾപ്പെടുത്തുവാനുള്ള നിർദേശങ്ങൾ രണ്ടു മാസത്തിനകം സംസ്ഥാന സർക്കാർ നടപ്പാക്കണം. പാമ്പ് കടിയുമായി ബന്ധപ്പെട്ട് നഷ്ട പരിഹാരം ഉറപ്പാക്കാൻ ഹർജിക്കാരന് ഉത്തരവാദിത്വപ്പെട്ട സ്ഥാപനത്തെ സമീപിക്കാമെന്നും ഹൈക്കോടതി അഭിപ്രായപ്പെട്ടു.

വിദ്യാർത്ഥികൾക്ക് അത്യാഹിതം ഉണ്ടായാൽ സ്കൂൾ, ആശുപത്രി, വനം, തദ്ദേശ സ്ഥാപന വകുപ്പുകൾ ഏകോപിച്ച് അടിയന്തര പ്രവർത്തനങ്ങൾ നടത്തണമെന്ന നിർദേശവും സർക്കാർ മാർഗരേഖയിലുണ്ട്.

കേസിൽ കോടതിയെ സഹായിക്കാൻ അഡ്വ. ജി. ബിജുവിനെ അമിക്കസ്ക്യൂറിയായി നിയോഗിച്ചിരുന്നു. അമിക്കസ്ക്യൂറി റിപ്പോർട്ട് പരിഗണിച്ചാണു ഹൈക്കോടതി നടപടി.

ആന്റിവെനം പോലുള്ള മരുന്നുകളും അടിയന്തര ചികിത്സയ്ക്ക് പീഡിയാട്രിക് വെന്റിലേറ്റർ അടക്കമുള്ള സൗകര്യങ്ങൾ പല സർക്കാർ ആശുപത്രികളിലും ഇല്ലെന്നതിന്റെ തെളിവുകൾ അഡ്വ. കുളത്തൂർ ജയ്സിങ് കോടതിയിൽ ഹാജരാക്കിയിരുന്നു.

ഇതുസംബന്ധിച്ച് സർക്കാർ വാദം പരിശോധിക്കാൻ ഹൈക്കോടതി വയനാട് ജില്ലാ ജഡ്ജിയെ ജുഡീഷ്യൽ അന്വേഷണ കമ്മീഷനായി ചുമതലപ്പെടുത്തിയിരുന്നു.

## വൻ പ്രക്ഷോഭം

(ഒന്നാം പേജിൽ നിന്നും)

ക്യാംപയിൻ ഒരു സ്ഥാപനത്തിനും എതിരല്ലെന്നും 70 വർഷത്തിലധികമായി ജനങ്ങൾക്ക് നിഷേധിക്കപ്പെട്ട മൗലികാവകാശങ്ങൾക്ക് വേണ്ടിയാണെന്നും എഎസി നേതാവ് ഷൗക്കത്ത് നവാസ് മിർ പറഞ്ഞു.

ഒന്നുകിൽ അവകാശങ്ങൾ നൽകണമെന്നും അല്ലെങ്കിൽ ജനങ്ങളുടെ രോഷം നേരിടണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അധികമായി സുരക്ഷാസേനയെ വിന്യസിച്ചാണ് സർക്കാർ പ്രക്ഷോഭത്തെ നേരിട്ടത്. പ്രധാന പാതകളിൽ ചിലത് അടച്ചു. സ്ഥാപനങ്ങളിൽ നിരീക്ഷണം ഏർപ്പെടുത്തി. പ്രാദേശിക സുരക്ഷാ സേനയ്ക്ക് പിന്തുണ നൽകാൻ ഇസ്ലാമാബാദിൽനിന്ന് 1,000 പോലീസ് ഉദ്യോഗസ്ഥരെകൂടി അയച്ചിട്ടുണ്ട്.

## സ്വർണപീഠം കണ്ടെത്തി

(3-ാം പേജിൽനിന്നും)

കോവിഡ് നിയന്ത്രണങ്ങളുള്ള സമയമായതിനാൽ ഒരു കൂട്ടം ഭക്തരെയേൽപ്പിച്ച് സന്നിധാനത്ത് എത്തിക്കുകയായിരുന്നു. പീഠം ഘടിപ്പിക്കുന്ന വേളയിൽ അളവിൽ വ്യത്യാസമുണ്ടെന്ന് ദേവസ്വം ബോർഡ് അധികൃതർ ഇദ്ദേഹത്തെ അറിയിച്ചു. പിന്നീട് എന്ത് സംഭവിച്ചുവെന്നും ആർക്കും അറിയില്ല. ഇതിനിടെയാണ് സ്വർണപാളികൾ അനുമതിയുമില്ലാതെ ചെന്നൈയിൽ കൊണ്ടുപോയ സംഭവം ഹൈക്കോടതിയിൽ എത്തുന്നത്. ഇതിനിടെ പീഠം കാണാനില്ലെന്ന വെളിപ്പെടുത്തലും ഉണ്ണികൃഷ്ണൻ പോറ്റി നടത്തി.

വാസുദേവൻ എന്ന ജോലിക്കാരന്റെ വീട്ടിലാണ് പീഠം ആദ്യം സൂക്ഷിച്ചിരുന്നത്. 2021- മുതൽ ഇയാളുടെ വീട്ടിലെ സ്വീകരണ മുറിയിൽ പീഠം ഉണ്ടായിരുന്നു എന്നാണ് ദേവസ്വം വിജിലൻസ് കണ്ടെത്തിയിരിക്കുന്നത്. വിഷയത്തിൽ കോടതി ഇടപെട്ടതോടെ ഉണ്ണികൃഷ്ണൻ പോറ്റിയെ തിരികെ ഏൽപ്പിക്കുകയായിരുന്നു. കഴിഞ്ഞ 13-നാണ് സഹോദരിയുടെ വീട്ടിലേക്ക് പീഠം മാറ്റിയത്.

ഉണ്ണികൃഷ്ണൻ പോറ്റിയുടെ പരാതിയിലും ആരോപണത്തിലും ദുരൂഹതയുണ്ടെന്നാണു വിജിലൻസ് വൃത്തങ്ങൾ പറയുന്നത്. അതിനിടെ, ശബരിമലയിലെ സ്വർണപീഠ വിവാദത്തിനു പിന്നിൽ ഗൂഢാലോചനയുണ്ടെന്ന് സംശയമുള്ളതായി ദേവസ്വം ബോർഡ് പ്രസിഡണ്ട് പി.എസ്. പ്രശാന്ത്. സ്പോൺസർ ഉണ്ണിക്കൃഷ്ണൻ പോറ്റി തന്നെ മോഷ്ടാവാക്കി. അദ്ദേഹം പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് കോൺഗ്രസും ബിജെപിയും തനിക്കെതിരെയും ദേവസ്വം ബോർഡിനെതിരെയും അപവാദപ്രചരണം നടത്തിയത്.

## ഐപിസിഎൻഎയുടെ ന്യൂജേഴ്സി സമ്മേളനത്തിന് ആശംസാമലരുകൾ

(22-ാം പേജിൽനിന്നും)

രാജു പള്ളത്ത് (പ്രസിഡണ്ട് ഇലക്ട്- 2026-27), അനിൽകുമാർ ആറന്മുള (നാഷണൽ വൈസ് പ്രസിഡണ്ട്), ആഷാ മാത്യു (ജോ. സെക്രട്ടറി), റോയി മുളകുന്നം (ജോ. ട്രഷറർ) എന്നിവരടങ്ങിയതാണ് പുതിയ ഭരണസമിതി.

സാജൻ & മിനി സാജൻ-സാജ് ഗ്രൂപ്പ് ഹോട്ടൽസ് ആൻഡ് റിസോർട്സ് (പ്ലാറ്റിനം മെയിൻ സ്പോൺസർ), ബിലിവേഴ്സ് ചർച്ച് മെഡിക്കൽ കോളജ് ഹോസ്പിറ്റൽ (ഹെൽത്ത് കെയർ പാർട്ണർ), ബിജു കിഴക്കേക്കുറ്റ് (ഗോൾഡ് സ്പോൺസർ), വിൻസന്റ് ബാബുക്കുട്ടി (ഗോൾഡൻ പേട്രൺ-മെൽബ കോൺട്രാക്ടിങ് കമ്പനി), തോമസ് ജോർജ് മൊട്ടക്കൽ (ഗോൾഡ് സ്പോൺസർ-തോമർ കൺസ്ട്രക്ഷൻ ഗ്രൂപ്പ് ചെയർമാൻ, വേൾഡ് മലയാളി കൗൺസിൽ പ്രസിഡണ്ട്), നോഹ ജോർജ് (ഗോൾഡ് സ്പോൺസർ-ഗ്ലോബൽ കൊലീഷൻ & ബോഡി വർക്സ്), ഡോ. ബാബു സ്റ്റീഫൻ (ഗോൾഡ് സ്പോൺസർ-വേൾഡ് മലയാളി കൗൺസിൽ പ്രസിഡണ്ട്), സജിമോൻ ആന്റണി (ഗോൾഡ് സ്പോൺസർ ഫൊക്കാന പ്രസിഡണ്ട്), അനിൽകുമാർ ആറന്മുള (ഗോൾഡ് സ്പോൺസർ), ജോൺ പി. ജോൺ, കാനഡ (ഗോൾഡ് സ്പോൺസർ), ബേബി ഊരാളിൽ, വർക്കി ഏബ്രഹാം, ജോൺ ടൈറ്റസ്, ജോയ് നെടിയകാലായിൽ (എലൈറ്റ് സ്പോൺസേഴ്സ്), ബോബി എം. ജേക്കബ്-സിഎംഡി-അന്നാ കിറ്റക്സ് ഗ്രൂപ്പ്, സാറാസ്, ഗ്രേസ് സപ്ലൈ യുഎസ്എ ഐഎൻസി, (ഇവന്റ് പാർട്ണർ), ജോസഫ് എം. കുന്നേൽ Esq. & ജിമ്മി എം. കുന്നേൽ Esq. (സിൽവർ സ്പോൺസർ), ബേബി മണക്കുന്നേൽ, ഫോമാ പ്രസിഡണ്ട് (സിൽവർ സ്പോൺസർ), ഡോ. കൃഷ്ണ കിഷോർ (സിൽവർ പേട്രൺ), ജോസഫ് കാഞ്ഞമല (CPA, CGMA, FCA- (സിൽവർ പേട്രൺ), മധു കൊട്ടാരക്കര (സിൽവർ പേട്രൺ), മോൻസി വർഗീസ്-കേരള സമാജം യോങ്കേഴ്സ് പ്രസിഡണ്ട് (സിൽവർ സ്പോൺസർ), ജോയ് ആലുക്കാസ് (സിൽവർ സ്പോൺസർ), പി.ടി. തോമസ്-പി.ടി. തോമസ് Inc. (സിൽവർ സ്പോൺസർ), ജിബിറ്റ് കിഴക്കേക്കുറ്റ് (സിൽവർ സ്പോൺസർ), ജോസ് വറുഗീസ്-ജോസ് കോ ടൂർസ് ആൻഡ് ട്രാവൽ (സിൽവർ പേട്രൺ), ജേക്കബ് ഏബ്രഹാം, സജി ഹെഡ്ജ്- (സിൽവർ സ്പോൺസർ), തോമസ് കോശി, എസ്.എസ്. കമ്മോഡിറ്റീസ്- (സിൽവർ പേട്രൺ), ജെയിംസ് ജോർജ്-വെൽകെയർ ഫാർമസി- (സിൽവർ സ്പോൺസർ), ടോണി കിഴക്കേക്കുറ്റ് (സിൽവർ പേട്രൺ), റാണി തോമസ്-ബെറാഖ സ്റ്റഡി എബ്രോഡ്, മാനേജിങ് ഡയറക്ടർ എജ്യുക്കേഷൻ പാർട്ണർ, അജോമോൻ പൂത്തുറയിൽ (ബെനിഫാക്റ്റർ), കുരുവിള ജെയിംസ് (ബെനിഫാക്റ്റർ), ജെയ്ബു മാത്യു (ബെനിഫാക്റ്റർ), പോൾസൺ മാത്യു (ബെനിഫാക്റ്റർ), സിജോ വടക്കൻ-ട്രിനിറ്റി ടെക്സാസ് റിയൽറ്റി (ബെനിഫാക്റ്റർ), രാജൻ തോമസ്-സിനിമ പ്രൊഡ്യൂസർ & ആക്ടർ (ബെനിഫാക്റ്റർ), ഷിനു ജോസഫ് (ബെനിഫാക്റ്റർ), സുധ കർത്താ സിപിഎ-കർത്താ ഫിനാൻഷ്യൽ (ബെനിഫാക്റ്റർ), സണ്ണി കല്ലൂപ്പാറ-സീരിയൽ സിനി ആർട്ടിസ്റ്റ് (ബെനിഫാക്റ്റർ), ശിവ് പണിക്കർ (സിൽവർ സ്പോൺസർ), ജേക്കബ് ചൂരവടി, റോക്‌ലാൻഡ് (ബെനിഫാക്റ്റർ), ഡോ. മാത്യു വർഗീസ്, ഡിട്രോയിറ്റ്-ഫൊക്കാന ഫൗണ്ടേഷൻ ചെയർമാൻ (ബ്രോൺസ് സ്പോൺസർ), വിജി ഏബ്രഹാം-(ബ്രോൺസ് സ്പോൺസർ) എന്നിവരാണ് പരിപാടിയുടെ സ്പോൺസർമാർ.

മൂന്നുദിവസം നീണ്ടുനിൽക്കുന്ന ന്യൂജേഴ്സി സമ്മേളനത്തിൽ പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യമായിരിക്കും. നൃത്ത നൃത്യങ്ങളും സമ്മേളനത്തെ മനോഹരമാക്കും.

മാധ്യമരംഗത്തെ മാറ്റങ്ങളോട് തോളോടുതോൾ ചേർന്ന് നിന്ന് നല്ലതിനെ സ്വീകരിച്ചുകൊണ്ടും സമൂഹത്തിലെ ജീർണതകൾക്കെതിരെ പോരാടിയും സശ്രദ്ധം ജാഗ്രതയോടെ ചുവട് വെക്കുവാൻ ന്യൂജേഴ്സി സമ്മേളനം അരങ്ങൊരുക്കട്ടെ എന്നാശംസിക്കുന്നു.

## കരൂർ ദുരന്തം

(ഒന്നാം പേജിൽ നിന്നും)

മരിച്ചവരുടെ ബന്ധുക്കൾക്ക് രണ്ടു ലക്ഷം രൂപയും പരുക്കേറ്റവർക്ക് 50,000 രൂപയും പ്രധാനമന്ത്രി നരേന്ദ്ര മോദിയും പ്രഖ്യാപിച്ചു. മരിച്ചവരുടെ കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ 10 ലക്ഷം രൂപയും പരുക്കേറ്റവർക്ക് ഒരു ലക്ഷം രൂപയും നല്കും. തമിഴ്നാട് കോൺഗ്രസ് കമ്മിറ്റിയും ബിജെപിയും ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്.

അഞ്ചു വീതം ആൺകുട്ടികളും പെൺകുട്ടികളും 17 സ്ത്രീകളും 13 പുരുഷന്മാരുമാണ് ദുരന്തത്തിൽ മരിച്ചത്. തമിഴ്നാട് സർക്കാർ നിയോഗിച്ച ഏകാംഗ അന്വേഷണ കമ്മീഷൻ ജസ്റ്റിസ് അരുണ ജഗദീശൻ കരൂർ ആശുപത്രിയിലെത്തി ദുരിതബാധിതരുമായി സംസാരിച്ചു. തിക്കും തിരക്കുമുണ്ടായ സ്ഥലം അവർ പരിശോധിച്ചു. ഉദ്യോഗസ്ഥരോട് വിവരങ്ങൾ അന്വേഷിക്കുകയും ചെയ്തു.

ടിവികെ നേതാവ് വിജയ്യെ അറസ്റ്റ് ചെയ്യാനുള്ള സാധ്യതയെക്കുറിച്ചുള്ള ചോദ്യത്തിന്, ഏതു നടപടിയും അന്വേഷണസമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കുമെന്നും രാഷ്ട്രീയലക്ഷ്യത്തോടെയുള്ള പ്രതികരണത്തിനില്ലെന്നും മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ പറഞ്ഞു. ശരിയായ ക്രമീകരണങ്ങൾ ഉറപ്പാക്കി ദുരന്തം ഒഴിവാക്കാൻ കഴിയാത്തതിന് പോലീസിനെയും ഭരണകൂടത്തെയും പ്രതിപക്ഷ നേതാവ് ഇടപ്പാടി പളനിസാമി കുറ്റപ്പെടുത്തി. ജില്ലാ കളക്ടർക്കും പോലീസ് സൂപ്രണ്ടിനുമെതിരെ സർക്കാർ കർശന നടപടിയെടുക്കണമെന്നും സിബിഐ അന്വേഷണം വേണമെന്നും ബിജെപി നേതാവ് അണ്ണാമലൈ ആവശ്യപ്പെട്ടു. റാലി നടക്കുമ്പോൾ വൈദ്യുതി വിതരണം തടസപ്പെട്ടെന്ന ആരോപണം തമിഴ്നാട് ജനറേഷൻ ആൻഡ് ഡിസ്ട്രിബ്യൂഷൻ കോർപറേഷൻ ചീഫ് എഞ്ചിനീയർ സി. രാജലക്ഷ്മി നിഷേധിച്ചു.

കരൂരിലെ വേലുച്ചാമിപുരത്ത് 27-ന് രാത്രി ഏഴുമണിയോടെ വിജയ് പ്രസംഗിച്ചുകൊണ്ടിരിക്കേയാണ് ദുരന്തമുണ്ടായത്. റോഡിനോടു ചേർന്നുള്ള ചെറു മൈതാനത്ത് 15,000 പേർക്ക് ഇരിക്കാവുന്ന സ്ഥലത്ത് 50,000 പേർ തടിച്ചുകൂടിയിരുന്നു.

പ്രത്യേകം തയ്യാറാക്കിയ വാഹനത്തിൽ ആൾക്കൂട്ടത്തിനു നടുവിലേക്കെത്തിയ വിജയ് പ്രസംഗിച്ചുകൊണ്ടിരിക്കേയാണ് ദുരന്തമുണ്ടായത്. അവശരായ ആളുകൾക്ക് വിജയ്യുടെ വാഹനത്തിൽനിന്ന് വെള്ളക്കുപ്പികൾ എറിഞ്ഞു കൊടുത്തിരുന്നു. ഇതോടെ തിക്കുംതിരക്കും കൂടി.

പരുക്കേറ്റവരെയും തളർന്നുവീണവരെയും ആശുപത്രിയിലെത്തിക്കാൻ എത്തിയ ആംബുലൻസുകൾ ടിവികെ പ്രവർത്തകർ തടഞ്ഞതോടെ സംഘർഷമുണ്ടാകുകയും സ്ഥിതി വഷളാവുകയും ചെയ്തു. വീണവരുടെ ശരീരത്തിൽ ചവിട്ടി മറ്റുള്ളവർ പരക്കം പാഞ്ഞതോടെ ദുരന്തത്തിന്റെ വ്യാപ്തി കൂടി.

# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

**FEATURES:**
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

# K.O. JOSE & ASSOCIATES, INC.

*Certified Public Accountants*



K.O. JOSE, CPA

- Compilation
- Setup Small Business Corporations
- Personal & Business Income Taxes
- Free Electronic Filing
- Non-Profit Tax Exemption from IRS
- Install Accounting Packages
- Retirement and Estate Planning

Tel: 847-724-3020 • Cell: 847-833-6038

CPA℠
America Counts on CPAs

taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com



# Grace CONVENTION CENTER

Punnamoodu, Mavelikara




DESTINATION Wedding Package in KERALA

Rate : $ 25,000 /- (Dollars Only)


(This package Includes 500 pax - guest)

| SERVICES | EVENTS |
| --- | --- |
| PHOTOGRAPHY | WEDDING PLANNING, |
| STAGE DECORATION | ENGAGEMENT |
| CATERING SERVICE: (Kerala sadhya, Christian Meals, Dum Biriyani, North Indian Food) | FUNERAL SERVICE, |
| FUSION, TALLMAN SECURITY, | BETROTHAL, BAPTISM, |
| PREMIUM CARS, ENTERTAINMENT | BIRTHDAY PARTIES, |
| CHURCH CHOIR, ANCHORING | HOUSE WARMING |
| LED WALL, LIVE STREAMING | BUSINESS CONFERENCE |
| | GET TOGETHER Etc; |



TOLL FREE 1800-572-5667
FOLLOW US NOW
+91 9188751000
+91 9633949676,+91 8547805929
info@graceconventioncenter.com
www.graceconventioncenter.com
For Location And Feedback
Kindly scan the QR

GRACE CONVENTION CENTER
Celebrate your Dreams with Us




Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**